# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമനാട്ടുകര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/77/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/03/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
രാമനാട്ടുകര മുനിസിപ്പാലിറ്റി

സർ,

**വിഷയം : രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-15, 1-29 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോഴിക്കോട്
5. കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/77/2024 തീയ്യതി: 16/03/2024

## കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബാബുറിയാസുദ്ദീൻ എസ് | ജോയിന്റ് ഡയറക്ടർ | 22-01-2024 | 03-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 03-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.പ്രസീതകുമാരി.എം, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈനി.പി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി.ദിശ.ആർ.കെ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ.ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ

ശ്രീമതി.ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബുഷ്റ റഫീഖ് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീമതി ജസിത പി.ജെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ സുമംഗല ഇ.ടി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ പ്രിൻസി എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ സായൂജ് വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷൈന കെ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ ബാബു ഇ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 01-04-2022 | 28-11-2022 |
| ശ്രീ ശിവൻ പി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 29-11-2022 | 31-03-2023 |
| ശ്രീ ഹിരൺ പി | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ ഹിരാ എ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ അബ്ദുൾ ഖാദർ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു .ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് കുമാർ | പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സനിൽകുമാർ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സുനീർ വി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | മുൻവർഷ ട്രയൽ ബാലൻസ് നീക്കിയിരിപ്പും, 2022-23 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-2 |
| 4 | മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നീക്കിയിരിപ്പും, 2022 – 23 ട്രയൽബാലൻസ് മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | 2022-23 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-4 |
| 6 | ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-6 |
| 8 | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാക്കിയില്ല | 1-1-7 |
| 9 | വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-9 |
| 11 | തനത് ഫണ്ടിൽ വെണ്ടർ പേയ്മെന്റ് കണ്ടിജന്റ് എന്ന ഇനത്തിൽ തുക ക്രെഡിറ്റ് ചെയ്തു - വിശദാംശം ലഭ്യമല്ല. | 1-1-10 |
| 12 | തുക സ്വീകരിക്കുന്ന വ്യക്തികളുടെ അക്കൗണ്ടുകൾ നിലവിൽ ഇല്ലാത്തതിനാൽ തുക തിരികെ ക്രഡിറ്റായത് തനത് ഫണ്ടിൽ അവശേഷിക്കുന്നു. | 1-1-11 |
| 13 | മൂന്ന് മാസം കഴിഞ്ഞ ചെക്കുകൾ Stale Cheque Head ലേക്ക് മാറ്റിയില്ല | 1-1-12 |
| 14 | ധനകാര്യകമ്മീഷൻ ഗ്രാന്റ് നിക്കീയിരിപ്പ് വാർഷികകണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-13 |
| 15 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | രജിസ്റ്ററുകൾ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-15 |
| 17 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-1-16 |
| 18 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-1-17 |
| 19 | ഇലക്ഷൻ ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല | 1-1-18 |
| 20 | സ്ഥിര നിക്ഷേപം - രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും ഉള്ള തുകകൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-19 |
| 21 | പ്രൊവിഷൻ തുകയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാശ്യമായ രേഖകൾ ഹാജരാക്കിയില്ല | 1-1-20 |
| 22 | ഡിപ്രിസിയേഷൻ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-1-21 |
| 23 | സ്റ്റോക്കിന്റെ മൂല്യം കണക്കാക്കിയിട്ടില്ല. | 1-1-22 |
| 24 | ഇ-ടെണ്ടർ ഫീ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-23 |
| 25 | കണ്ടിജന്റ് സ്റ്റാഫിന് ഒരു മാസം രണ്ടു പ്രാവശ്യം തുക ക്രെഡിറ്റ് ചെയ്തു. വിശദാംശം ലഭ്യമല്ല. | 1-1-24 |
| 26 | B-9 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ ആധികാരികത വ്യക്തമല്ല. | 1-1-25 |
| 27 | ബഡ്ജറ്റ് | 1- 2 |
| 28 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം ) | 1-3 |
| 29 | ഗ്രാന്റ് വിനിയോഗം | 1-4 |
| 30 | പദ്ധതി അവലോകനം | 1-5 |
| 31 | ക്ഷേമ പദ്ധതികൾ | 1-6 |
| 32 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 33 | ആഭ്യന്തര നിയന്ത്രണം | 1-8 |

| | | |
|---|---|---|
| 34 | നഗരസഭയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ആളുകൾ ഉണ്ടായിട്ടും വികസനഫണ്ട് (ടി.എസ്.പി) ഇനത്തിൽ ഫണ്ട് ലഭിച്ചില്ല. | 1-9 |
| 35 | തൊഴിൽ നികുതി - അപാകതകൾ | 1-10 |
| 36 | FTE&OS ലൈസൻസ്-അപാകതകൾ | 1-11 |
| 37 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം - വാടക കുടിശ്ശിക ലഭ്യമായില്ല | 1- 12 |
| 38 | തനത് ഫണ്ട്-വരവ് ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് -സംബന്ധിച്ച് | 1-13 |
| 39 | വാടക വരവ് -തുടർനടപടികൾ സ്വീകരിച്ചില്ല | 1-14 |
| 40 | ടാക്സ് ഓഡിറ്റ് | 1-15 |
| 41 | ഒക്യുപ്പൻസിയ്ക്ക് ശേഷം കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മാണം നടത്തുന്നു. | 1-16 |
| 42 | ഓഡിറ്റ് റിക്വിസിഷൻ നൽകിയിട്ടും കെട്ടിട നിർമ്മാണ ഫയലുകൾ മുഴുവൻ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-17 |
| 43 | അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ കാലികമാക്കിയില്ല | 1-18 |
| 44 | വസ്തു നികുതി തെറ്റായി നിർണ്ണയിക്കുന്നു - നികുതിയിനത്തിൽ നഷ്ടം | 1-19 |
| 45 | കോലോത്തൊടിത്താഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് - കരാറുകാരന് അധികതുക നൽകി | 1- 20 |
| 46 | റിഫോർമേഷൻ ചാർജ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1- 21 |
| 47 | കരാർ വയ്ക്കാൻ കാലതാമസം - പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല | 1- 22 |
| 48 | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 1- 23 |
| 49 | ബോട്ടിൽ ബൂത്ത് - അംഗീകരിച്ച ടെണ്ടറിൽ കൂടുതൽ തുക നൽകി | 1- 24 |
| 50 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം - പത്ത് മാസത്തിലേറെ കഴിഞ്ഞിട്ടും വാഹനം വിതരണം ചെയ്തില്ല | 1-25 |
| 51 | സംഭാവനയായി ലഭിച്ച വാഹനങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല | 1- 26 |
| 52 | തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനത് ഫണ്ടിന് പകരം മറ്റ് സ്രോതസ്സുകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി | 1- 27 |
| 53 | ഇന്റലിജന്റ് മുനിസിപ്പാലിറ്റി - ജി.ഐ.എസ് മാപ്പിംഗ് സർവ്വേ - പദ്ധതി നഗരസഭക്ക് പ്രയോജനപ്പെട്ടില്ല. | 1-28 |
| 54 | എൻ. പി. എസ് വിഹിതം ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിൽ വരവു വന്നില്ല | 1- 29 |
| 55 | ന്യൂട്രിമിക്സ്  വിതരണം - സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തില്ല | 1-30 |
| 56 | ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം - അടവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1- 31 |
| 57 | വിദ്യാഭ്യാസ മേഖലയിൽ പ്രൊജക്റ്റുകൾ നടപ്പിലാവുന്നില്ല | 1- 32 |
| 58 | എം.സി.എഫ്. കെട്ടിടത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ/ ബെയിലിംഗ് മെഷീൻ - ഇൻസ്റ്റാൾ ചെയ്യാത്തതും മറ്റു അപാകതകളും | 1- 33 |
| 59 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1- 34 |
| 60 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല. | 1- 35 |
| 61 | കോക്ലിയാർ ഇംപ്ലാന്റേഷൻ - സാമൂഹ്യസുരക്ഷാ മിഷന് വിവരങ്ങൾ കൈമാറിയില്ല | 1-36 |
| 62 | ഉറവിടമാലിന്യ സംസ്കരണം - പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണം വ്യക്തതയില്ല | 1- 37 |
| 63 | വിവിധ റോഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - ചെയ്ത പ്രവൃത്തിയുടെ വിവരം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1- 38 |
| 64 | വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം - നിർവ്വഹണത്തിലെ അപാകതകൾ | 1- 39 |
| 65 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പ്രൊക്യുർമെന്റ് നടപടികളിൽ അവ്യക്തത | 1-40 |
| 66 | കുടിവെള്ള കണക്ഷൻ - സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകി | 1-41 |
| 67 | വീട് വാസയോഗ്യമാക്കൽ - അർഹതപ്പെട്ട ധനസഹായം നൽകുന്നില്ല | 1- 42 |
| 68 | പഠനമുറി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി | 1-43 |

| | | |
|---|---|---|
| 69 | ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1- 44 |
| 70 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണം ശരിയായ രീതിയിൽ രേഖപ്പെടുത്താത്തതും മറ്റ് അപാകതകളും | 1- 45 |
| 71 | സമഗ്രവിദ്യാഭ്യാസ പരിപാടി - അപാകതകൾ | 1- 46 |
| 72 | പി.എം.എ.വൈ ഭവനപദ്ധതി - ലക്ഷ്യം കൈവരിച്ചില്ല. | 1- 47 |
| 73 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് തുകയുടെ രശീതി, പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1- 48 |
| 74 | ഹരിതകർമ്മസേന - വരുമാനമില്ലാത്തതും മറ്റ് അപാകതകളും | 1-49 |
| 75 | ശുചീകരണ സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1- 50 |
| 76 | നഗരസഭ പ്രൊക്വർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1- 51 |
| 77 | അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തില്ല | 1- 52 |
| 78 | വാഹനങ്ങളുടെ ഇന്ധന ചാർജ്ജ് - ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1- 53 |
| 79 | സെക്രട്ടറിക്ക് ക്വാർട്ടേർസ് - വീട്ടുവാടക ബത്ത മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടച്ചില്ല | 1- 54 |
| 80 | താൽക്കാലിക എം.സി.എഫ്. കെട്ടിടം - വാടക നൽകിയതിലെ അപാകത | 1- 55 |
| 81 | വനിതാ ഘടകപദ്ധതി രൂപീകരണത്തിലെ അപാകതകൾ | 1-56 |
| 82 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല | 1- 57 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-1 |
| 2 | കരാർ വയ്ക്കാൻ കാലതാമസം - പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല | 3-2 |
| 3 | കോലോത്തൊടിത്താഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് - കരാറുകാരന് അധികതുക നൽകി | 3-3 |
| 4 | ബോട്ടിൽ ബൂത്ത് - അംഗീകരിച്ച ടെണ്ടറിൽ കൂടുതൽ തുക നൽകി | 3-4 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6. |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31/07/2023 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ

2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിങ്ങ് നയങ്ങളെ സംബന്ധിച്ച കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 മുൻവർഷ ട്രയൽ ബാലൻസ് നീക്കിയിരിപ്പും, 2022-23 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.**

Excess Of Income Over Expenditure (310900100) എന്നീ ശീർഷകത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് നീക്കിയിരിപ്പും, 2022-23 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| Fund | 2021-22 ലെ ട്രയൽ ബാലൻസ് നീക്കിയിരിപ്പ് | 2022-23 ലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് |
|---|---|---|
| Excess Of Income Over Expenditure | 21011562.36 | 22622125.36 |

**1-1-3 മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നീക്കിയിരിപ്പും, 2022 – 23 ട്രയൽബാലൻസ് മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B1 ഷീറ്റ് ഷെഡ്യൂൾ) 2021-22 നീക്കിയിരിപ്പും, 2022 – 23 ട്രയൽബാലൻസ് മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ഹെഡ് | ഇനം | 2021-22 നീക്കിയിരിപ്പ് | 2022-23 മുന്നിരിപ്പ് |
|---|---|---|---|
| 310100100 | General Fund | 2,76,74,415.25 | 66,62,852.00 |
| 310900100 | Excess Income Over Expenditure | 16,10,563.00 | 2,26,22,125.36 |

**1-1-4 2022-23 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.**

"Excess Of Income Over Expenditure" എന്ന ശീർഷകത്തിലെ (310900100) 2022-23 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിലെ ബി-1 ഷെഡ്യൂൾ, ബി-1 വെർട്ടിക്കൽ സ്റ്റേറ്റ്മെന്റ്, ട്രയൽ ബാലൻസ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| ബി. 1 ഷെഡ്യൂൾ | 2,42,46,311.00 |
| ബി-1 വെർട്ടിക്കൽ സ്റ്റേറ്റ്മെന്റ് | 4,68,68,436.36 |
| ട്രയൽ ബാലൻസ് | 2,26,22,125.36 |

**1-1-5 ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.**

വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വാർഷിക കണക്ക് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ ചെലവ് പത്രിക | എ.സി.ആർ | വാർഷിക കണക്കും, ചെലവ് പത്രിക തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,24,22,485 | 2,60,08,652 | 2,24,90,852 | 35,86,167 |
| വികസനഫണ്ട് (എസ്.സി.പി) | 94,04,463 | 94,04,463 | 95,99,463 | 1,95,000 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 38,09,469 | 43,13,074 | 43,13,074 | 5,03,605 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് - | 91,29,053 (882694+ 4510582 + 3735777) | 10906503 | 1,09,06,503 (4008500+ 6898003 | 17,77,450 |

**1-1-6 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ച ഏതെല്ലാം തുകകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അത് മൂലം ഇത്തരത്തിൽ ലഭിച്ച തുകകളുടെ നീക്കിയിരിപ്പ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-7 ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാക്കിയില്ല**

2022-23 സാമ്പത്തിക വർഷത്തെ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ വസ്തു നികുതി, ലൈബ്രറി സെസ്സ് എന്നിവയുടെ ഡിമാന്റ്, വരവ്, കുടിശ്ശിക എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-8 വാർഷിക സംക്ഷിപ്തം രേഖപെടുത്തി സാക്ഷ്യപെടുത്തിയിട്ടില്ല.**

തൊഴിൽ നികുതി, വിനോദ നികുതി, വ്യാപാര ലൈസൻസ്, വാടക എന്നിവയുമായി ബന്ധപ്പെട്ട വരവുകളുടെ ഡി.സി.ബി രജിസ്റ്ററുകളിലും, കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്ററിലും വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ ഇനങ്ങളെ സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത ഉറപ്പു വരുത്താൻ

സാധിച്ചിട്ടില്ല.

**1-1-9 റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല**

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | 31.03.2023 ലെ നിക്കീയിരിപ്പ് (വാർഷിക കണക്ക് പ്രകാരം) |
|---|---|---|
| 1 | SCB Ownfund -6202008553 | 96,538 |
| 2 | SBI SAND- 35617786368 | 4,65,928 |
| 3 | SBI SUCHITHWAMISSION - 35617787248 | 22,492 |
| 4 | SBI -Literacy -35617786540 | 1,01,421 |
| 5 | SCB Relief Fund 0203008589 | 1,75,210 |

**1-1-10 തനത് ഫണ്ടിൽ വെണ്ടർ പേയ്മെന്റ് കണ്ടിജന്റ് എന്ന ഇനത്തിൽ തുക ക്രെഡിറ്റ് ചെയ്തു - വിശദാംശം ലഭ്യമല്ല.**

Own Fund Canara Bank Account (3155101007858) ൽ NEFT Director Of Treasuries Vendor Payment Contigent എന്ന ഇനത്തിൽ തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയതായി കാണുന്നു. എന്നാൽ പ്രസ്തുത തുകകൾ എന്തിന് വേണ്ടി വരവ് വന്ന തുകയാണ് എന്ന് വ്യക്തമല്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ക്രഡിറ്റ് ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | തുക |
|---|---|
| 07/07/2022 | 1,800 |
| 11/08/22 | 1,800 |
| 06/09/22 | 4,300 |
| 10/10/22 | 1,800 |
| 03/12/22 | 1,800 |
| 06/12/2022 | 3,42,011 |
| 13/12/2022 | 1,800 |
| 20/03/2023 | 4,07,600 |

| | |
|---|---|
| 29/03/2023 | 2,54,100 |

**1-1-11 തുക സ്വീകരിക്കുന്ന വ്യക്തികളുടെ അക്കൗണ്ടുകൾ നിലവിൽ ഇല്ലാത്തതിനാൽ തുക തിരികെ ക്രഡിറ്റായത് തനത് ഫണ്ടിൽ അവശേഷിക്കുന്നു.**

Own Fund Canara Bank Account (3155101007858) ന്റെ റിക്കൺസിലേഷൻ പരിശോധിച്ചപ്പോൾ തുക സ്വീകരിക്കുന്നയാളുകളുടെ അക്കൗണ്ടുകൾ നിലവിൽ ഇല്ലാത്തതിനാൽ തുക തിരികെ ക്രഡിറ്റ് ആയതായി കാണുന്നു.

| തീയതി | തുക |
|---|---|
| 12/08/22 | 116255/- - (Valsarajan) |
| 17/08/22 | 9958/- (Eram Motors) |
| 21/3/23 | 1250 (NIRSHA C) |
| | 2750 (ALEENA C) |
| | 725 (SAJITHA) |
| | 2300(NEETHU) |

**1-1-12 മൂന്ന് മാസം കഴിഞ്ഞ ചെക്കുകൾ Stale Cheque Head ലേക്ക് മാറ്റിയില്ല**

ചെക്ക് ഇഷ്യൂ ചെയ്ത് മൂന്ന് മാസം കഴിഞ്ഞിട്ടും തുകകൾ Stale Cheque Head ലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 30/11/22 | 369204 | 1,642 |
| 14/11/22 | 5423553 | 1,750 |
| 21/05/22 | 90339 | 1,420 |
| 05/04/22 | 90309 | 1,88,875 |
| 31/01/22 | 90258 | 1,05,000 |

മേൽ തുകകൾ യഥാർത്ഥത്തിൽ ബാദ്ധ്യതയായി നിലനിൽക്കുന്ന തുകകളാണോ എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

**1-1-13 ധനകാര്യകമ്മീഷൻ ഗ്രാന്റ് നിക്കിയിരിപ്പ് വാർഷികകണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.**

ധനകാര്യകമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് വാർഷികകണക്ക് B - 4 ഷെഡ്യൂൾ പ്രകാരവും , B - 17 ഷെഡ്യൂൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| B - 4 ഷെഡ്യൂൾ പ്രകാരം | B - 17 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|
| CFC Tied - 322927+ | 790661 | 134225 |

| | | | |
|---|---|---|---|
| CFC UnTied – 333509<br>656436 | | | |

## 1-1-14 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതിയുടെ ലെഡ്ജറിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് പുതിയ ഡിമാന്റുകൾ ഉണ്ടാവുന്നതിനനുസരിച്ചും ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നതിന് പകരം സാമ്പത്തിക വർഷാവസാനത്തിലാണ് (31.03.2023 ന് ) ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയത്.

## 1-1-15 രജിസ്റ്ററുകൾ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

## 1-1-16 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ടെണ്ടർ ഫോം വിൽപന രജിസ്റ്റർ, മാർക്കറ്റ് ഫീ, ബസ്സ് സറ്റാന്റ് ഫീ, ലൈബ്രറി വരവ്, ലേലം, അഡ്വാൻസ്, ഡെപ്പോസിറ്റ്, ആസ്തി എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ  എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആസ്തികൾ സംബന്ധിച്ച് 2021 – 22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് (B-11) നിക്കീയിരിപ്പ് തന്നെയാണ് 2022 -23 വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് (B-11) നിക്കീയിരിപ്പായി കാണിച്ചിട്ടുള്ളത്. (ICICI ബാങ്കിൽ നിന്നും സംഭാവനയായി 4,06,870/- രൂപ വിലവരുന്ന 3 ഗുഡ്സ് വെഹിക്കിൾ തൻവർഷം ലഭ്യമായിട്ടും ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല). മേൽ പ്രതിപാദിച്ച രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-17 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പബ്ലിക്ക് സാനിറ്റേഷൻ ചാർജ്ജ് ഇനത്തിൽ 1,22,193/- രൂപയുടെ വരവുണ്ടെങ്കിലും ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-18 ഇലക്ഷൻ ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല

ബാലൻസ് ഷീറ്റിന്റെ ബി-7 ഷെഡ്യൂൾ പ്രകാരം Election Deposit (340200600) ഇനത്തിൽ 92,000/- രൂപ ഉള്ളതായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ഏത് വർഷത്തെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആരിൽ നിന്നെല്ലാം ലഭിച്ചതാണെന്നുള്ള വിവരവും, തുക നഗരസഭാ ഫണ്ടിലേക്ക് മുതൽകൂട്ടാതിരിക്കുന്നതിനുള്ള കാരണവും വ്യക്തമല്ല.

## 1-1-19 സ്ഥിര നിക്ഷേപം - രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും ഉള്ള തുകകൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| രജിസ്റ്റർ പ്രകാരം | | | വാർഷിക കണക്ക് പ്രകാരം | | |
|---|---|---|---|---|---|
| മുൻബാക്കി | തൻവർഷം നിക്ഷേപിച്ച തുക | നീക്കിബാക്കി | മുൻബാക്കി | തൻവർഷം നിക്ഷേപിച്ച തുക | നീക്കിബാക്കി |
| 71,71,396 | 4,22,527 | 75,93,923 | 71,75,230 | 4,22,527 | 75,97,757 |

വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**1-1-20 പ്രൊവിഷൻ തുകയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാശ്യമായ രേഖകൾ ഹാജരാക്കിയില്ല**

ബാലൻസ് ഷീറ്റിന്റെ ബി-21 ഷെഡ്യൂളിൽ 19,51,394/- രൂപയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊവിഷൻ തുകയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാശ്യമായ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-21 ഡിപ്രിസിയേഷൻ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

ഡിപ്രീസിയേഷൻ കണക്കാക്കിയത് സംബന്ധിച്ച വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിലെ അക്യുമിലേറ്റഡ് ഡിപ്രീസിയേഷന്റെയും, അതുമായി ബന്ധപ്പെട്ട് ആസ്തികളുടെ നീക്കിയിരിപ്പിന്റെയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-22 സ്റ്റോക്കിന്റെ മൂല്യം കണക്കാക്കിയിട്ടില്ല.**

സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പ് വാല്യൂ ബേസ്ഡ് ആയി കണക്കാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂളിൽ സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള 5,48,925/- രൂപയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. (2021 -22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂളിൽ സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകയും ഒന്ന് തന്നെയാണ് ).

**1-1-23 ഇ-ടെണ്ടർ ഫീ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട് ലഭിച്ച ടെണ്ടർ ഫീ സംബന്ധിച്ച വിവരവും, ആയത് നഗരസഭ ഫണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-24 കണ്ടിജന്റ് സ്റ്റാഫിന് ഒരു മാസം രണ്ടു പ്രാവശ്യം തുക ക്രെഡിറ്റ് ചെയ്തു. വിശദാംശം ലഭ്യമല്ല.**

Own Fund Canara Bank Account ( 3155101007858) ന്റെ റിക്കൺസിലേഷൻ പരിശോധിച്ചപ്പോൾ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 08/04/2022 ൽ SWAPANAN C എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് രണ്ട് തവണ തുക നൽകിയതായി കാണുന്നു. (Amt-29154/-, 31388/-). എന്നാൽ പ്രസ്തുത തുകകൾ ഏത് ഇനത്തിലുള്ള തുകയാണെന്ന് വ്യക്തമല്ല. തുക തെറ്റായി ക്രെഡിറ്റ് ചെയ്തതാണെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

**1-1-25 B-9 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ ആധികാരികത വ്യക്തമല്ല.**

വാർഷിക കണക്ക് B-9 ഷെഡ്യൂൾ പ്രകാരം Refund Payable- Grants Refund Payable - Other User Charges, Others Payable - എന്നീ ഹെഡുകളിൽ യഥാക്രമം 335268, 12200, 89010 എന്നീ തുകകൾ ഉള്ളതായി കാണുന്നു. ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. തുക അടവാക്കാനുള്ളതാണെങ്കിൽ ആയത് അടവാക്കേണ്ടതാണ്.

**1- 2 ബഡ്ജറ്റ്**

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബഡ്ജറ്റ് 26.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 21/03/2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട ബഡ്ജറ്റിന്റെ വിശദാംശം ബഡ്ജറ്റിൽ രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരമാണ്.

| | ബഡ്ജറ്റ് പ്രകാരം | യഥാർത്ഥിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 20752671 | 29014415 |
| വരവ് | 248703213 | 140924393 |
| ആകെ | 269455884 | 169938808 |
| ചെലവ് | 257428000 | 139794239 |
| നീക്കിയിരിപ്പ് | 12027884 | 30144569 |

**എ) എല്ലാ ബഡ്ജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല**

ബഡ്ജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബഡ്ജറ്റ് സ്പീച്ച്, ബഡ്ജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബഡ്ജറ്റ്, പെർഫോമൻസ് ബഡ്ജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇതു കൊണ്ടു തന്നെ ബഡ്ജറ്റ് അപൂർണ്ണമാണെന്നു കാണാം.

**1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )**

| | |
|---|---|
| മുന്നിരിപ്പ് | 29014415 |
| വരവ് | 140924393 |
| ആകെ | 169938808 |
| ചെലവ് | 139794239 |
| നീക്കിയിരിപ്പ് | 30144569 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഗ്രാന്റിന്റെ പേര് | | മുന്നിരിപ്പ് | വരവ് തുക (ഉറവിട കിഴിവ്/ പുനക്രമീകരിച്ച തുക ഉൾപ്പെടെ) | ആകെ വരവ് | ചെലവു തുക (ഉറവിട കിഴിവ് ഉൾപ്പെടെ) | ലാപ്സായ തുക നീക്കിയിരിപ്പുള്ള തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 2,77,94,000 | 2,77,94,000 | 2,60,08,652 | 17,85,348 |
| വികസന ഫണ്ട് (എസ്.സി.പി) | | 0 | 1,43,57,000 | 1,43,57,000 | 94,04,463 | 49,52,537 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | | 0 | 29,92,700 | 29,92,700 | 27,96,383 | 1,96,317 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | | 0 | 52,61,000 | 52,61,000 | 43,13,074 | 14,51,531 |
| ധനകാര്യമകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ബാങ്ക് | 3,22,927 | 60,13,000 | 63,35,927 | 60,13,000 | 3,22,927 |
| | ട്രഷറി | 0 | 8,85,003 | 8,85,003 | 8,85,003 | 0 |
| ധനകാര്യമകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | ബാങ്ക് | 3,33,509 | 40,08,500 | 43,42,009 | 40,08,500 | 3,33,509 |

**കുറിപ്പ്** - 1. സ.ഉ (കൈ) നം. 179/2022 ധന. തീ. 15.07.2021 പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ റവന്യൂ കളക്ഷൻ 90% ആവാത്തതിനാൽ അനുവദിക്കുന്ന വികസനഫണ്ട് (ജനറൽ) ൽ നിന്ന് 1% തുകയായ 277940 /- രൂപ കുറവ് ചെയ്തു.

2. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ മുന്നിരിപ്പ് 2021 – 22വർഷത്തെ വാർഷിക കണക്ക് B-4 ഷെഡ്യൂൾ പ്രകാരവും, നീക്കിയിരിപ്പ് 2022 – 23 വർഷത്തെ വാർഷിക കണക്ക് B-4 ഷെഡ്യൂൾ പ്രകാരവും, വരവ് ചെലവ് എ.സി.ആർ പ്രകാരവും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കിലെ ചെലവിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) പലിശയിനത്തിലുള്ള വരവ് (4069286-4008500) = 60786 /- ഏത് അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയത് എന്ന് വ്യക്തമല്ല.

2022-23 ൽ വിവിധ ഗ്രാന്റുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ

1. വികസന ഫണ്ട് (ജനറൽ)

| സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | സ.ഉ. (കൈ)നം. 179/ 2022/ധന ഉത്തരവ് പ്രകാരം കുറവ് വരുത്തിയ തുക | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിലെ കിഴിവ് | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|---|
| സ.ഉ (സാധാ) നം. 2839/2022 ധന. തീ. 08.04.2022 | 83,54,000 | 0 | 4,52,600 | 0 | 79,01,400 |
| സ.ഉ (സാധാ) നം. 6872/2022 ധന. തീ. 12.10.2022 | 97,20,000 | 0 | 4,52,600 | 10,80,000 | 81,87,400 |
| സ.ഉ (സാധാ) നം. 1049/2023 ധന. തീ. 13.02.2023 | 97,20,000 | 2,77,940 | 4,52,600 | 10,80,000 | 79,09,460 |
| ആകെ | 2,77,94,000 | 2,77,940 | 13,57,800 | 21,60,000 | 2,39,98,260 |

1. വികസന ഫണ്ട് (എസ്.സി.പി)

| സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | വികസനഫണ്ടിൽ നിന്ന് SCPയിലേക്ക് ക്രമീകരിച്ചത് | പുനഃക്രമീകരിച്ചതിനു ശേഷമുള്ള തുക | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|---|
| സ.ഉ (സാധാ) നം. 2839/2022 ധന. തീ. 08.04.2022 | 47,85,000 | 0 | 0 | 0 | 47,85,000 |
| സ.ഉ (സാധാ) നം. 6872/2022 ധന. തീ. 12.10.2022 | 47,86,000 | 0 | 0 | 0 | 47,86,000 |
| സ.ഉ (സാധാ) നം. 1049/2023 ധന. തീ. 13.02.2023 | 47,86,000 | 0 | 0 | 0 | 47,86,000 |
| ആകെ | 1,43,57,000 | 0 | 0 | 0 | 1,43,57,000 |

3.സംരക്ഷണ ഫണ്ട് (റോഡ്)

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | മറ്റ് റിക്കവറികൾ | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|
| 01 | സ.ഉ (സാധാ) നം. 2862/2022 ധന. തീ. 08.04.2022 | 29,92,700 | 0 | 29,92,700 |
| | ആകെ | 29,92,700 | 0 | 29,92,700 |

**3.സംരക്ഷണ ഫണ്ട് (നോൺ റോഡ്)**

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | മറ്റ് റിക്കവറികൾ | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|
| 01 | സ.ഉ (സാധാ) നം. 2862/2022 ധന. തീ. 08.04.2022 | 28,50,000 | 0 | 28,50,000 |
| 02 | സ.ഉ (സാധാ) നം. 6267/2022 ധന. തീ. 05.09.2022 | 12,05,500 | 95,700 | 11,09,800 |

| | | | | |
|---|---|---|---|---|
| 03 | സ.ഉ (സാധാ) നം. 8253/2022 ധന. തീ. 05.12.2022 | 12,05,500 | 0 | 12,05,500 |
| 04 | സ.ഉ (സാധാ) നം. 1697/2023 ധന. തീ. 8.03.23 | 95,700 | 0 | 95,700 |
| | ആകെ | 53,56,700 | 95,700 | 52,61,000 |

**കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്( അൺ ടൈഡ്)**

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് |
|---|---|---|
| 01 | സ.ഉ (സാധാ) നം. 765/2023 ധന. തീ. 01.02.2023 | 40,08,500 |
| | ആകെ | 40,08,500 |

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്)

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് |
|---|---|---|
| 01 | സ.ഉ (സാധാ) നം. 4585/2022 ധന. തീ. 23.06.2022 | 8,85,003 |
| 02 | സ.ഉ (സാധാ) നം. 938/2023 ധന. തീ. 08.02.2023 | 60,13,000 |
| | ആകെ | 68,98,003 |

## 1-5 പദ്ധതി അവലോകനം

| **വർഷം** | **അംഗീകാരം ലഭിച്ചത് (എണ്ണം)** | **അടങ്കൽ** | **നടപ്പാക്കിയത് (എണ്ണം)** | **ചെലവ്** | **നടപ്പാക്കാത്തവ** | നടപ്പിലാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 2022-23 | 241 | 172725038 | 157 | 74014518 | 84 | 65.14% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 4,00,000 | 4,00,000 | 100.00 |
| കൃഷി ഓഫീസർ | 9 | 9 | 15,74,740 | 11,75,273 | 74.63 |
| സെക്രട്ടറി, നഗരസഭ | 47 | 27 | 8,49,49,842 | 1,87,60,302 | 22.08 |
| ഹെഡ്മാസ്റ്റർ | 6 | 1 | 6,00,000 | 1,00,000 | 16.60 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 10 | 10 | 33,47,750 | 29,44,837 | 87.96 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം | 4 | 4 | 15,15,600 | 7,67,994 | 50.67 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 12 | 11 | 63,29,550 | 46,85,479 | 74.00 |
| പട്ടികജാതി വികസന ഓഫീസർ | 11 | 9 | 89,67,755 | 59,48,445 | 66.33 |
| ഹെൽത്ത് ഓഫീസർ, മുനിസിപ്പാലിറ്റി | 14 | 14 | 1,35,33,984 | 88,52,444 | 65.40 |
| മുനിസിപ്പൽ എഞ്ചിനീയർ | 110 | 55 | 3,83,93,421 | 1,96,92,938 | 51.29 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 1,09,66,340 | 89,66,959 | 81.76 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 7 | 19,06,056 | 17,04,543 | 89.42 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2,40,000 | 15,304 | 6.30 |
| | 241 | 157 | 17,27,25,038 | 7,40,14,518 | 42.85 |

ഡി.പി.സി. അംഗീകാരം ലഭിച്ച 241 പദ്ധതികളിൽ 157 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 17,27,25,038/- രൂപ വകയിരുത്തിയതിൽ 7,40,14,518 /- രൂപ (42.85%) പദ്ധതിക്കായി ചെലവഴിച്ചു.

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2022-23 വർഷത്തിൽ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ക്ഷീര വികസന ഓഫീസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ 5 പദ്ധതികളുണ്ട്. സ.ഉ.(കൈ)നം.84/2022/തസ്വഭവ. തിയ്യതി 19.04.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി മർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതായത് ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ, ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂളുകളിലെ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ, വനിതകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിനും യോഗ പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ മുതലായവയാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്. കൃത്യമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനാണ് വനിതാ ഘടകപദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കേണ്ടത്. എന്നാൽ വനിതാഘടകപദ്ധതിയിൽ പൊതുവായ പദ്ധതിയാണ് നടപ്പിലാക്കിയത്. പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വനിതാ ഘടകപദ്ധതിയിൽ തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതി തുക ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. (ഖണ്ഡിക 1 -56 കാണുക)

2011 ലെ കാനേഷുകമാരി പ്രകാരം പട്ടിക വർഗ്ഗ ജനസംഖ്യ 38 പേരുണ്ടെങ്കിലും വർഷങ്ങളിലായി നഗരസഭയ്ക്ക് ടി.എസ്.പി. ഇനത്തിൽ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി തുക ലഭിക്കുന്നില്ല. ടി.എസ്.പി. ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചതിന്റെ വിവരവും, പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വികസന - ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി വിഭാവനം ചെയ്യുതത്തിന്റെയും വിവരം ലഭ്യമല്ല. (ഖണ്ഡിക 1 - 9 കാണുക)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 89 ഗുണഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് കുടിവെള്ള കണക്ഷൻ എടുക്കുന്നതിനുള്ള ധനസഹായമായി 7,500/- രൂപ വീതം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികളും പ്രൊജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28.05.2022 ലെ (കൈ)115/2022/തസ്വഭവ നമ്പർ ഉത്തരവിലെ അനുബന്ധത്തിന്റെ ഖണ്ഡിക 6.6, ക്രമ നം. 2 പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്ന് കുടിവെള്ള കണക്ഷൻ എടുത്തത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കേണ്ടത്. ഗുണഭോക്താക്കൾക്ക് കണക്ഷൻ സർട്ടിഫിക്കറ്റിന് പകരം പ്ലംബർമാരിൽ നിന്നുള്ള ക്വട്ടേഷനുകളുടെയും, പ്ലംബിങ് സാധനങ്ങൾക്കുള്ള ക്യാഷ് ബില്ലുകളുടെയും അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. (ഖണ്ഡിക 1 - 41 കാണുക)

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യാഗസ്ഥനായി വിദ്യാഭ്യാസ-കലാ-സാംസ്കാരിക-കായികവികസന മേഖലയിൽ ആറ് പ്രൊജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. തനത് ഫണ്ടിൽ നിന്ന് ആകെ 6,00,000/- രൂപ വകയിരുത്തി ആവിഷ്കരിച്ച മേൽ പദ്ധതികളിൽ ഒന്ന് മാത്രമാണ് ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുള്ളത് (ഖണ്ഡിക 1 - 32 കാണുക)

സ.ഉ (കൈ) നം. 179/2022 ധന. തീ. 15.07.2021 പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ റവന്യൂ കളക്ഷൻ 90% ആവാത്തതിനാൽ അനുവദിക്കുന്ന വികസനഫണ്ട് (ജനറൽ) ൽ നിന്ന് 1% തുകയായ് 2,77,940 /- രൂപ കുറവ് ചെയ്തു.

## 1-6 ക്ഷേമ പദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽ രഹിത വേതനം | 1,440 |
| കർഷക തൊഴിലാളി പെൻഷൻ | 21,16,800 |
| വിധവാ പെൻഷൻ | 1,56,21,200 |
| വാർദ്ധക്യകാല പെൻഷൻ | 3,43,29,200 |
| വികലാംഗ പെൻഷൻ | 43,94,600 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12,09,600 |
| വിവാഹ ധനസഹായം | 30,000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.1.2024 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 38,332/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ വകുപ്പ് 228 അനുസരിച്ച് ജീവനക്കാരുടെ കർത്തവ്യങ്ങൾ സെക്രട്ടറി നിർദ്ദേശിക്കേണ്ടതും അവരുടെ മേൽ നിയന്ത്രണവും മേൽ നോട്ടവും സെക്രട്ടറി വഹിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മേൽ നിയമത്തിലെ വകുപ്പ് 15(3)(ബി) അനുസരിച്ച് മുനിസിപ്പാലിറ്റിയിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ചെയ്യുന്ന കൃത്യങ്ങളുടെയും എടുത്ത നടപടികളുടെയും മേൽനോട്ടം ചെയർപേഴ്സന്റെ ഉത്തരവാദിത്തമാണ്. ആഭ്യന്തര നിയന്ത്രണത്തിന്റെ കാര്യത്തിൽ ചെയർപേഴ്സണോ സെക്രട്ടറിയോ ആവശ്യമായ ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നത് ഓഡിറ്റിന് വേണ്ട രജിസ്റ്ററുകളും മറ്റു രേഖകളും യഥാസമയം ഹാജരാക്കാൻ ജീവനക്കാർക്ക് സാധിക്കാതിരുന്നതിൽ നിന്നും വ്യക്തമാണ്.

ജോലി വിഭജനം സംബന്ധിച്ച ഉത്തരവുകൾ ആവശ്യപ്പെട്ടതിന് ഓഫീസ് ഓർഡർ ഹാജരാക്കിയിട്ടില്ല. ഓരോ ജീവനക്കാരനും അവരുടെ ജോലികൾ വിഭജിച്ച് നൽകുന്നതോടൊപ്പം പിരിവിനു നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് ഓരോ വാർഡിന്റെയും ചുമതല നൽകി ഓരോരുത്തരും പിരിച്ചെടുക്കേണ്ടതായ തുകക്ക് ടാർജറ്റ് നിശ്ചയിച്ചു നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ/ സെക്രട്ടറി ഓഡിറ്റ് കാലയളവിലും നിലവിലും ശ്രദ്ധ ചെലുത്തിയിട്ടില്ല. ഇത്തരം നടപടികളുടെ അഭാവം മുനിസിപ്പാലിറ്റിയുടെ തനതു വരുമാനത്തിന്റെ ശോഷണത്തിന് കാരണമാകും. പിരിവിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പിരിവ് രജിസ്റ്റർ രശീത് ബുക്കുമായി ഒത്തു നോക്കി ഓരോ ദിവസവും കാഷ് കൗണ്ടറിൽ അടവാക്കിയ തുകയുടെ കൃത്യത മേലുദ്യോഗസ്ഥരായ റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് എന്നിവർ പരിശോധിച്ച് ഉറപ്പാക്കുന്നില്ല. പ്രധാന വരുമാന ഇനമായ വസ്തു നികുതി, തൊഴിൽ നികുതി, മറ്റു വരവിനങ്ങൾ എന്നിവയുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് കുടിശ്ശിക/ തൻവർഷ ഡിമാന്റ്, തുടങ്ങിയവക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചു പോരുന്നില്ല. വിവിധ തനതു ഫണ്ട് വരവിനങ്ങൾ സംബന്ധിച്ച് വാടക, തൊഴിൽ നികുതി, ലേലം തുടങ്ങിയവയുടെ ഫയലുകൾ, ട്രേഡേഴ്സ് ലിസ്റ്റ് തുടങ്ങിയവയും ഓഡിറ്റ് കാലയളവിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ ബഡ്ജറ്റ് , വാർഷിക കണക്ക് എന്നിവയിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

നഗരസഭ ജീവനക്കാരുടെ യോഗം ചെയർപേഴ്സന്റെ നേതൃത്വത്തിൽ 29/04/2022, 08/06/2022, 15/12/2022 എന്നീ തീയതികളിൽ ചേർന്നിട്ടുണ്ടെങ്കിലും 29/04/2022, 08/06/2022 മീറ്റിംഗ് മിനുട്സ് പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന പ്രോവിഡണ്ട് ഫണ്ട്, പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത് നഗരസഭ ഫണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. 31.03.2023 ന് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ വൗച്ചർ നമ്പർ 222008965, 22200896 എന്നിവ പ്രകാരം ജീവനക്കാരുടെ വിഹിതം, മുൻസിപ്പൽ വിഹിതം എന്നീ ഇനത്തിൽ തുക അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും ജീവനക്കാരുടെ വ്യക്തിഗത പെൻഷൻ കോൺട്രിബ്യൂഷൻ (PRAN) അക്കൗണ്ടിൽ തുക ക്രഡിറ്റ് ആയിട്ടില്ല.

2022-23 ൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, പെർമിറ്റ് തുടങ്ങിയ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി

പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, ഒരു വരവ് രജിസ്റ്ററും പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. കൂടാതെ വർഷാന്ത്യത്തിലും രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തുന്നില്ല. ഉദാ: വസ്തുനികുതി, ലൈസൻസ് എന്നിവ. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നഗരസഭ കൈകാര്യം ചെയ്യുന്ന കേസുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല. കേസുകളുടെ പൂർണ്ണ വിവരം ഇതിൽ നിന്നും ലഭ്യമല്ല. മുനിസിപ്പാലിറ്റിയിൽ ജീവനക്കാർ സ്ഥലം മാറി പോവുകയും പുതിയ ആളുകൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്യുമ്പോൾ ബന്ധപ്പെട്ട സെക്ഷനുകളിലെ ഫയലുകൾ സഹിതം ചാർജ്ജ് കൈമാറുന്നില്ല. ഇത് പുതുതായി ചാർജെടുക്കുന്ന സെക്ഷനുകൾക്ക് ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും ഫയലുകളിൽ തുടർന്നുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിനും അനാവശ്യ കാലതാമസം വരുത്തുന്നു. ഫയലുകളുടെ സുരക്ഷിതമായ സൂക്ഷിപ്പ് ഉറപ്പു വരുത്തുന്നില്ല. ആയതിനാൽ ഓഡിറ്റ് കാലയളവിലെ ഫയലുകൾ പോലും കണ്ടെത്താൻ കാല താമസം സൃഷ്ടിക്കുന്ന അവസ്ഥയാണുള്ളത്. ഇത് സൂപ്പർവൈസറി തലത്തിലുള്ള പോരായ്മയെയാണ് ചൂണ്ടിക്കാണിക്കുന്നത്. നികുതി പിരിച്ചെടുക്കാൻ മുനിസിപ്പാലിറ്റി ആക്ടിൽ കൃത്യമായ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല. വസ്തു നികുതി തുടങ്ങി വിവിധയിനം വരവുകളുടെ കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ പുരോഗതി ഇല്ലാത്തത് വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയെയാണ് കാണിക്കുന്നത്. ഇത് ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയാണ്.

നഗരസഭ സൂക്ഷിക്കേണ്ട സുപ്രധാന രേഖകളാണ് ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ. എന്നാൽ നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ വ്യവസ്ഥാപിതമായ വിധത്തിലല്ല സൂക്ഷിക്കുന്നത്. കൂടാതെ വാടക രജിസ്റ്റർ പൂർണമല്ല. വലിയ തുക വാടക ഇനത്തിൽ പിരിഞ്ഞ് കിട്ടാൻ ഉള്ളതായി കാണുന്നു. ഫലപ്രദമായ നടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

നഗരസഭയിൽ നാളിതുവരെ 2016 ലേയും, 2024 ലേയും നികുതി പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. അതിനാൽ തന്നെ പ്രധാന വരുമാനമായ വസ്തുനികുതിയിലുള്ള വർദ്ധനവ് മൂലം ലഭ്യമാവേണ്ട യാതൊരു ഗുണവും നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. അതിനാൽ തന്നെ നഗരസഭയിൽ കെ-സ്മാർട്ട് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

അനധികൃത നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും ക്രമവത്കരിക്കുകയോ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്പെടുത്തുന്നതും എന്നാൽ നിർമ്മാണം ക്രമവത്കരിക്കാത്തതും അനധികൃത നമ്പർ പതിക്കാത്തതുമായ കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ നഗരസഭക്ക് സാധിച്ചിട്ടില്ല. നഗരസഭയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അതിൻമേൽ സെക്രട്ടറി

തയ്യാറാക്കിയ കുറിപ്പോടു കൂടി ഇതിലേക്ക് പ്രത്യേകം വിളിച്ചു കൂട്ടിയ കൗൺസിൽ യോഗത്തിൽ പരിഗണനയ്ക്കായി വയ്ക്കേണ്ടതാണ്. അത്തരം നടപടികൾ മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. നഗരസഭ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഭാഗത്തു നിന്നും ഭരണസമിതിയുടെ ഭാഗത്തു നിന്നും ഓഡിറ്റ് റിപ്പോർട്ട് പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ ചർച്ചകൾ നടത്തുകയോ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് വേണ്ടത്ര പ്രാധാന്യം നൽകുകയോ ചെയ്യുന്നില്ല. മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താനുള്ള നടപടികൾ സെക്രട്ടറിയുടെയും ഭരണ സമിതിയുടെയും ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്. നഗരസഭയിൽ അക്കൗണ്ടന്റ് തസ്തിക നിലവിലില്ലാത്തതിനാൽ വാർഷിക കണക്ക് തയ്യാറാക്കുന്നതിലും, രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ സംഭവിക്കുകയും, വരവ് ചെലവ് കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിക്കാതെയിരിക്കുകയും ചെയ്യുന്നു.

പോരായ്മകൾ സംബന്ധിച്ച സ്ഥാപനത്തിന്റെ നിരീക്ഷണവും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-9 നഗരസഭയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ആളുകൾ ഉണ്ടായിട്ടും വികസനഫണ്ട് (ടി.എസ്.പി) ഇനത്തിൽ ഫണ്ട് ലഭിച്ചില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി 2022 - 27 വികസന രേഖ പ്രകാരം 2011 ലെ സെൻസസ് അനുസരിച്ച് നഗരസഭയിലെ ജനസംഖ്യ 17,574 പുരുഷൻമാരും 18,363 സ്ത്രീകളും ഉൾപ്പെടെ 35,937 ആണ്. ഇതിൽ പട്ടിക വർഗ്ഗക്കാർ 38 ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് (മൊത്തം ജനസംഖ്യയുടെ 0.10%) എന്നാൽ 2015 - 16 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ നഗരസഭയ്ക്ക് വികസനഫണ്ട് (ടി.എസ്.പി ) ഇനത്തിൽ തുകയൊന്നും ലഭിച്ചതായി കാണുന്നില്ല. എന്നാൽ ടി.എസ്.പി ഇനത്തിൽ ഫണ്ട് ലഭിക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആവശ്യമായ ഇടപ്പെടലുകൾ നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 43 /22 – 23 / തീയതി - 02.02.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി.എസ്.പി ഇനത്തിൽ ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവർക്കുള്ള വികസന - ക്ഷേമ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടപ്പിലാക്കിയത് എന്ന് വിശദീകരിക്കേണ്ടതും, നഗരസഭയ്ക്ക് പ്രസ്തുത വിഹിതത്തിൽ ആവശ്യമായ അലോട്ട്മെന്റ് ലഭ്യമാക്കുന്നതിന് ധനകാര്യ-വികസന-ക്ഷേമകാര്യ കമ്മിറ്റികൾ ആവശ്യമായ ഇടപ്പെടലുകൾ നടത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ അറിയിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി – അപാകതകൾ

1994 ലെ മുനിസിപ്പാലിറ്റി ആക്ട് 245-ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

### 1. നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245-ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും, ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്.

നഗരസഭയുടെ 31 വാർഡുകളിലെ എല്ലാ വാണിജ്യകെട്ടിടങ്ങളെയും പരിശോധിച്ച് 2022-23 സാമ്പത്തിക വർഷം ട്രേഡേഴ്സിന്റെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ

ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ 197 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കാത്തതിന്റെ ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | രാമനാട്ടുകര റൂറൽ സർവ്വീസ് ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്ന്, രണ്ട് അർദ്ധവർഷം |
| 2 | കൃഷിഭവൻ | രണ്ടാം അർദ്ധവർഷം |
| 3 | കെ.എം.ഒ റസിഡൻഷ്യൽ സ്കൂൾ | രണ്ടാം അർദ്ധവർഷം |

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. ട്രേഡേഴ്സ് തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**2. കെട്ടിട ഉടമകളിൽ നിന്നും റിട്ടേൺ ആവശ്യപ്പെടുന്നില്ല.**

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോടോ ഫാറം 1 ൽ സെക്രട്ടറി നോട്ടീസ് നൽകുകയും ആവശ്യമായ വിവരങ്ങൾ ഫാറം 2 ൽ നഗരസഭയിൽ സമർപ്പിക്കണം. കൂടാതെ ചട്ടം 6 പ്രകാരം ഏതെങ്കിലും തൊഴിലുടമയോ അവരുടെ പ്രതിനിധികളോടോ ഫാറം 3 പ്രകാരം നോട്ടീസ് നൽകുകയും തൊഴിലാളികളുടെ ലിസ്റ്റും വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 4-ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുകയും വേണം. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിച്ച് കെട്ടിട ഉടമകളിൽ നിന്നും റിട്ടേൺ ആവശ്യപ്പെട്ടതായി കാണുന്നില്ല.

ലൈസൻസ് എടുത്ത പുതിയ സ്ഥാപനങ്ങളുൾപ്പെടെ നഗരസഭാ പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിങ്ങനെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നഗരസഭയുടെ പരിധിയിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും നികുതി അടവാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 FTE&OS ലൈസൻസ്-അപാകതകൾ

നഗരസഭയുടെ 2022-23 വർഷത്തെ FTE&OS ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

നഗരസഭയിൽ റവന്യൂ ഡിവിഷനുകളുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകി വരുന്നത്. രജിസ്റ്റർ പ്രകാരം ആകെ 19 റവന്യൂ ഡിവിഷനുകളിലായി ഏകദേശം 1535 സ്ഥാപനങ്ങളാണ് 2022-23 വർഷം ലൈസൻസ് ഫീ അടവാക്കിയിട്ടുള്ളത്. രജിസ്റ്റർ പരിശോധിച്ചതിൽ പല റവന്യൂ ഡിവിഷനുകളിലായി അനേകം സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടവാക്കാത്തതായി കാണുന്നു. ഇതിൽ നിന്നും ലൈസൻസില്ലാത്ത സ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ആയതിന് റവന്യൂ ഡിവിഷൻ 1 ലെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ലൈസൻസ് ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപന ഉടമ/സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| 3 | 89 | ഷൗക്കത്തലി സി |
| 13 | 214 A | മുഹമ്മദ് വി. പി |
| 53 | 436 | പ്രമോദ് |

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ 5ാം വാർഡിലെ മാർക്കറ്റ് കോംപ്ലക്സിൽ 50 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ലഭ്യമായ വിവര പ്രകാരം കെട്ടിട നമ്പർ 343, 344, 345, 348, 485, 489 എന്നീ മുറികൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ള സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണാവുന്നതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 437 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പ്രദേശത്ത് യാതൊരു സ്ഥലവും, ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.
2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം നഗരസഭ പരസ്യപ്പെടുത്തേണ്ടതാണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് മുൻപ് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്.

ലൈസൻസിനുള്ള അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുന്നതായാണ് കാണുന്നത്. ഓരോ വാർഡിലും പരിശോധന നടത്തി കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ലൈസൻസില്ലാത്ത സ്ഥാപനങ്ങൾ നഗരസഭയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

ലൈസൻസ് രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**1– 12 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം – വാടക കുടിശ്ശിക ലഭ്യമായില്ല**

നഗരസഭയുടെ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം 2021-22 ലെ നടത്തിപ്പുകാരനായ ശ്രീ. അബ്ദുൾ നാസർ കെ. ടി യ്ക്ക് 2022-23 വർഷത്തിലും നിലവിലുള്ള വാടകയുടെ 20% വർദ്ധനവോടെ നൽകുകയാണുണ്ടായത്. നഗരസഭയുമായി ഏർപ്പെട്ട കരാറുടമ്പടിയിൽ വാടക ഓരോ മാസവും 10-ാം തിയ്യതിക്ക് മുൻപ് നഗരസഭയിൽ അടവാക്കേണ്ടതും ആയത് രണ്ട് മാസം വരെ (മൂന്നാം മാസം) അടവാക്കിയിട്ടില്ലെങ്കിൽ സ്ഥാപനം പൂട്ടി ഏറ്റെടുക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത് ലംഘിച്ചതിനാൽ ശ്രീ. അബ്ദുൾ നാസറിന് പലപ്പോഴായി ജൂൺ മുതലുള്ള വാടക കുടിശ്ശിക അടവാക്കാൻ നോട്ടീസ് നൽകിയിരുന്നെങ്കിലും വാടക അടവാക്കിയില്ല. വാടക ഇളവ് ആവശ്യപ്പെട്ട് കരാറുകാരൻ നൽകിയ അപേക്ഷയിന്മേൽ ഹിയറിങ്ങ് നടത്തിയെങ്കിലും വാടക അടവാക്കുന്നത് സംബന്ധിച്ച് തീരുമാനമായില്ല.

ജൂൺ 2022 മുതൽ മാർച്ച് 2023 വരെയുള്ള എഗ്രിമെന്റ് കാലയളവിലെ വാടക കുടിശ്ശിക അടവാക്കാത്തതിനാൽ മേൽ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നഗരസഭാ കൗൺസിലിന്റെ 16.2.2023 ലെ 4-ാം നമ്പറായും നഗരസഭയ്ക്ക് നഷ്ടമായ വാടക കുടിശ്ശിക ഈടാക്കുന്നതിന് കരാറുകാരനെതിരെ റവന്യു റിക്കവറി നടപടികൾ ആരംഭിക്കുന്നതിന് 3.4.2023 ലെ 8-ാം നമ്പറായും തീരുമാനം ആയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് 17.6.2023 ന് സെക്രട്ടറി R3(A2)5484/2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൾ നാസർ അടവാക്കിയ ഡെപ്പോസിറ്റ് തുക കഴിഞ്ഞുള്ള തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായി ഫയലിൽ കുറിപ്പ് രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ വാടക കുടിശ്ശിക നാളിതുവരെ ലഭ്യമായിട്ടില്ല. വാടക കുടിശ്ശിക ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതും ടേക്ക് എ ബ്രേക്കിന്റെ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 തനത് ഫണ്ട്-വരവ് ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് -സംബന്ധിച്ച്

1)തുക ക്രെഡിറ്റായതിന്റെ വിവരം ലഭ്യമല്ല

A) നഗരസഭയുടെ കനറാ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ തുക ക്രെഡിറ്റായതിന്റെ വിശദാംശം പരിശോധിച്ചതിൽ താഴെ പറയുന്ന ചെക്കുകൾ ക്രെഡിറ്റ് ആയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| ഡേ ബുക്ക് തിയ്യതി | ചെക്ക് നമ്പർ/തിയ്യതി | തുക |
|---|---|---|
| 1.10.22 | 2023/19.9.22 | 20800 |
| 1.10.22 | 2025/30.9.22 | 1250 |
| 31.3.23 | 582028/31.3.23 | 1250 |

മേൽ തുകകൾ സമയബന്ധിതമായി അക്കൗണ്ടിൽ വരവ് വെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

B) താഴെ പറയുന്ന ചെക്ക് ക്രെഡിറ്റ് ആവുകയും പിന്നീട് ചെക്ക് റിട്ടേൺ ആവുകയും ചെയ്തതായി കാണുന്നു.

| ഡേ ബുക്ക് തിയ്യതി | ചെക്ക് നമ്പർ/തിയ്യതി | തുക |
|---|---|---|
| 21.11.22 | 23131/17.11.22 | 18296 |

മേൽ തുക പിന്നീട് ക്രെഡിറ്റ് ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥത്തിൽ ലഭ്യമാവേണ്ട തുകയാണെങ്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)തുക പിൻവലിച്ചത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിട്ടില്ല

നഗരസഭയുടെ കനറ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചത് പരിശോധിച്ചതിൽ താഴെ പറയുന്ന തുക പിൻവലിച്ചതായി കാണുന്നു.

| തിയ്യതി | ഇനം | തുക |
|---|---|---|
| 25.9.22 | SB എക്സസ് ഡെബിറ്റ് ചാർജസ് | 1,864 |
| 25.11.22 | ചെക്ക് റിട്ടേൺ ചാർജസ് | 300 |
| 1.12.22 | ചെക്ക് റിട്ടേൺ ചാർജസ് | 300 |

| | | |
|---|---|---|
| 25.3.23 | SB എക്സസ് ഡെബിറ്റ് ചാർജസ് | 448 |

എന്നാൽ ഈ തുക പിന്നീട് ചെലവിന് ഉത്തരവാദികളായവരിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിലെ ചട്ടം 20 പ്രകാരമുള്ള നടപടി സ്വീകരിച്ച് ഉത്തരവാദികളിൽ നിന്ന് തുക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും ബാങ്ക് ചാർജ് ഈടാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ താഴെ പറയുന്ന തുകകൾ പിൻവലിച്ചതിന്റെ ആധികാരികത വിശദമാക്കുന്ന കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| അക്കൗണ്ടിൽ നിന്നും പിൻവലിച്ച തിയ്യതി | തുക |
|---|---|
| 2.4.22 | 2,94,641 |
| 2.4.22 | 34,928 |
| 8.4.22 | 31,388 |
| 6.5.22 | 37,600 |
| 6.5.22 | 3,59,130 |
| 9.5.22 | 38,664 |
| 7.11.22 | 4,51,640 |
| 7.11.22 | 52,410 |

വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് പിൻവലിക്കപ്പെട്ട തുകകൾ യഥാർത്ഥ ചെലവ് തന്നെയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും, അല്ലാത്തപക്ഷം നഷ്ടം വന്ന തുക ഉത്തരവാദികളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വാടക വരവ് -തുടർനടപടികൾ സ്വീകരിച്ചില്ല

നഗരസഭ വാർഡ് 5 ലെ മാർക്കറ്റ് കോപ്ലക്സിൽ 50 മുറികളും വാർഡ് 10 ലെ പുല്ലുംകുന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 13 മുറികളും വാടകയ്ക്ക് നൽകി വരുന്നുണ്ട്. ഇവയിൽ താഴെ പറയുന്ന മുറികൾ വാടകയ്ക്കെടുത്തവർ വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഈടാക്കാനുള്ള വാടകയുടെ വിവരം |
|---|---|---|
| മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടം | | |
| 1 | 5/359<br>ശ്രീ. സെയ്തലവിക്കോയ | രജിസ്റ്ററിൽ തുക ഈടാക്കിയത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല. നിലവിൽ മുറി ഒഴിഞ്ഞിട്ടുണ്ടെങ്കിൽ മുറി വാടകയ്ക്ക് നൽകുന്നതിനായി ലേല നടപടികൾ സ്വീകരിച്ചതിന്റെ വിവരം, വാടകകുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ |

| | | |
|---|---|---|
| | | റിക്കവറി നടപടി സ്വീകരിച്ചതിന്റെ വിശദാംശം എന്നിവ ലഭ്യമല്ല. |
| 2 | 5/364<br>ശ്രീ. മുജീബ് റഹ്മാൻ | 20-21- 6985x11<br>21-22- 7334x12<br>22-23- 7701x12<br>+ പിഴ പലിശ<br>വാടക കുടിശ്ശിക അടവാക്കിയതിന്റെ വിവരം ലഭ്യമല്ല |
| 3 | 5/365<br>ശ്രീ. ഫൈസൽ വി | 20-21-5977x11<br>21-22-6276x12<br>22-23-6590x12<br>+ പിഴ പലിശ, വാടക കുടിശ്ശിക അടവാക്കിയതിന്റെ വിവരം ലഭ്യമല്ല |
| 4 | 5/370<br>ശ്രീ. സെയ്തലവി | 2020-21,2021-22 ലെ തുക അടച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.<br>22-23- 1219x12<br>+ പിഴ പലിശ.<br>വാടക കുടിശ്ശിക അടവാക്കിയതിന്റെ വിവരം ലഭ്യമല്ല |
| 5 | 5/371<br>സെക്രട്ടറി, പട്ടികജാതി സഹകരണ സംഘം | 21-22-837x12<br>22-23-879x12<br>+ പിഴ പലിശ<br>വാടക കുടിശ്ശിക അടവാക്കിയതിന്റെ വിവരം ലഭ്യമല്ല |
| 6 | 5/372<br>ശ്രീ. കെ മൂസക്കോയ | 2020-21,2021-22 തുക അടച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.<br>22-23-7216x12<br>+ പിഴ പലിശ.<br>വാടക കുടിശ്ശിക അടവാക്കിയതിന്റെ വിവരം |

| | | |
|---|---|---|
| | | ലഭ്യമല്ല |
| 7 | 5/377<br>ശ്രീ. പി. ടി വാസുദേവൻ | തുക അടവാക്കിയതായി രേഖപ്പെടുത്തിയെങ്കിലും തിയ്യതി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. |
| 8 | 5/379<br>ശ്രീ. മുജീബ് റഹ്മാൻ | 2022 ഏപ്രിൽ, മെയ് – തുക അടവാക്കിയതായി രേഖപ്പെടുത്തിയെങ്കിലും തിയ്യതി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.<br>22-23-9255x10<br>+ പിഴ പലിശ |
| 9 | 5/380<br>ശ്രീ. മുഹമ്മദ് ഷാഫി | 2020-21, 2021-22 തുക അടവാക്കിയതായി രേഖപ്പെടുത്തിയെങ്കിലും തിയ്യതി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.<br>22-23 4835x12<br>+ പിഴ പലിശ |
| 10 | 5/381<br>ശ്രീ. മുഹമ്മദ് ഷാഫി | 21-22-5027x12<br>22-23-5278x12<br>+ പിഴ പലിശ |
| 11 | 5/382<br>ശ്രീ. ടി ജയപ്രകാശ് | 20-21 -4070x5<br>21-22-4273x12<br>22-23-4487x12<br>+ പിഴ പലിശ |
| 12 | 5/384<br>ശ്രീ. പി. പി. കോട്ടിയുട്ടി | 19-20-3098x2<br>20-21-3253x12<br>21-22-3416x12<br>22-23-3587x12<br>+ പിഴ പലിശ |
| 13 | 5/393<br>ശ്രീ. കെ. സി. കുഞ്ഞോയി | 123030100281/ 10.4.23 പ്രകാരം 36240/- രൂപയാണ് അടവാക്കിയത്.<br>22-23-3839 X 2 ഫെബ്രവരി, മാർച്ച് മാസം തുക അടവാക്കിയതിന്റെ വിവരം കൃത്യമായി |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയിട്ടില്ല. |
| 14 | 5/395<br>ജമീല & Others | സെപ്തംബർ, ഡിസംബർ, ഫെബ്രുവരി മാസങ്ങളിൽ വാടക അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| 15 | 5/396<br>ബി.എസ്.എൻ.എൽ ടെലഫോൺ എക്സ്ചേഞ്ച് | 9/2019 വരെയാണ് വാടക അടച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയത്.<br>19-20-15600x6<br>20-21-16380x12<br>21-22-17199x12<br>22-23-18059x12<br>+ പിഴ പലിശ |
| 16 | 5/396<br>ബി.എസ്.എൻ.എൽ ടവർ | 19-20-1029x3<br>20-21-1081x12<br>21-22-1135x12<br>22-23-1191x12<br>+ പിഴ പലിശ |
| 17 | 5/384 ബി<br>ബഷീർ പി. പി | 22-23 10344x2 ഒക്ടോബർ, നവംബർ മാസങ്ങളിൽ വാടക അടവാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| പുല്ലംകുന്ന് വ്യവസായ എസ്റ്റേറ്റ് കെട്ടിടം | | |
| 18 | 1/317A<br>ശ്രീ. മുഹമ്മദ് സിയാസ് | 7/2022 മുതൽ 10/22 വാടക അടവാക്കിയതിന്റെ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.<br>22-23-4406x9<br>+ പിഴ പലിശ |
| 19 | 1/317A1<br>ശ്രീ. മുഹമ്മദ് സിയാസ് | 2022 ഏപ്രിൽ, മെയ് മാസം തുക അടവാക്കിയതിന്റെ തിയ്യതി വ്യക്തമല്ല.<br>22-23-4626x12<br>+ പിഴ പലിശ |
| 20 | 1/317 A3,A4<br>ശ്രീ. പി. രവീന്ദ്രൻ | തുക അടവാക്കിയതായി രേഖപ്പെടുത്തിയെങ്കിലും തിയ്യതി |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ വിശദാംശം ലഭ്യമാക്കുക. |
| 21 | 1/317A5,A6 ശ്രീജിത്ത് സി. പി | 2018-19 മുതൽ അടവാക്കിയിട്ടില്ല<br>വാടക കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുക. മുറി ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ വാടകയ്ക്ക് നൽകുന്നതിന് ലേല നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുക. |
| 22 | 1/317 A8 സിറാജ് കെ | 22-23 1351x3 |
| 23 | 1/317 A9 കുടുംബശ്രീ യൂണിറ്റ് | 22-23 2447x4 |
| 24 | 1/317 A9 കുടുംബശ്രീ യൂണിറ്റ് | 22-23 2447x2 |
| 23 | 1/317.A11 എലഗെന്റ് ഫുഡ് | 14.7.23 ലെ രസീതി പ്രകാരം 51883 രൂപയാണ് അടവാക്കിയത്. ആഗസ്റ്റ് മുതൽ ജനവരി വരെ അടവാക്കിയിട്ടുണ്ട്.<br>22-23-2447x2 |

ആകെ രണ്ട് വ്യക്തികളിൽ നിന്ന് മാത്രമേ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളൂ. ആയവയിൽ തന്നെ തുക ഈടാക്കാൻ സാധിച്ചിട്ടില്ല. പല കേസുകളിലും റവന്യൂ റിക്കവറി നടത്തുന്നതിനായി കുറിപ്പുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നില്ല. വാടക രജിസ്റ്റർ പൂർണമായി രേഖപ്പെടുത്തിയിട്ടില്ല. കുടിശ്ശിക വരവ് സംബന്ധിച്ച വിവരങ്ങളും രജിസ്റ്ററിൽ അപൂർണമാണ്. പല മുറികളുടെയും ഈടാക്കിയ വാടക തുക, രസീതി നമ്പർ, തിയ്യതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

വർഷങ്ങൾക്കു മുൻപ് ഈ കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കണം എന്ന് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതിനായി പദ്ധതി തയ്യാറാക്കുകയോ ഫണ്ട് വകയിരുത്തുകയോ ചെയ്തിട്ടില്ല. കെട്ടിടം പൊളിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടക നൽകിക്കൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് കരാർ പുതുക്കി നൽകിയിട്ടില്ല. എന്നാൽ എല്ലാ വാടകക്കാരും നിലവിലും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. കരാർ പുതുക്കി നൽകാത്തതിനാൽ വാടകക്കാരിൽ പലരും വാടക നഗരസഭയിൽ അടയ്ക്കുന്നില്ല എന്നും കെട്ടിടം പൊളിച്ചുമാറ്റുന്നതിന് തീരുമാനം എടുത്തത് വ്യക്തമായ കാരണം ഇല്ലാതെയാണെന്നും കരാർ പുതുക്കേണ്ട എന്ന തീരുമാനവും പിഴപ്പലിശ ഒഴിവാക്കിയതും വാടക ലഭിക്കുന്നതിന് തടസ്സമായി എന്നും വാടക വ്യവസ്ഥകൾ

സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല എന്നും ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി (Stability) സംബന്ധിച്ച് അടിയന്തിരമായി പരിശോധന നടത്തി, കെട്ടിടം പൊളിച്ചു മാറ്റേണ്ടതുണ്ടോയെന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതും, പൊളിച്ചു നീക്കുന്നില്ലെങ്കിൽ നിലവിൽ പ്രവർത്തിക്കുന്ന വാടകക്കാരുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ട്, നാളിതുവരെയുള്ള കുടിശ്ശിക വാടക ഈടാക്കേണ്ടതുമാണെന്നും മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-19 ൽ പരാമർശിച്ചിരുന്നു. എന്നാൽ നിലവിലും ഇതേ അവസ്ഥ തുടരുന്നതായാണ് കാണുന്നത്.

വാടക കുടിശ്ശിക മുഴുവൻ ഈടാക്കുന്നതിനും മേൽ പരാമർശങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വാടകക്കുടിശ്ശിക മുഴുവൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വാടകക്കുടിശ്ശിക സഹിതം ഈടാക്കാതെ വന്നാൽ നഷ്ടത്തിന് ഉത്തരവാദിത്തം അതാത് കാലങ്ങളിലെ സെക്രട്ടറി അടക്കമുള്ള ഉത്തരവാദി ഉദ്യോഗസ്ഥരുടെ ബാധ്യതയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിന്റ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ നഗരസഭകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് നഗരസഭകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം നഗരസഭകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് നഗരസഭകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് നഗരസഭയ്ക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. മറ്റ് ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ നഗരസഭയ്ക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി നികുതി, ഫീസ്, വാടക, സേവന ഉപ നികുതി തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും ഇത് മുഴുവൻ നഗരസഭയുടെ ഡിമാന്റിൽ കൊണ്ടുവന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി (ട്രഷറി / ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ട ചുമതല നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി രാമനാട്ടുകര നഗരസഭയിലെ ടാക്സ് ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

### 1) വസ്തുനികുതി

നഗരസഭയ്ക്ക് ഏറ്റവും അധികം തനത് വരുമാനം ലഭിച്ചുവരുന്നത് വസ്തുനികുതി മുഖേനയാണ്. എന്നാൽ രാമനാട്ടുകര ഗ്രാമപഞ്ചായത്ത് നഗരസഭയായ 2015 മുതൽ നാളിതുവരെയായി നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളും ഉൾപ്പെടുത്തി വസ്തുനികുതി ഡിമാന്റ് പൂർണ്ണമാക്കുകയോ നികുതി നഗരസഭാ നിരക്കിൽ പരിഷ്കരിക്കുകയോ ചെയ്യുന്നതിൽ നഗരസഭ പരാജയപ്പെട്ടിട്ടുണ്ട്. ഇത് നഗരസഭയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടേണ്ട ലക്ഷങ്ങളുടെ വരുമാന നഷ്ടം നഗരസഭയ്ക്ക് ഓരോ

വർഷവും ഉണ്ടാക്കുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

A) **വസ്തുനികുതി പരിഷ്കരണ നടപടികൾ നാളിതുവരെ പൂർത്തിയായില്ല –**

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 230,231,233 വകുപ്പ് പ്രകാരവും തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14.01.2011ലെ സ.ഉ (അ) നം.18/2011ഉം 19/2011 പ്രകാരമുള്ള 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും പഴയ നികുതിദായകർക്ക് 01/04/2011 മുതലും പുതിയ നികുതിദായകർക്ക് 01/04/2013 മുതലും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും, മേഖലാടിസ്ഥാനത്തിലും, ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലും നികുതി നിർണ്ണയം ബാധകമാക്കി നികുതി നിർണ്ണയിക്കുന്നതിനും, പഴയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. രാമനാട്ടുകര ഗ്രാമ പഞ്ചായത്ത്, നഗരസഭയായി മാറിയത് 2015 നവമ്പർ 1 മുതലാണ്. സ.ഉ(അ)നം 20/2011/ത.സ്വ.ഭ.വ Dtd. 14-01-2011 പ്രകാരം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരിക്കുകയും പുതിയ നികുതിദായകർക്ക് 14-01-2011 മുതലും നിലവിലുള്ള നികുതിദായകർക്ക് 01-04-2013 മുതലും വസ്തു നികുതി പരിഷ്കരണം ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രാമനാട്ടുകര ഗ്രാമ പഞ്ചായത്ത് ആയിരുന്ന 2015 നവമ്പർ വരെയും മേൽ സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്ക്കരിക്കുകയോ ഡിമാന്റ് പൂർണ്ണമാക്കുകയോ ചെയ്തിട്ടില്ല. ഇതിനാൽ 2011 ന് മുൻപ് എ.ആർ.വി അടിസ്ഥാനമാക്കിയുള്ള വസതുനികുതി പരിഷ്കരിച്ച് കെട്ടിട ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുകയോ തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള പുതുക്കിയ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. 2015 നവമ്പറിൽ നഗരസഭയായി മാറിയതിന് ശേഷം നഗരസഭാ നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിനായി കൗൺസിലിന്റെ 18-02-2016 ലെ 1(1) ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ വസ്തു നികുതി നിരക്കുകൾ അംഗീകരിക്കുകയും ഈ കരട് നിരക്കുകൾ 09-06-2016 ലെ മാതൃഭൂമി ദിനപത്രത്തിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തു. എന്നാൽ കൗൺസിലിന്റെ ഈ തീരുമാനത്തിനെതിരെ നഗരസഭയിലെ കെട്ടിട ഉടമകൾ കേസ് (Case No-WP©.No.14642/2016(E) നൽകുകയും 08/07/2016 ന് നികുതി പരിഷ്കരണ തുടർ നടപടികൾ തുടർ ഉത്തരവുണ്ടാവുന്നത് വരെ സ്റ്റേ ചെയ്യുകയും ചെയ്തു. സ്റ്റേ വെക്കേറ്റ് ചെയ്തു കിട്ടുന്നതിനായി നഗരസഭ സ്റ്റാന്റിംഗ് കൗൺസൽ കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചത് സ്റ്റേ വന്ന് 6 വർഷം കഴിഞ്ഞ് 03-02-2023 നാണ്. പിന്നീട് 20-12-2023 ലാണ് ഈ കേസിലെ സ്റ്റേ വെക്കേറ്റ് ചെയ്ത് കോടതി ഉത്തരവായിട്ടുള്ളത്. കേസ് നടത്തിപ്പിൽ നഗരസഭയുടെയും നഗരസഭാ സ്റ്റാന്റിംഗ് കൗസലിന്റെയും ഗുരുതര വീഴ്ച സംബന്ധിച്ച് **2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-11 ൽ** വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇത് മൂലം നഗരസഭയ്ക്ക് കോടികളുടെ നഷ്ടമാണ് നാളിതുവരെയായി സംഭവിച്ചുകണ്ടിരിക്കുന്നത്.

സ്റ്റേ വെക്കേറ്റ് ചെയ്ത് കിട്ടിയ 03-02-2023 ന് ശേഷം സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശത്തതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 18-02-2016 ലെ (1)-ാം നമ്പർ തീരുമാന പ്രകാരം 2016 ലെ പുതുക്കിയ വസ്തു നികുതി നിരക്കുകൾ വീണ്ടും കരട് വിജ്ഞാപനം ചെയ്യുന്നതിനായി 18/1/2024ലെ 3(1)a നമ്പർ തീരുമാനമെടുക്കുകയും 26-01-2024 ലെ മാതൃഭൂമി ദിനപത്രത്തിൽ കരട് വിജ്ഞാപനം ചെയ്യുകയും ചെയ്തു. എന്നാൽ ഓഡിറ്റ് പിരീഡ് വരെ ഇത് അന്തിമമാക്കിയിട്ടില്ല. 2016 മുതലുള്ള പുതിയ കെട്ടിടങ്ങൽക്ക് ഈ കരട് വിജ്ഞാപനപ്രകാരമുള്ള വസ്തു നികുതിയാണ് ഈടാക്കി വരുന്നത്. അതായത് അന്തിമ വിജ്ഞാപനം ചെയ്യാത്ത നികുതിയാണ് 2016 മുതൽ 2023 വരെയുള്ള പുതിയ കെട്ടിടങ്ങൾക്ക് നഗരസഭ ഈടാക്കിയിരിക്കുന്നത്.

06-03-2019 ലെ സ.ഉ(സാധാ) 540/2019 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 2013 മുതൽ വസ്തു നികുതി പരിഷ്കരണം നടത്താത്ത നഗരസഭകൾ പരിഷ്കരണ തീയതി 01-04-2016 ബാധകമാക്കണം എന്ന് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം രാമനാട്ടുകര നഗരസഭയ്ക്ക് 01-04-2016 മുതൽ നഗരസഭാ നിരക്ക് പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതാണ്. എന്നാൽ 01-11-2015 ൽ നഗരസഭയായി മാറിയ രാമനാട്ടുകര 01-04-2013 മുതൽ 01-04-2016 വരെ ഗ്രാമപഞ്ചായത്തിന്റെ പുതുക്കിയ വസ്തു നികുതി നിരക്കിലാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ വസ്തു നികുതി പരിഷ്കരിക്കാത്തതിനാൽ 14-01-2011 ന് മുൻപുള്ള കെട്ടിടങ്ങൾക്ക് എ.ആർ.വി പ്രകാരമുള്ള

നികുതിയാണുള്ളത്. പഞ്ചായത്തായിരുന്ന കാലയളവിലെ വസ്തു നികുതി പരിഷ്കരിക്കാതെ എ.ആർ.വി പ്രകാരമുള്ള നികുതിയിൽ മുനിസിപ്പാലിറ്റി നിരക്കിൽ വസ്തു നികുതി പരിഷ്കരിക്കുമ്പോൾ വലിയ നികുതി ചോർച്ചയാണ് നഗരസഭയ്ക്ക് സംഭവിക്കുക. ഗ്രാമ പഞ്ചായത്തായിരുന്ന കാലയളവിലെ നികുതി പരിഷ്കരണം നടത്തേണ്ടതില്ല എന്ന ഒരു നിർദ്ദേശവും ഉത്തരവും സർക്കാരിൽ നിന്നും ലഭ്യമാക്കാതെ മുനിസിപ്പാലിറ്റി നിരക്കിൽ നികുതി പരിഷ്കരിക്കുന്നത് വസ്തു നികുതിയിൽ വലിയ നഷ്ടം ഓരോ വർഷവും നഗരസഭയ്ക്ക് ഉണ്ടാകുന്നതാണ്. ഇതിനാൽ ഈ കാര്യത്തിൽ കൃത്യമായ മാർഗ്ഗ നിർദ്ദേശം സർക്കാരിൽ നിന്നും ലഭ്യമാക്കി നികുതി പരിഷ്കരണ നടപടികൾ ചെയ്യേണ്ടതാണ്.

2016 മുതൽ 2023 മാർച്ച് വരെ വസ്തു നികുതി പരിഷ്കരണം മൂലമുള്ള വർദ്ധനയും പിഴ പലിശയും ഒഴിവാക്കി നൽകുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് ഭരണസമിതി ഏകകണ്ഠമായി തീരുമാനിക്കുകയും (തീരു. നം. 18-01-24 ലെ 3(1)C) പ്രിൻസിപ്പൽ ഡയറക്ടർക്ക് 23-01-24 ന് കത്തയക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2011 മുതൽ 2016 വരെയുള്ള ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിലെ നികുതി വർദ്ധനവും പിഴപലിശയുടെയും കാര്യത്തിൽ നഗരസഭ ഒരു തീരുമാനവും എടുക്കുകയോ സർക്കാരിലേയ്ക്ക് വ്യക്തതയ്ക്കായി ആവശ്യപ്പെടുകയോ നാളിതുവരെ ചെയ്തിട്ടില്ല. ഇതിനാൽ തന്നെ നിലവിൽ 2016 മുതലുള്ള നികുതി പരിഷ്കരണം പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുകയും ഇത് വസ്തു നികുതി ചട്ട ലംഘനത്തിനും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമാവുകയും ചെയ്യുന്നതാണ്.

രാമനാട്ടുകര വാർഡ് വിഭജനത്തിന് മുൻപ് 11 വാർഡുകളും വാർഡ് വിഭജനത്തിന് ശേഷം 19 വാർഡുകളുമാണുണ്ടായിരുന്നത്. ഇത് നഗരസഭയായപ്പോൾ 31 ഡിവിഷനുകളായി. എന്നാൽ ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിലെയും നഗരസഭയായ കാലയളവിലെയും വസ്തു നികുതി പരിഷ്കരണം നടത്തി ഡിമാന്റ് പൂർണ്ണമാക്കി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തായിരുന്ന കാലത്തെ വാർഡ് വിഭജനത്തിന് മുൻപുള്ള 11 വാർഡ് പ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ തന്നെയാണ് നിലവിലും അസസ്മെന്റ് രജിസ്റ്ററായി നഗരസഭയിൽ ഉപയോഗിച്ചുവരുന്നത്. അതായത് 31 ഡിവിഷനുകളുള്ള നഗരസഭയായതു മുതൽ കെട്ടിട നമ്പർ നൽകിയ പുതിയ കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിലെ 11 വാർഡ് അടിസ്ഥാനത്തിലുള്ള കെട്ടിടനമ്പറാണ് നിലവിലും നൽകി വരുന്നത്. ഇതിന്റെ കൂടെ ഗ്രാമ പഞ്ചായത്തിന്റെ 19 വാർഡ് വിഭജനത്തിന്റെ പ്രകാരമുള്ള കെട്ടിട നമ്പറും ചേർത്തി നൽകുകയാണ് ചെയ്യുന്നത്.

സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ Dtd. 22-03-23 പ്രകാരം 01-04-2023 മുതൽ നഗരസഭകളുടെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 23-11-2023 ന് 01-04-2023 പ്രാബല്യത്തിൽ രാമനാട്ടുകര നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ന് മുൻപ് നമ്പർ നൽകിയ കെട്ടിടങ്ങളിൽ നിന്നും 31-03-23 വരെയും എ.ആർ.വി പ്രകാരമുള്ള നികുതിയാണ് ഈടാക്കി വരുന്നത്. 01-04-23 മുതൽ ഇത്തരം കെട്ടിടങ്ങളിൽ നിന്നും എ.ആർ.വി പ്രകാരമുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് മാത്രമാണ് പരിഷ്കരണത്തിലൂടെ വർദ്ധിക്കുന്നത്. എന്നാൽ ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടില്ല. മുൻ കാലങ്ങളിലെ രണ്ട് നികുതി പരിഷ്കരണം പ്രാപല്യത്തിൽ കൊണ്ടുവരാതെയുള്ള നിലവിലെ നികുതി പരിഷ്കരണം മൂലം നഗരസഭയ്ക്ക് വലിയ തുക നികുതി നഷ്ടമുണ്ടാകും.

നഗരസഭയിൽ വസ്തു നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ ഡിമാന്റുകൾ അപ്രൂവ് ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി 06/22-23 ന് നഗരസഭ മറുപടി നൽകിയിട്ടുണ്ട്. ഇതിനാൽ തന്നെ നഗരസഭയുടെ വസ്തു നികുതി ഡിമാന്റ്/കലക്ഷൻ/ബാലൻസ് സംബന്ധിച്ച ഒരു കണക്കും ലഭ്യമാവാത്ത സ്ഥിതിയാണുള്ളത്. വാർഷിക കണക്കിൽ നൽകിയിരിക്കുന്ന വസ്തു നികുതി ഡിമാന്റ്/ബാലൻസ് വിവരങ്ങൾക്ക് യഥാർത്ഥ കണക്കുമായി യാതൊരു ബന്ധവുമില്ലാത്തതാണ്.

രാമനാട്ടുകര മുനിസിപ്പാലിറ്റി വസ്തുനികുതി പരിഷ്കരണ നടപടികൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി ഡാറ്റാ എൻട്രി ചെയ്യുന്ന സമയത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പെർമിറ്റ്, ഒക്യുപ്പൻസി

എന്നിവ ഇല്ലാതെ അനധികൃത കെട്ടിടങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്ത് ഫ്രണ്ട് ഓഫീസിൽ ടാക്സ് അടപ്പിച്ച് സഞ്ചയയിൽ എൻട്രി വരുത്തി കൃത്രിമം നടത്തിയത് കണ്ടെത്തിയതിനെ തുടർന്ന് ക്ലാർക്കായ ശ്രീ. സജു സി. എച്ച് നെ 06-07-2022 തീയതി മുതൽ വേലവിലക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അനധികൃത കെട്ടിട നമ്പറുകൾ കണ്ടെത്തുന്നതിനായി പരിശോധന നടത്തുന്നതിന് സെക്രട്ടറി ഉത്തരവിട്ടത് പ്രകാരം (11-11-2022 ലെ G1(A4) 4664/2019) സൂപ്രണ്ടും അസിസ്റ്റന്റ് എഞ്ചിനീയറും സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലും കെട്ടിട ഉടമകളെ ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിലും അനധികൃതമായി നൽകിയ 80 കെട്ടിട നമ്പറുകൾ മുനിസിപ്പാലിറ്റി ക്യാൻസൽ ചെയ്തിട്ടുണ്ട്. കൂടാതെ സെക്രട്ടറിയുടെ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് സഞ്ചയയിൽ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ഈ കാലയളവിൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ എൻട്രി ചെയ്ത 8000 ഡാറ്റകൾ, നിലവിലെ അസസ്സ്മെന്റ് രജിസ്റ്റർ, ഒക്യുപൻസി/ ബിൽഡിംഗ് രജിസ്റ്റർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവയിലെ ഡാറ്റകൾ താരതമ്യം ചെയ്ത് ഈ രജിസ്റ്ററുകളിലൊന്നും യഥാവിധി പരാമർശിച്ചിട്ടില്ലാത്തതും സഞ്ചയയിൽ ചേർത്തതുമായ കെട്ടിട നമ്പറുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് ജീവനക്കാരെ 10-10-2022 ലെ ജി1(A4)-2743/2019 നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആകെ 473 കെട്ടിട നമ്പറുകൾ/ഡിമാന്റുകൾ ഇപ്രകാരം യഥാവിധി ചേർക്കപ്പെട്ടവയല്ല എന്ന് കണ്ടെത്തിയിട്ടുണ്ട് (ഫയൽ നം. G1(A4) 2743/19 Dtd 10-10-2022 ലെ ഓഫീസ് നോട്ട്). എന്നാൽ ഈ കെട്ടിടങ്ങൾ യു. എ രജിസ്റ്ററിൽ കൊണ്ടുവരികയോ അനധികൃത കെട്ടിടത്തിന് ബാധകമായ മൂന്നിരട്ടി വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ആകെ 5 കെട്ടിടങ്ങൾ മാത്രമാണ് യു. എ രജിസ്റ്ററിലുള്ളത്.

സഞ്ചയയിൽ ഡിമാന്റുകൾ അപ്രൂവ് ചെയ്യാത്തതിനാൽ നിലവിലും ഓൺലൈനായി ടാക്സ് അടയ്ക്കുന്നതിനുള്ള സൗകര്യം നഗരസഭയിൽ ഇല്ല. ഇതിനാൽ തന്നെ സഞ്ചയയിൽ ഓഡിറ്റ് കാലയളവിലേതുൾപ്പടെയുള്ള ന്യൂ ബിൽഡിംങ് രജിസ്റ്റർ ലഭ്യമല്ല. നഗരസഭയിൽ വേക്കൻസി റമിഷൻ രജിസ്റ്റർ, നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. സഞ്ചയയിൽ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ നഗരസഭയിൽ ആകെയുള്ള കെട്ടിടങ്ങളുടെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച പ്രകാരം കൗൺസിലിന്റെ 2016 ലെ തീരുമാനപ്രകാരമുള്ള മുൻ വസ്തുനികുതി പരിഷ്കരണം പോലും നടപ്പിലാക്കാത്തതിനാൽ 2023 ലെ നികുതി പരിഷ്കരണ നടപടികളും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ് നഗരസഭയിൽ നിലനിൽക്കുന്നത്. 2023 ലെ വസ്തു നികുതി പരിഷ്കരണ ഉത്തരവിന്റെ ഭാഗമായി നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി വിവരശേഖരണത്തിനും, ഡാറ്റാ എൻട്രി നടത്തുന്നതിനുമായി സിവിൽ ടെക്നിക്കൽ ക്വാളിഫിക്കേഷൻസ് ഉള്ളവരെ നിയമിക്കുന്നതിനും, ഒരു കെട്ടിടത്തിന് പരമാവധി 30/- രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും 22-11-23 ലെ 8(1) നമ്പർ തീരുമാനം നഗരസഭ എടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആളുകളെ തിരഞ്ഞെടുക്കുകയും ഫീൽഡ് പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**GIS മാപ്പിംഗ്**

രാമനാട്ടുകര നഗരസഭയിലെ ആസ്തികളുടേയും അസസ്മെന്റ് പ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടേയും ഡാറ്റാ ബേസ് ഉപഗ്രഹ സഹായത്തോടെ തയ്യാറാക്കൽ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ജി.ഐ.എസ് മാപ്പിംഗ്. ഒരു കെട്ടിടത്തിന് 110 രൂപ നിരക്കിൽ 2500 കെട്ടിടം മാപ്പിംഗ് ചെയ്യുന്നതിനും ച. കി. മീറ്ററിന് 7000 രൂപ നിരക്കിൽ 17 യൂണിറ്റ് ബേസ് മാപ്പ് ചെയ്യുന്നതിനും ഡാറ്റ ഇന്റഗ്രേഷൻ, റിപ്പോർട്ട് മാപ്പിംഗ് ആന്റ് ജനറേഷൻ എന്നിവയുമാണ് ഒന്നാം ഘട്ടത്തിൽ ചെയ്യാനുദ്ദേശിച്ചത്. ഇതിനായി 04-10-2018 ലെ സ.ഉ(സാ.ധാ) നം.2556/18, ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 19-3-2022 ന് ULCC യുമായി കരാറിൽ ഏർപ്പെടുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. നാളിതുവരെ ആകെ 10,11,225 രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക ചെലവഴിച്ച് ജി.ഐ.എസ് മാപ്പിംഗ്

പ്രവൃത്തി പൂർത്തിയാക്കിയിട്ടും മേൽ പരാമർശിച്ച പ്രകാരം ഫീൽഡ് പരിശോധനയ്ക്ക് തുക ചെലവഴിക്കുന്നത് ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തി പരാജയമാണ് എന്നതിന്റെ തെളിവാണ്. കൂടാതെ ഒരേ പ്രവൃത്തി വീണ്ടും ചെയ്യുന്നതിലൂടെ നഗരസഭയ്ക്ക് അധിക തുക നഷ്ടമാവുകയും ചെയ്യുന്നതാണ്. പൂർത്തിയായതായി ULCCS റിപ്പോർട്ട് നൽകിയ ഈ പദ്ധതി ബേസ് ഡാറ്റയുടെ അഭാവത്താൽ ഐ.കെ.എമ്മിന്റെ നഗരസഭയുടെ വസ്തുനികുതി കണക്കാക്കുന്ന സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ നാളിതുവരെ ഒക്യുപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങളെ ജി.ഐ.എസ് മാപ്പിംഗ് സോഫ്റ്റ് വെയറായ "ദൃഷ്ടി"യിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനാൽ തന്നെ നാളിതുവരെയായി ജി.ഐ.എസ് മാപ്പിങ്ങിനായി നൽകിയ 10,11,225/- രൂപ യഥാർത്ഥത്തിൽ നഗരസഭയ്ക്ക് വസ്തുനികുതി പരിഷ്കരണത്തിനു ഉപയോഗപ്രദമാവാതെ നഷ്ടപ്പെട്ട സ്ഥിതിയാണുള്ളത്. ഇത് സമ്പന്ധിച്ച അപാകതകളുടെ വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-28 ൽ പരാമർശിച്ചിട്ടുണ്ട്.

**C) വസ്തുനികുതി നിർണ്ണയം- അപാകതകൾ**

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നികുതി നഷ്ടം സംഭവിച്ചതായ പരാമർശങ്ങൾ നാളിതുവരെ പരിഹരിക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ തെറ്റായി നൽകുന്നതും തെറ്റായി മേഖലകളും, റോഡും, തറവിസ്തീർണ്ണവും, തറ നിർമ്മിതിയുമുൾപ്പടെ രേഖപ്പെടുത്തുന്നത് ചൂണ്ടിക്കാണിച്ചിട്ടും ആയവ പരിഹരിക്കാതെ പഴയ നികുതി തന്നെ ഈടാക്കിവരുന്നത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. ഉദാ:- ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-19 കാണുക. തെറ്റായ നടപടികൾ സ്വീകരിക്കുന്നത് മൂലവും വിനിയോഗക്രമത്തിനനുസൃതമായി നികുതി നിർണ്ണയിക്കാത്തത് മൂലവും വലിയ തുക സ്ഥാപനത്തിന് നികുതി നഷ്ടമുണ്ടാകുന്നുണ്ട്.

**പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നില്ല**

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം, 2019 ചട്ടം 21 പ്രകാരം 50M2ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി കൃത്യമായ ഇടവേളകളിൽ നടത്താത്തതു മൂലമാണ് എന്ന് വ്യക്തമാണ്. ഉദാ:- ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-16 കാണുക. ഇതിനാൽ നഗരസഭയിൽ മുൻ വർഷങ്ങളിൽ ഒക്യുപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകിയ മുഴുവൻ വാണിജ്യ കെട്ടിടങ്ങളിലും ചട്ട പ്രകാരം സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതും ചട്ട ലംഘനം കണ്ടെത്തുന്ന കെട്ടിടത്തിന്റെ ഉടമകൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**4) സേവന ഉപനികുതി**

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ നഗരസഭ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. നഗരസഭയിൽ നിലവിൽ വസ്തുനികുതിയോടൊപ്പം 10% സേവന ഉപനികുതി ചുമത്തപ്പെടുന്നുണ്ട്.

**സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ**

- വസ്തുനികുതി പരിഷ്കരണ നടപടികൾ നിർവ്വഹണ കലണ്ടർ തയ്യാറാക്കി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി മേൽ ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം സർക്കാരിൽ നിന്നും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- "ദൃഷ്ടി" (ജി.ഐ.എസ് മാപ്പിംഗ്) സോഫ്റ്റ് വെയറിൽ ബേസ് ഡാറ്റ ഇല്ലാത്ത കെട്ടിടങ്ങളുടെ ബേസ് ഡാറ്റ കണ്ടെത്തി ഉൾപ്പെടുത്തേണ്ടതും കെട്ടിട നമ്പർ അനുവദിച്ച മുഴുവൻ കെട്ടിടങ്ങളും ഇതിൽ

ഉൾപ്പെടുത്തുകയും ചെയ്ത് അധിക ചെലവില്ലാതെ പദ്ധതി നഗരസഭയ്ക്ക് ഉപകാരപ്രദമാവും വിധം പൂർത്തിയാക്കേണ്ടതും ഇതിലൂടെ നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- സഞ്ചയയിൽ രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളും അസസ്മെന്റ് രജിസ്റ്ററിൽ ഉള്ള ഡാറ്റയുമായി താരതമ്യം ചെയ്ത് വ്യാജമായ കെട്ടിടങ്ങൾ കണ്ടെത്തി പ്യൂരിഫിക്കേഷൻ ചെയ്യേണ്ടതാണ്.
- തെറ്റായ നിരക്കിലും അനർഹമായി ഇളവ് നൽകിയും വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുന:പരിശോധിക്കേണ്ടതാണ്.
- കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി രേഖപ്പെടുത്തിയത് മൂലം വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുള്ളതായി മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചവയും അല്ലാത്തതുമായ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
- വസ്തുനികുതി ഇ-പേയ്മെന്റ് സൗകര്യം അടിയന്തിരമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ വ്യാപകമായ പ്രചാരണം/ ബോധവത്കരണം നടത്തേണ്ടതും നിലവിൽ വസ്തുനികുതി പിരിവിന് ഉപയോഗപ്പെടുത്തുന്ന മനുഷ്യശേഷി കുറച്ച് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, നഗരസഭ പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും, ഒടുക്കാൻ ബാധ്യതപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റിൽ വന്നിട്ടില്ലെന്നും 2021-22 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-10 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള മുനിസിപ്പാലിറ്റി ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (വകുപ്പ് 205 ബി, ചട്ടം 13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. (2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം, ചട്ടം 5)

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നം. 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും

അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

4. നഗരസഭയിലെ സ്ഥാപനങ്ങളുടെ "ദൃഷ്ടി" സോഫ്റ്റ് വെയറിലെ വിവരങ്ങളും സ്ഥാപനത്തിലെ രേഖകൾ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുത്തുന്നതിനുള്ള പരിശോധന നടത്തി മുഴുവൻ സ്ഥാപനങ്ങളെയും ജീവനക്കാരുടെയും ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഇതിലൂടെ ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തേണ്ടതാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ അപാകതകൾക്ക് കാരണമായി. നികുതി പിരിവിനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ കമ്മിറ്റി നൽകേണ്ടതും സൂപ്പർവിഷൻ നടത്തേണ്ടതുമാണ്.

**വ്യാപാര ലൈസൻസ് ഡിമാന്റ് പൂർണ്ണമാക്കിയില്ല.**

വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട അപാകതകൾ വിശദമായി മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. ലൈസൻസ് അനുവദിക്കുന്നതിൽ കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തതിനാൽ തനത് ഫണ്ടിന്റെ ഭീമമായ ചോർച്ച നടന്ന് കൊണ്ടിരിക്കുന്നതായും, ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി നിയമ പ്രകാരം ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ കച്ചവട വ്യാപാര/സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സത്വര നടപടികൾ ഭരണസമിതിയും, സെക്രട്ടറിയും സ്വീകരിക്കേണ്ടതാണെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിലവിലും അപാകതകൾ തുടരുന്നു. ഇത് സംബന്ധിച്ച് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫീൽഡ് തല ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ മനുഷ്യശേഷിയുടെ പരമാവധി ഫീൽഡ് തല ചുമതലകൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
- ഫീൽഡ് തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും നഗരസഭ പരിധിയിലെ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചും സ്ഥലം ഉപയോഗപ്പെടുത്തിയും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

**വാടക**

നഗരസഭ വാർഡ് 5 ലെ മാർക്കറ്റ് കോംപ്ലക്സിൽ 50 മുറികളും വാർഡ് 10 ലെ പുല്ലുംകുന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 13 മുറികളും വാടകയ്ക്ക് നൽകി വരുന്നുണ്ട്. വാടക കെട്ടിടങ്ങൾ സംബന്ധിച്ചുള്ള അപാകതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-14 ൽ വിശദമായി പരാമർശിച്ചിട്ടുള്ളത് കാണുക.

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിരന്തരമായി കെട്ടിടങ്ങളുടെ വാടക പിരിക്കുന്നത് സംബന്ധിച്ച അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും ആയത് നിലവിലും പരിഹരിച്ചിട്ടില്ല. വരുമാനച്ചോർച്ച തടയാനുള്ള യാതൊരു സംവിധാനവും നിലവിൽ നഗരസഭയിലില്ല. മുറികളുടെ ഡെപ്പോസിറ്റ് തുകയെ സംബന്ധിച്ച് കൃത്യമായ ഒരു വിവരവും മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ല എന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു.

**പുഴ പുറമ്പോക്കുകളുടെ സംരക്ഷണം**

നഗരസഭക്ക് പുഴ പുറമ്പോക്കുകൾ ഉണ്ടോ എന്ന് പരിശോധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പ്രാഥമികമായി ഇത്തരത്തിലുള്ള ആസ്തികൾ നഗരസഭ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വില്ലേജ്

ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധിക്കേണ്ടതും പുറമ്പോക്കുകൾ ഉള്ള പക്ഷം ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആസ്തി പ്രയോജനപ്പെടുത്തി വരുമാനം ആർജ്ജിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

**മറ്റുള്ളവ**

നഗരസഭയുടെ അധീനതയിലുള്ള ഭൂമിയിലെ (ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ) ഫലവൃക്ഷങ്ങൾ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരുമാന നഷ്ടമുണ്ടാകാനിടയുണ്ട്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 ഒക്യുപൻസിയ്ക്ക് ശേഷം കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മാണം നടത്തുന്നു.

2022-23 ൽ ഒക്യുപ്പൻസി നൽകിയ വാണിജ്യ കെട്ടിടങ്ങളിൽ 02-02-2024 ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിൽ കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) ശ്രീമതി. കെ. കെ രമ, കാഞ്ഞോളി, കുറ്റിക്കളത്തിൽ എന്നവരുടെ ഉടമസ്ഥതയിലുള്ളതും 598.06 $M^2$ ഫ്ലോർ ഏരിയയുള്ളതുമായ വാണിജ്യ കെട്ടിടത്തിന്റെ 398.5M2 ഉള്ള ഒന്നാം നിലയുടെ നിർമ്മാണത്തിന് 29-12-2021 ൽ A3/953/21 നമ്പറായി ഒക്യുപ്പൻസി നൽകി "10/402 L" കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന് മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടപ്രകാരം 7 കാർ പാർക്കിംഗ് ആവശ്യമാണ്. ഒക്യുപ്പൻസിയ്ക്കായി ലഭ്യമാക്കിയ പാർക്കിംഗ് പ്ലാനിൽ ചട്ട പ്രകാരം ആവശ്യമായ പാർക്കിംഗ് കാണിച്ചിട്ടുണ്ട്. എന്നാൽ 02-02-24 ന് ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിനുള്ളിലായി കാണിച്ചിരിക്കുന്ന ഒരു കാർ പാർക്കിംഗ് ഷോപ്പ് റൂമായി മാറ്റം വരുത്തി ഉപയോഗിച്ച് വരുന്നതായി കണ്ടു. ഇതിനാൽ പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് കുറവ് വന്നതായി ബോധ്യപ്പെട്ടു.

2) ശ്രീ. അബ്ദുൾ മജീദ്, വരയം വളപ്പിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 235.33 $M^2$ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷ പ്രകാരം 11.08.2022 ൽ TP 7060/22 നമ്പറായി ഒക്യുപ്പൻസി നൽകുകയും 15/15 H എന്നകെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ സ്ഥല പരിശോധനയിൽ കെട്ടിടത്തിനുള്ളിലായി കാണിച്ച രണ്ട് ടോയിലറ്റുകൾ ഒഴിവാക്കിയതായും ഇതിന് പകരമായി കെട്ടിടത്തിന്റെ വലതുവശം ഒരു ടോയിലറ്റ് നിർമ്മിച്ചതായും കണ്ടു. ഡിസേബിൾഡ് ടോയിലറ്റ് ഉൾപ്പടെ 2 ടോയിലറ്റുകൾ ചട്ട പ്രകാരം ആവശ്യമായ ഈ കെട്ടിടത്തിന് നിലവിലിൽ ഡിസേബിൾഡ് ടോയിലറ്റ് ഇല്ല എന്നും ബോധ്യപ്പെട്ടു. കൂടാതെ കെട്ടിടത്തിന് വലതു വശം സമീപത്തെ സ്ഥല ഉടമയുടെ സമ്മതപത്രമില്ലാതെ അതിരിനോട് ചേർന്ന് ഷീറ്റ് ഇട്ട് റൂം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

3) ശ്രീ. നിധിൻ മോഹൻ, ആരതി (H) എന്നവരുടെ ഉടമസ്ഥതയിലുള്ളതും 05/275 A, B, C എന്നിങ്ങനെ കെട്ടിട നമ്പർ നൽകിയതുമായ 245.92 $M^2$ ഉള്ള വാണിജ്യ കെട്ടിടത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ താഴെ നിലയിൽ കെട്ടിടത്തിന് ഉള്ളിലായി കാണിച്ച 2 കാർ പാർക്കിംഗുകൾ അടച്ച് കെട്ടി ഷോപ്പ് റൂമായി മാറ്റം വരുത്തിയതായി കണ്ടു.

മേൽ പരാമർശിച്ച പ്രകാരം ഒക്യുപ്പൻസി കിട്ടിയ ശേഷം കെട്ടിടത്തിൽ അനധികൃതമായി മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി പിശോധിക്കേണ്ടതായിരുന്നു.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം,2019ചട്ടം 21പ്രകാരം 50M2ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസ് ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇത്തരം ഒരു പരിശോധന സെക്രട്ടറി

നടത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (52/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിട ഉടമകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകേണ്ടതും മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ട ലംഘനം പരിശോധിച്ച് ആയതിൻമേൽ ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ മുൻ വർഷം ഒക്യുപ്പൻസി നൽകി കെട്ടിട നമ്പർ ഇഷ്യൂ ചെയ്ത കെട്ടിടങ്ങളിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി കെട്ടിട നിർമ്മാണ ചട്ട ലംഘനമില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 ഓഡിറ്റ് റിക്വിസിഷൻ നൽകിയിട്ടും കെട്ടിട നിർമ്മാണ ഫയലുകൾ മുഴുവൻ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2022-23 സാമ്പത്തിക വർഷ ഓഡിറ്റിന്റെ ഭാഗമായുള്ള ഫയൽ പരിശോധനയ്ക്കായി കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവ പ്രകാരം റിക്വിസിഷൻ നൽകിയ ചുവടെ കൊടുത്ത ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരമുള്ള 26 കെട്ടിട നിർമ്മാണ കംപ്ലീഷൻ അപേക്ഷകൾക്കായി 24-01-2024 ന് നൽകിയ ഓഡിറ്റ് റിക്വിസിഷനിൽ ആകെ 14 കംപ്ലീഷൻ ഫയലുകളാണ് പരിശോധനയ്ക്കായി നൽകിയത്. ലഭ്യമാവാത്ത ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടനമ്പർ പുതിയ ഡിവിഷൻ അടിസ്ഥാനത്തിൽ | കെട്ടിടനമ്പർ പഴയ ഡിവിഷൻ അടിസ്ഥാനത്തിൽ | കെട്ടിട ഉടമ | ഫയൽ നമ്പർ | ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഡിമാന്റ് നമ്പർ |
|---|---|---|---|---|---|
| 1 | 9/422A,A1 | 2/29B,B1 | പ്രേമ. പി. വി, ചെറേക്കാട്ട് | A3-5241/22 | 17697,17698 |
| 2 | 4/401A | 7/567B | നന്ദകുമാർ. യു, "നന്ദനം" | A3/3528/22 | 17699 |
| 3 | 12/60A,A1,A2 | 2/410A,A1,A2 | ബാബു.സി. പി, ചോലയിൽ, പള്ളിയാളി | A3-5449/22 | 17707-09 |
| 4 | 13/811A,B | 06/351H,I | M.P മോഹൻ ദാസ്, മുട്ടുംകുന്നത്ത് | TP-5997/22 | 17741-42 |
| 5 | 13/814 To 819 | 6/351B To G | M.P മോഹൻ ദാസ്, മുട്ടുംകുന്നത്ത് | TP-5997/22 | 10861-66 |
| 6 | 13/811 B | 6/353 B | M.P മോഹൻ | TP-5997/22 | 17623 |

| | | | | | |
|---|---|---|---|---|---|
| | | | ദാസ്, മുട്ടംകുന്നത്ത് | | |
| 7 | 3/682AB,AC | 8/397AB,AC | റുഖിയ ബീവി, തയ്യിൽ പീടികയിൽ | TP-6859/22 | 1774 -47 |
| 8 | 11/395P,Q,R | 2/317P,Q,R | ഹരിദാസൻ, ചോലയിൽ | TP-13144/21 | 17763-65 |
| 9 | 12/986a,B | 2/748a,B | ഹസ്സൻ, പാണ്ടികശാല | TP- 9295 | 17767-68 |
| 10 | 13/95 B To E | 5/682 C To F | കെ.ടി ജോസഫ് മുതൽപേർ | R2(TP-6252/22 | 17779-82 |
| 11 | 11/65 B,C | 1/326 A,B | മധു, നെല്ലിക്കോട്ട് | R2(TP)7023/22 | 17798-99 |

2) 2022-23 കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരമുള്ള 31 പെർമിറ്റ് ഫയലുകൾ പരിശോധിക്കുന്നതിനായി 29-01-2024 ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ചുവടെ കൊടുത്ത പെർമിറ്റ് ഫയലുകൾ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പെർമിറ്റ് നം | ഉടമ |
|---|---|---|
| 1 | BL-14/22-23 | എം. കെ അബ്ദുറഹിമാൻ, മാണക്കഞ്ചേരി |
| 2 | BL-17/22-23 | രാജൻ, മാടാരി |
| 3 | BL-97/22-23 | നിതിൻ ബാബു, ആലോക് (H) |
| 4 | BL-106/22-23 | അബ്ദുൾ മജീദ്. കെ, കളത്തിങ്കൽ |
| 5 | BL-113/22-23 | പ്രതീശൻ, നായാടിൽ |
| 6 | BL-130/22-23 | ഹരീഷ് കുമാർ, ശ്രീനിലയം |
| 7 | BL-144/22-23 | മോഹനൻ, ശ്രീലകം |
| 8 | BL-149/22-23 | കെ. റഷീദ് ബാബു, ബാബു മൻസിൽ |
| 9 | BL-150/22-23 | സുരേഷ് കുമാർ, പുളിയക്കോട് |
| 10 | BL-165/22-23 | കുഞ്ഞിഫാത്തിമ മുതൽപേർ |
| 11 | BL-181/22-23 | സാഗിർ, ചേനാത്തിൽ |
| 12 | BL-221/22-23 | പി. കെ മുഹമ്മദ് റിയാസ് |
| 13 | BL-390/21-23 | ബോബി വി ജോസഫ്, നിർമ്മല |
| 14 | BL-394/21-22 | കെ. പി കുഞ്ഞബ്ദുള്ള മുതൽപേർ |

3) ചുവടെ കൊടുത്ത കെട്ടിടങ്ങളുടെ ഫോറം- 6, കംപ്ലീഷൻ ഫയലിൽ സമർപ്പിച്ചിട്ടില്ല. ഇതിനാൽ ഇവയുടെ നികുതി കണക്കാക്കിയതിലെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | കെട്ടിട നമ്പർ | ഉടമ |
|---|---|---|
| 1 | 5/563 B To C | പി. സുരേഷ് |
| 2 | 5/275A To C | നിധിൻ മോഹൻ |
| 3 | 4/65A To E | സതീഷ് മണ്ണോടി |
| 4 | 6/469G,H,J | വിനോദ്, മാടാരി |
| 5 | 10/402 L | രമ. കെ. കെ |
| 6 | 15/15H | അബ്ദുൾ മജീദ് |

പട്ടിക പ്രകാരമുള്ള ഫയലുകൾ ലഭ്യമാക്കാത്തതിനാൽ ഈ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കിയതിലെ കൃത്യത പരിശോധിക്കുന്നതിനോ കെട്ടിട നിർമ്മാണ ചട്ട ലംഘനം പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (54/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-18 അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ കാലികമാക്കിയില്ല

ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയ നഗരസഭയിലെ യു. എ രജിസ്റ്ററിൽ ആകെ 5 പേരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ മാത്രമാണുള്ളത്. ഇതിൽ ഒരു കെട്ടിടത്തിൽ തന്നെ 70 കെട്ടിട മുറികളുണ്ട്. ബാക്കി 4 അനധികൃത കെട്ടിടങ്ങളാണ് യു. എ രജിസ്റ്ററിലുള്ളത്. രാമനാട്ടുകര മുനിസിപ്പാലിറ്റി വസ്തുനികുതി പരിഷ്കരണ നടപടികൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി ഡാറ്റാ എൻട്രി ചെയ്യുന്ന സമയത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ ഇല്ലാതെ അനധികൃത കെട്ടിടങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്ത് ഫ്രണ്ട് ഓഫീസിൽ ടാക്സ് അടപ്പിച്ച് സഞ്ചയയിൽ എൻട്രി വരുത്തി കൃത്രിമം നടത്തിയത് കണ്ടെത്തിയതിനെ തുടർന്ന് ക്ലാർക്കായ ശ്രീ. സജു സി.എച്ച് നെ 06-07-2022 തീയതി മുതൽ വേലവിലക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അനധികൃത കെട്ടിട നമ്പറുകൾ കണ്ടെത്തുന്നതിനായി പരിശോധന നടത്തുന്നതിന് സെക്രട്ടറി ഉത്തരവിട്ടത് പ്രകാരം (11-11-2022 ലെ G1(A4) 4664/2019) സൂപ്രണ്ടും അസിസ്റ്റന്റ് എഞ്ചിനീയറും സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലും കെട്ടിട ഉടമകളെ ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിലും അനധികൃതമായി നൽകിയ 80 കെട്ടിട നമ്പറുകൾ മുനിസിപ്പാലിറ്റി ക്യാൻസൽ ചെയ്തിട്ടുണ്ട്. കൂടാതെ സെക്രട്ടറിയുടെ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് സഞ്ചയയിൽ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ഈ കാലയളവിൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ എൻട്രി ചെയ്ത 8000 ഡാറ്റകൾ, നിലവിലെ അസസ്സ്മെന്റ് രജിസ്റ്റർ, ഒക്യുപ്പൻസി/ബിൽഡിംഗ് രജിസ്റ്റർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവയിലെ ഡാറ്റകൾ താരതമ്യം ചെയ്ത് ഈ രജിസ്റ്ററുകളിലൊന്നും യഥാവിധി പരാമർശിച്ചിട്ടില്ലാത്തതും സഞ്ചയയിൽ ചേർത്തതുമായ കെട്ടിട നമ്പറുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് ജീവനക്കാരെ 10-10-2022 ലെ ജി1(A4)-2743/2019 നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആകെ 473 കെട്ടിട നമ്പറുകൾ/ ഡിമാന്റുകൾ ഇപ്രകാരം യഥാവിധി ചേർക്കപ്പെട്ടവയല്ല എന്ന് കണ്ടെത്തിയിട്ടുണ്ട് (ഫയൽ നം G1(A4) 2743/19 Dtd 10-10-2022 ലെ ഓഫീസ് നോട്ട്). എന്നാൽ ഈ കെട്ടിടങ്ങൾ യു.എ രജിസ്റ്ററിൽ കൊണ്ടുവരികയോ അനധികൃത കെട്ടിടത്തിന് ബാധകമായ മൂന്നിരട്ടി വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

ഇതിനാൽ തന്നെ ഈ കെട്ടിടങ്ങളിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും

അനധികൃത നികുതി ലഭ്യമാവാതിരിക്കുന്നതിനും ഇത് കാരണമാവുന്നു. കൂടാതെ ഇത്തരം കെട്ടിടങ്ങൾ അധികൃത കെട്ടിടം എന്ന നിലയിൽ തന്നെയാണ് നിലവിലും പ്രവർത്തിച്ചുവരുന്നത്. വ്യാജ കെട്ടിട നമ്പർ നൽകിയതായി കണ്ടെത്തിയ ഇത്തരം കെട്ടിടങ്ങളെ അനധികൃത നിർമ്മാണമായി കണക്കാക്കി യു. എ നമ്പർ നൽകി മൂന്നിരട്ടി വസ്തു നികുതി ഈടാക്കി അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൊണ്ടുവരേണ്ടതും ഈ കെട്ടിട ഉടമകൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (56/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 വസ്തു നികുതി തെറ്റായി നിർണ്ണയിക്കുന്നു - നികുതിയിനത്തിൽ നഷ്ടം

ശ്രീ. അബ്ദുള്ളക്കോയ ടി. പി, എന്നവരുടെ ഉടമസ്ഥതയിലുള്ളതും 3/446 A1 മുതൽ A4 വരെ കെട്ടിട നമ്പർ നൽകിയതുമായ 271.02 $M^2$ ഉള്ള കൊമേഴ്സ്യൽ കം ഡോർമെറ്ററി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ 122.15 $M^2$ ഉള്ള വാണിജ്യ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് 100 $M^2$ ൽ താഴെയുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിരക്കിലാണ് (ച.മീ ന് 70/- രൂപ). യഥാർത്ഥത്തിൽ കെട്ടിടത്തിന് ച. മീ ന് 80/- രൂപ നിരക്കിലാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഈടാക്കിയ കെട്ടിട നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട കെട്ടിട നികുതി | നഷ്ടം |
|---|---|---|---|
| 1 | 7/421 A1 (40.72M2)<br>40.72X70=2850<br>വർദ്ധനവ് 20%= 570<br>ആകെ =3420/-<br>5% LC=171/-<br>10% Service Charge= 342/- | 7/421 A1 (40.72M2)<br>40.72X80=3258<br>വർദ്ധനവ് 20%= 652<br>ആകെ =3910/-<br>5% LC=196/-<br>10% Service Charge= 392/- | വസ്തു നികുതി =490/-<br>LC = 25/-<br>Service Tax= 50/- |
| 2 | 7/421 A2 (40.72M2)<br>40.71X70=2850<br>വർദ്ധനവ് 20%= 570<br>ആകെ =3420/-<br>5% LC=171/-<br>10% Service Charge= 342/- | 7/421 A1 (40.72M2)<br>40.7X80=3257<br>വർദ്ധനവ് 20%= 652<br>ആകെ =3909/-<br>5% LC=196/-<br>10% Service Charge= 391/- | വസ്തു നികുതി =489/-<br>LC = 25/-<br>Service Tax= 49/- |
| 3 | 7/421 A3 (40.72M2)<br>40.72X70=2850<br>വർദ്ധനവ് 20%= 570<br>ആകെ =3420/-<br>5% LC=171/-<br>10% Service Charge= 342/- | 7/421 A1 (40.72M2)<br>40.72X80=3258<br>വർദ്ധനവ് 20%= 652<br>ആകെ =3910/-<br>5% LC=196/-<br>10% Service Charge= 392/- | വസ്തു നികുതി =490/-<br>LC = 25/-<br>Service Tax= 50/- |
| | | ആകെ | വസ്തു നികുതി |

| | | | | |
|---|---|---|---|---|
| | | | | =1469/-<br>LC = 75/-<br>Service Tax= 149/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (55/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നികുതി കണക്കാക്കിയതിൽ വന്ന കുറവ് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1- 20 കോലോത്തൊടിത്താഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് - കരാറുകാരന് അധികതുക നൽകി**

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 165/23

അടങ്കൽ - 4,60,000/- തനത് ഫണ്ട്

ചെലവ് - 4,59,449/- ബിൽ നം. 343/23.3.23

കരാറുകാരൻ - എസ്. കെ കൺസ്ട്രക്ഷൻ കമ്പനി

ചീക്കോട് കുടിവെള്ള പദ്ധതിക്കായി കിള എടുത്തതിനാൽ തകർന്ന റോഡ് റീഫോർമേഷൻ ചെയ്യുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തിയ്ക്കായി 20.7.2018 ന് ഇ-ടെണ്ടർ നടത്തിയതിൽ ഐറ്റം വൈസ് നിരക്കിൽ 4,32,692.92 രൂപ ക്വാട്ട് ചെയ്ത എസ്. കെ കൺസ്ട്രക്ഷൻ കമ്പനിയുടെ ടെണ്ടർ അംഗീകരിക്കുകയും 27.11.2018 ന് കരാർ വെച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തു. 31.5.2021 ന് പ്രവൃത്തി പൂർത്തീകരിച്ച് 23.3.2023 ന് കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് ഉൾപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കിയതിനാൽ 25,603 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. കരാറുകാരന് 25,603 രൂപ അധികം നൽകിയതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 32/2022-23 തീയതി 2.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾക്കായി ഖണ്ഡിക 3-3 കാണുക.

**1- 21 റിഫോർമേഷൻ ചാർജ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല**

കേരള ജലവിതരണ അതോറിറ്റി നടപ്പാക്കുന്ന ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ പ്രവൃത്തിയ്ക്കായി നഗരസഭാ പരിധിയിലെ ഭൂരിഭാഗം റോഡുകളും കുഴിച്ച് പ്രവൃത്തി നടത്തിയിരുന്നു. 2018-19 വർഷം മുതലുള്ള നഗരസഭയുടെ വാർഷിക പദ്ധതികളിലെ റോഡു പ്രവൃത്തികളിൽ 90% ഉം ഇത്തരത്തിൽ പൈപ്പിടലിനായി കുഴിച്ച റോഡുകളുടെ റീഫോർമേഷനും, പാച്ച് വർക്കുമാണ്. 2022-23 ലും ഇതു തുടരുന്നുണ്ട്. എന്നാൽ റോഡുകൾ കുഴിച്ചയിനത്തിൽ, ഇവയുടെ റീഫോർമേഷനായി ജല വിതരണ അതോറിറ്റിയിൽ നിന്നും നഗരസഭയ്ക്ക് ലഭ്യമായിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ചെലവ് തുക | ഫണ്ട് |
|---|---|---|---|
| 1 | കോലോത്തൊടിത്താഴം റോഡ് റീഫോർമേഷൻ | 4,59,449 | തനത് |

| | | | |
|---|---|---|---|
| | & പാച്ച് വർക്ക് , 165/23 | | |
| 2 | എൻ. എച്ച് കെയർ വെൽ ചേലേമ്പ്ര റോഡ് റീഫോർമേഷൻ & റീടാറിംഗ് | 3,00,000 | |
| 3 | വെള്ളാശ്ശേരി റോഡ് റീഫോർമേഷൻ & റീടാറിംഗ് , 178/23 | 5,08,733 | |
| 4 | പടിഞ്ഞാറെ പെരിഞ്ചിരി റോഡ് റീഫോർമേഷൻ & കോൺക്രീറ്റ്, | 1,01,618 | |
| 5 | കോരം പറമ്പത്ത് ചേമ്പീട്ടിൽതാഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക്, 173/23 | 9,0549 | |
| 6 | കെയർവെൽ മുട്ടിയറ റോഡ് റീഫോർമേഷൻ & റീടാറിംഗ്, 186/23 | 12,90,232 | ഫണ്ട് |
| 7 | കദിയാളത്ത് റോഡ് റീഫോർമേഷൻ & പാച്ച് വർക്ക്, 169/23 | 3,36,739 | |
| 8 | പാണ്ടികശാല അത്തോളി താഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക്, 173/23 | 3,71,660 | |
| 9 | കാരായി അങ്കണവാടി റോഡ് റീഫോർമേഷൻ & റീടാറിംഗ്, 187/23 | 3,10,637 | |
| | ആകെ | 37,69,617 | |

മേൽ പ്രവൃത്തികൾക്കായി ജല അതോറിറ്റിയിൽ നിന്ന് റെസ്റ്റോറേഷൻ ചാർജ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

**1– 22 കരാർ വയ്ക്കാൻ കാലതാമസം – പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല**

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പി.എ.സി യുടെ 1% പിഴ ഈടാക്കി കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 2022-23 വർഷം നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വയ്ക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയും കരാർ വെച്ചതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 31/2022-23 തീയതി 2.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട 40,286 രൂപ തിരികെ ഈടാക്കി

അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾക്കായി ഖണ്ഡിക 3-2 കാണുക.

**1- 23 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല**

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. എന്നാൽ 2022-23 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികൾ മാന്വൽ പ്രകാരം നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തികളെല്ലാം ഈ കാലാവധിയും കഴിഞ്ഞാണ് ആരംഭിച്ചത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ള്യ. ഡി. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരിൽ നിന്നും 38,264 രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

2018-19, 2019-20 വർഷങ്ങളിൽ രൂപീകരിച്ച് സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെട്ട പരാമർശിത പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തികളെല്ലാം ആരംഭിക്കുന്നത് കരാർ വച്ച് 2 വർഷങ്ങൾക്ക് ശേഷമാണ്. പ്രവൃത്തി ആരംഭിക്കാനുണ്ടായ ഈ കാലതാമസത്തിന്റെ കാരണം വ്യക്തമല്ല. പ്രവൃത്തി ആരംഭിക്കാത്തതിന് കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടതായും കാണുന്നില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുണ്ടായ കാലതാമസവും, മേൽ പ്രവൃത്തികളിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 30/2022-23 തീയതി 2.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട 38,264 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾക്കായി ഖണ്ഡിക 3-1 കാണുക.

**1- 24 ബോട്ടിൽ ബൂത്ത് - അംഗീകരിച്ച ടെണ്ടറിൽ കൂടുതൽ തുക നൽകി**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 56/23 (വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ) |
| പദ്ധതി അടങ്കൽ | 2 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,93,920/- രൂപ |
| ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | 315/13.3.2023 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 13.1.2023 ന് അസി. എക്സി. എഞ്ചിനീയർ നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ പദ്ധതി തയ്യാറാക്കുകയുണ്ടായി. 17 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റി

തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,63,032.26/- രൂപയാണ് ചെലവ്. തുടർന്ന് പദ്ധതിക്കു വേണ്ടി ഇ ടെണ്ടർ ക്ഷണിക്കുകയും 4 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത യാനിസ്കോ, പുതുക്കടി, നെടിയിരിപ്പ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ചത്. സ്ഥാപനം ക്വാട്ട് ചെയ്തത് എസ്റ്റിമേറ്റ് നിരക്കിനേക്കാളും 9.5% കുറഞ്ഞ നിരക്കായ 1,47,544/- രൂപയാണ്. എന്നാൽ പദ്ധതി പൂർത്തിയാക്കി തുക അനുവദിച്ചപ്പോൾ 18% ജി.എസ്.ടി. ഉൾപ്പെടെ 1,93,920/- രൂപ നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ 1,47,544/- രൂപയും 18% ജി.എസ്.ടി. യും ഉൾപ്പെടെ അനുവദിക്കേണ്ടിയിരുന്ന തുക 1,74,102/- രൂപയായിരുന്നു. എന്നാൽ അതിനു പകരം 1,93,920/- രൂപ അനുവദിച്ചതിനാൽ 19,808/- രൂപ ടി സ്ഥാപനത്തിന് അധികം നൽകിയിട്ടുണ്ട്. കൂടാതെ ഫയൽ പരിശോധിച്ചതിൽ 16 സ്കൂളുകളുടെ കൈപ്പറ്റു വിവരം മാത്രമാണ് ലഭ്യമായത്. ബാക്കിയുള്ളതിന്റെ വിതരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അധികം നൽകിയ 19,808/- രൂപ ഉത്തരവാദപ്പെട്ടവരിൽ ഈടാക്കി അറിയിക്കേണ്ടതാണ്. അധികം നൽകിയ തുക നിരാകരിക്കുന്നു.

**1-25 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം - പത്ത് മാസത്തിലേറെ കഴിഞ്ഞിട്ടും വാഹനം വിതരണം ചെയ്തില്ല**

ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷം രാമനാട്ടുകര നഗരസഭയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | I | Ii |
|---|---|---|
| പ്രൊജക്ട് | 252/22-23, ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം-ജനറൽ | 253/22-23, ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം-എസ്.സി |
| അടങ്കൽ | 2,20,000/- ( വികസന ഫണ്ട്- പൊതുവിഭാഗം ) | 6,00,000/- ( വികസന ഫണ്ട്- എസ്.സി.പി. ) |
| ചെലവ് | 2,00,000/- [ സാംഖ്യ ബിൽ നം. 393/22-23 തീയതി 28.03.23 ] | 4,00,000/- [ സാംഖ്യ ബിൽ നം. 376/22-23 തീയതി 27.03.23 ] |

കെൽട്രോൺ മുഖേന വാങ്ങിയിട്ടുള്ള Hero Destini (125 Cc) ശ്രേണിയിൽപ്പെട്ട മുച്ചക്രവഹനം ഓരോന്നിനും ഒരു ലക്ഷം രൂപയാണ് വില വന്നിട്ടുള്ളത്. പ്രൊജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

(1) താഴെ ചേർക്കും പ്രകാരം ജനറൽ വിഭാഗത്തിൽ രണ്ട് ഗുണഭോക്താക്കൾക്കും, എസ്.സി വിഭാഗത്തിൽ മൂന്നു ഗുണഭോക്താക്കൾക്കും വാഹനം വിതരണം ചെയ്തിട്ടുണ്ട് എന്നാണ് ഓഡിറ്റ് വേളയിൽ നിർവ്വഹണോദ്യാഗസ്ഥ അറിയിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രൊജക്ട് | ഗുണഭോക്താവ് | ഡിവിഷൻ നം. |
|---|---|---|---|
| 1 | 252/22-23 (ജനറൽ) | സക്കീന കെ, ഇട്ടപ്പുറത്ത് | 1 |
| 2 | | മനു പി. ജെ, കോട്ടക്കുറുമ്പ | 11 |

| | | | |
|---|---|---|---|
| 3 | 253/22-23 (എസ്.സി) | ശ്രീലേഷ് | 1 |
| 4 | | നാഗൻ കെ, കുന്നമ്മൽ തടായ് | 2 |
| 5 | | മണി യു, ഉണ്ണ്യാലുങ്ങൽ | 6 |

എന്നാൽ ഗുണഭോക്താക്കൾ വാഹനം കൈപ്പറ്റിയത് സംബന്ധിച്ച യാതൊരു രേഖയും നിർവ്വഹണോദ്യോഗസ്ഥ സൂക്ഷിക്കുകയോ, പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

(2) എസ്. സി വിഭാഗത്തിൽ മേൽ പട്ടികയിലെ ക്രമ നം. 3, 4, 5 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കളെ കൂടാതെ നഗരസഭയിലെ പതിനൊന്നാം ഡിവിഷനിൽ നിന്നുള്ള സുകുമാരൻ, നടുമുല്ലശേരി എന്ന ഗുണഭോക്താവിന് കൂടി നൽകുന്നതിനുള്ള വാഹനം പ്രൊജക്റ്റ് പ്രകാരം വാങ്ങുകയും, ആയത് ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെ.എൽ - 85-ബി-3011 നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത വാഹനം ഗുണഭോക്താവ് കൈപ്പറ്റാത്തതിനാൽ നഗരസഭാ കാര്യാലയത്തിനടുത്തുള്ള ഒരു വീട്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ആരോഗ്യപ്രശ്നം കാരണം വാഹനം വേണ്ടതില്ല എന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുള്ളതായും, മുച്ചക്രവാഹനം എസ്. സി ലിസ്റ്റിലെ മറ്റൊരു ഗുണഭോക്താവിന് നൽകുന്നതിനുള്ള നടപടികളും അംഗീകാരവും നൽകി പദ്ധതി പൂർത്തീകരിക്കുവാൻ വേണ്ട സഹായങ്ങൾ ചെയ്ത് തരണമെന്നും സൂചിപ്പിച്ച് നിർവ്വഹണോദ്യോഗസ്ഥ 16.04.2023-ന് മുനിസിപ്പൽ ചെയർപേഴ്സണും, സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ വേറെ ആളുകൾ ഉണ്ടായിരുന്നിട്ടും വാഹനം ഇതു വരെ ആർക്കും നൽകിയിട്ടില്ല. പത്ത് മാസത്തിലധികമായി നിർത്തിയിട്ടിരിക്കുന്നതിനാൽ വാഹനം നിലവിൽ പ്രവർത്തനക്ഷമമാണോ എന്നു പോലും വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 45/2022-23 തീയതി 03.02.2024) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രണ്ട് പ്രൊജക്റ്റുകളിലെ ആകെ ചെലവുതുക 6,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഗുണഭോക്താക്കൾ വാഹനം കൈപ്പറ്റിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, ഇതു വരെ വിതരണം ചെയ്യാത്ത മുച്ചക്ര വാഹനം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വരുത്തി യോഗ്യതയുള്ള മറ്റൊരു ഗുണഭോക്താവിന് അടിയന്തിരമായി നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1- 26 സംഭാവനയായി ലഭിച്ച വാഹനങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല**

രാമനാട്ടുകര നഗരസഭയ്ക്ക് ഐ.സി.ഐ.സി.ഐ ബാങ്ക് ലിമിറ്റഡിൽ നിന്ന് അവരുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രോഗ്രാമിന്റെ (CSR) ഭാഗമായ "ഐ.സി.ഐ.സി.ഐ ഫൗണ്ടേഷൻ ഫോർ ഇൻക്ലൂസീവ് ഗ്രോത്ത്" മുഖേന മൂന്ന് ഇലക്ട്രിക്ക് മുച്ചക്ര ഗുഡ്സ് വാഹനങ്ങൾ സംഭാവനയായി ലഭിച്ചിട്ടുണ്ട്. നഗരസഭയിലെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായിട്ടാണ് വാഹനങ്ങൾ ലഭിച്ചിട്ടുള്ളത്. വാഹന ഡിലറായ "ചോള മോട്ടോർസിൽ" നിന്നുള്ള ഇൻവോയ്സ് പ്രകാരം മഹീന്ദ്ര കമ്പനിയുടെ "ട്രിയോ ഇലക്ട്രിക്ക് " ശ്രേണിയിൽപ്പെട്ട പ്രസ്തുത വാഹനങ്ങൾ ഓരോന്നിനും 4,06,870/- രൂപ വിലയുണ്ട്. മൂന്ന് വാഹനങ്ങളും കൈപ്പറ്റിയതായി നഗരസഭ സെക്രട്ടറി 31.03.2023 ലെ കത്ത് മുഖേന ഐ.സി.ഐ.സി.ഐ ഫൗണ്ടേഷനെ അറിയിച്ചിട്ടുണ്ട്. എന്നാൽ രാമനാട്ടുകര നഗരസഭ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, കെ.എൽ-85-ബി-1906, കെ.എൽ-85-ബി-1942, കെ.എൽ-85-ബി-1966 എന്നീ രജിസ്ട്രേഷൻ നമ്പരുകളോട് കൂടിയുള്ളതുമായ പ്രസ്തുത വാഹനങ്ങൾ നഗരസഭ ഇതുവരെ സ്റ്റോക്കിൽ എടുക്കുകയോ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാഹനങ്ങൾ സ്റ്റോക്കിലെടുത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1- 27 തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്റ്റുകളിൽ തനത് ഫണ്ടിന് പകരം മറ്റ് സ്രോതസ്സുകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ തനത്ഫണ്ട്

വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകൾ ഭേദഗതി വരുത്തി തനത്ഫണ്ടിന് പകരം വികസന ഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവ വകയിരുത്തിയതായും/ ചെലവഴിച്ചതായും കാണുന്നു. പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. / പേര് | അടങ്കൽ തുക/ ഫണ്ട് | ഭേദഗതി വരുത്തിയ അടങ്കൽ തുക/ ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 117/23, നടുക്കണ്ടി നർന്നിയാട്ട് ഇല്ലം റോഡ് | 5,00,000 – തനത് ഫണ്ട് | 4,95,000 – വികസനഫണ്ട് (ജനറൽ)<br>4,000 – തനത് ഫണ്ട് | 4,95,000 |
| 2 | 93/23, പരിയാരം തൊടി പ്രതീക്ഷ അങ്കണവാടി റോഡ് | 5,00,000 – തനത് ഫണ്ട് | 3,87,396 – വികസനഫണ്ട് (ജനറൽ) | 3,50,000 |
| 3 | 82/23, ഇട്ടപ്പുറത്ത് മീത്തൽ കോളനി റോഡ് അരിക് ഭിത്തി സംരക്ഷണവും പുനരുദ്ധാരണവും | 2,50,000 – തനത് ഫണ്ട്<br>2,50,000 - സംരക്ഷണഗ്രാന്റ് (റോഡ്) | 1,30,000 – വികസനഫണ്ട് (ജനറൽ)<br>2,50,000 - സംരക്ഷണഗ്രാന്റ് (റോഡ്) | 3,80,000 |
| 4 | 105/23, പുല്ലാലയിൽ റോഡ് ഇൻ ഡിവിഷൻ 19 | 5,00,000 – തനത് ഫണ്ട് | 3,98,970 – വികസനഫണ്ട് (ജനറൽ) | 3,98,970 |
| 5 | 107/23, തടത്തിൽ പറമ്പ് കട്ടമ്പലം റോഡ് | 5,00,000 – തനത് ഫണ്ട് | 56,886 – വികസനഫണ്ട് (ജനറൽ)<br>3,55,240 - CFC | 4,12,126 |
| 6 | 218/23, മണ്ണോടി ചൂരക്കാട് ഡ്രെയിനേജ് നിർമ്മാണം | 5,50,000 – തനത് ഫണ്ട്<br>3,50,000 - CFC | 7,29,223 – CFC | 7,29,223 |
| 7 | 86/23, കോവയിൽ | 2,50,000 – തനത് ഫണ്ട് | 1,48,752 – വികസനഫണ്ട് | 3,98,752 |

| | | | | |
|---|---|---|---|---|
| | പാണ്ടികശാല റോഡ് | 2,50,000 - സംരക്ഷണഗ്രാന്റ് (റോഡ്) | (ജനറൽ) 2,50,000 - സംരക്ഷണഗ്രാന്റ് (റോഡ്) | |
| 8 | 261/23, PHC കാരായി റോഡ് | 10,00,000 – തനത് ഫണ്ട് | 9,07,879 – CFC | 9,07,879 |
| 9 | 269/23, കുമ്പിയാലത്ത് മീത്തൽ ഫുട്പാത്ത് | 5,00,000 – തനത് ഫണ്ട് | 2,58,917 – വികസനഫണ്ട് (SCP) | 2,58,917 |
| 10 | 219/23, കൊക്കിവളവ് കൃഷിഭവൻ റോഡ് റീടാറിംഗ് | 6,50,000 – തനത് ഫണ്ട് 3,65,000 - CFC | 4,32,612 – CFC 1,000 - തനത് ഫണ്ട് 5,32,388 - സംരക്ഷണ ഗ്രാന്റ് (റോഡ്) | 5,32,388 |
| 11 | 91/23, കട്ടയാട്ടുതാഴം മദ്രസ റോഡ് | 3,50,000 – തനത് ഫണ്ട് 2,50,000 - സംരക്ഷണഗ്രാന്റ് (റോഡ്) | 5,53,658 - സംരക്ഷണഗ്രാന്റ് (റോഡ്) | 5,53,658 |
| 12 | 84/23, മൂർക്കനാട് താഴത്ത് ഇടക്കണ്ടി റോഡ് | 5,00,000 - തനത് ഫണ്ട് | 3,54,013 വികസനഫണ്ട് (ജനറൽ) | 3,54,013 |
| | ആകെ | | | 57, 70,926 |

സ.ഉ.(കൈ) നം.86/22/ത.സ്വ.ഭ.വ തീയതി 19.4.22 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 5.1(14) പ്രകാരം തനത്ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനത്ഫണ്ടിന് പകരം മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. അപ്രകാരമുള്ള പ്രൊജക്ട് ഭേദഗതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിക്കാനും പാടില്ല. വാർഷിക പദ്ധതി അടങ്കൽ നിശ്ചയിക്കുന്നത് സംബന്ധിച്ച് പദ്ധതി മാർഗ്ഗരേഖയിൽ കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രൊജക്ടുകൾ തെരഞ്ഞെടുക്കുന്നതിന് മുൻപ് വിഭവ ലഭ്യത സംബന്ധിച്ച് കൃത്യമായ ഒരു ധാരണ ഉണ്ടാക്കണം. കരട് പദ്ധതിയിലെ പ്രൊജക്ട് നിർദ്ദേശങ്ങളെ സംബന്ധിച്ച് വികസന സെമിനാറിൽ ഉണ്ടായിട്ടുള്ള ശുപാർശകളും ത.സ്വ.ഭ സ്ഥാപനത്തിന്റെ മുൻഗണനകളും കണക്കിലെടുത്ത് കൊണ്ട് വിവിധ വിഭാഗങ്ങളിൽ ഓരോ വിഷയമേഖലയ്ക്കും ഉപമേഖലയ്ക്കും വകയിരുത്താവുന്ന അടങ്കൽ തുക എത്രയെന്ന് വിവിധ സമാഹരണ സാധ്യതകൾ പരിഗണിച്ച് ഭരണസമിതി തീരുമാനിക്കേണ്ടതാണ്. വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തെരഞ്ഞെടുത്ത് വേണം വാർഷികപദ്ധതിയ്ക്ക് അന്തിമരൂപം നൽകേണ്ടത്. നഗരസഭയിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാർഷിക പദ്ധതികൾക്ക് അടങ്കൽ തുക നിശ്ചയിച്ചതെന്ന് വ്യക്തമാണ്. അപാകത ആവർത്തിക്കാതിരിക്കേണ്ടതും പദ്ധതി

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അടങ്കൽ തുകയിൽ മാറ്റം വരുത്തി പദ്ധതി ഭേദഗതി വരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്.

**1-28 ഇന്റലിജന്റ് മുനിസിപ്പാലിറ്റി – ജി.ഐ.എസ് മാപ്പിംഗ് സർവ്വേ – പദ്ധതി നഗരസഭക്ക് പ്രയോജനപ്പെട്ടില്ല.**

രാമനാട്ടുകര നഗരസഭയിലെ ആസ്തികളുടേയും അസസ്മെന്റ് പ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടേയും ഡാറ്റാ ബേസ് ഉപഗ്രഹ സഹായത്തോടെ തയ്യാറാക്കൽ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. 5-3-2022 ലെ 4-ാം നമ്പർ തീരുമാനപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് കൗൺസിൽ അംഗീകാരം നൽകി. ഒരു കെട്ടിടത്തിന് 110 രൂപ നിരക്കിൽ 2500 കെട്ടിടം മാപ്പിംഗ് ചെയ്യുന്നതിനും ച. കി. മീറ്ററിന് 7000 രൂപ നിരക്കിൽ 17 യൂണിറ്റ് ബേസ് മാപ്പ് ചെയ്യുന്നതിനും ഡാറ്റ ഇന്റഗ്രേഷൻ, റിപ്പോർട്ട് മാപ്പിംഗ് ആന്റ് ജനറേഷൻ എന്നിവയുമാണ് ഒന്നാം ഘട്ടത്തിൽ ചെയ്യാനുദ്ദേശിച്ചത്. 19-3-2022 ന് ULCC യുമായി കരാറിൽ ഏർപ്പെടുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. കരാർ പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 2021-22, 2022-23 വർഷങ്ങളിലായി ULCC സമർപ്പിച്ച ബില്ലുകൾ പ്രകാരം താഴെ കൊടുത്തിരിക്കും വിധം നാളിതുവരെ ആകെ 10,11,225 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്/നമ്പർ | വകയിരുത്തിയ തുക/ഫണ്ടിനം | ചെലവ് തുക | ബിൽ സാങ്ഷൻ/ തീയ്യതി |
|---|---|---|---|
| 285/22 ഇന്റലിജന്റ് മുനിസിപ്പാലിറ്റി ജി.ഐ.എസ് മാപ്പിംഗ് സർവ്വേ | 4,47,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 4,47,000 | 346/24-3-2022 |
| 129/23 ഇന്റലിജന്റ് മുനിസിപ്പാലിറ്റി ജി.ഐ.എസ് മാപ്പിംഗ് സർവ്വേ | 26,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+ 4,00,000 (തനത് ഫണ്ട്) = 30,00,000 | 5,64,225 | 193/23-2-2023 |
| 278/24 ഇന്റലിജന്റ് മുനിസിപ്പാലിറ്റി – ജി.ഐ.എസ് മാപ്പിംഗ് | 12,74,816 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+ 12,25,184 (തനത് ഫണ്ട്) = 25,00,000 | - | - |
| | ആകെ | 10,11,225 | |

ULTS ന്റെ ( ULCC ക്ക് കീഴിൽ പ്രവൃത്തി ഏറ്റെടുത്ത ULCC യുടെ സബ്സിഡയറി സ്ഥാപനം) 23.3.2023 ലെ ULTS/GIS/2022-23/624 ലെ കത്ത് പ്രകാരം രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ 2022-23 വർഷം നടപ്പിലാക്കിയ GIS മാപ്പിംഗ് പദ്ധതിയുടെ ഭാഗമായി കരാർ പ്രകാരമുള്ള ഒന്നാം ഘട്ട പ്രവൃത്തിയിലെ മുഴുവൻ ജോലികളും പൂർത്തീകരിച്ച് വെബ്പോർട്ടലിൽ പബ്ലിഷ് ചെയ്തതായി അറിയിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ വെബ്പോർട്ടലിൽ പബ്ലിഷ് ചെയ്തിട്ടുള്ള മുഴുവൻ ഡാറ്റയും പുതുതായി ഡെവലപ്പ് ചെയ്ത ദൃഷ്ടി എന്ന വെബ്പോർട്ടലിലേക്ക് മാറ്റിയതായും അറിയിച്ചിട്ടുണ്ട്. വെബ്പോർട്ടലുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള പരിശീലനമോ പിന്തുണയോ ആവശ്യമുണ്ടെങ്കിൽ ULTS മായി ബന്ധപ്പെടാനും നിർദ്ദേശിച്ചിട്ടുണ്ട്.

10,11,225 രൂപ ചെലവഴിച്ച് നടപ്പിലാക്കിയ ഇന്റലിജന്റ് മുനിസിപ്പാലിറ്റി - ജി.ഐ.എസ് മാപ്പിംഗ് സർവ്വേ - പദ്ധതി താഴെപ്പറയുന്ന കാരണങ്ങളാൽ നാളിതുവരെ പ്രയോജനപ്പെടുത്താൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

24.10.2019 ലെ ജി.ഒ (സാധാ) 2556 /18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് രാമനാട്ടുകര നഗരസഭയിലെ സമഗ്ര വിവരശേഖരണത്തിനായി ULCC യെ തെരഞ്ഞെടുത്തത്. ഉത്തരവ് പ്രകാരം ജി.ഐ.എസ് മാപ്പിംഗ് ഐ.കെ.എം. സൂപ്പർവിഷനിൽ നടത്തണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ ഐ.കെ.എം ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

ULCC നടത്തിയ വിവരശേഖരണം ഉൾപ്പെടുത്തി തയ്യാറാക്കിയ ദൃഷ്ടി വെബ്സൈറ്റിൽ നഗരസഭാ പ്രദേശത്തെ വസ്തുനികുതി നിരക്ക് നിശ്ചയിക്കുന്നതിനാധാരമായ തറ നിർമ്മിതിയുടെ ഇനം, സെൻട്രലൈസ്ഡ് എ.സി ആണോ അല്ലയോ, റോഡിന്റെ കൃത്യമായ വീതി, മേൽക്കൂരയുടെ ഇനം, കെട്ടിടത്തിന്റെ നില തിരിച്ചുള്ള വിസ്തീർണ്ണം, കെട്ടിടം ഉൾപ്പെടുന്ന മേഖല, കെട്ടിടത്തിന്റെ ഡിമാന്റ് നമ്പർ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഉത്തരവ് പ്രകാരം ഐ.കെ.എം. ഉണ്ടാക്കി വിന്യസിച്ചിട്ടുള്ള ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് കൊണ്ടാണ് ജി.ഐ.എസ് മാപ്പിംഗ് നടത്തേണ്ടത്. എഗ്രിമെന്റ് പ്രകാരം ഡാറ്റാ ഇന്റഗ്രേഷനു കൂടിയുള്ള പണമാണ് ULCCക്ക് നൽകിയിരിക്കുന്നത്. എന്നാൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രി ഇതുവരെയും പൂർത്തിയായിട്ടില്ല. ആയതിനാൽത്തന്നെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഡാറ്റയുടെ ഇന്റഗ്രേഷൻ സാധ്യമല്ല.

കൂടാതെ നഗരസഭയിലെ ആസ്തികളുടെ ഡാറ്റാബേസ് എത്രത്തോളം കൃത്യതയുണ്ട് എന്ന് പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ ഡാറ്റ നിലവിലെ ആസ്തി രജിസ്റ്ററുമായി സംയോജിപ്പിച്ച് കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനു മുന്നോടിയായി സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രികൾ പൂർത്തിയാക്കിയതിനു ശേഷം യു.എൽ.സി.സി യുമായി ബന്ധപ്പെട്ട് അവർ തയ്യാറാക്കിയ IPMS റിപ്പോർട്ട് ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാൻ നിർദ്ദേശിക്കേണ്ടതും പ്രസ്തുത ഡാറ്റ നഗരസഭ ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

25,00,000 രൂപ വകയിരുത്തി 278/24 നമ്പർ പ്രോജക്ട് പ്രകാരം 2023-24 വർഷം ഈ പദ്ധതിയുടെ രണ്ടാം ഘട്ടം നഗരസഭയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നഗരസഭ 6.6.2023 ന് ULTS ന് നൽകിയ G4-12503/21 നമ്പർ കത്തിൽ രാമനാട്ടുകര നഗരസഭയുടെ ഡ്രോൺ സർവേ, കെട്ടിട സർവേ (റെസിഡെൻഷ്യൽ, കോമേഴ്സ്യൽ, മറ്റുള്ളവ ) എന്നിവയുൾപ്പെടുന്ന ജി. ഐ. എസ് മാപ്പിംഗിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ നടത്തുന്നതിനായി നഗരസഭയുമായി കരാറിൽ ഏർപ്പെടുന്നതിനും പ്രവൃത്തി നടപ്പിലാക്കുന്നതിനും ULTS യോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ULTS ഇപ്രകാരം നഗരസഭയുമായി കരാറിൽ ഏർപ്പെട്ടതായോ രണ്ടാം ഘട്ട പ്രവർത്തികൾ നടപ്പിലാക്കിയതായോ ഫയലിൽ കാണുന്നില്ല. നിലവിൽ ഈ പ്രോജക്ട് അപൂർണ്ണമായി തുടരുകയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 21/2022-23 തീയതി 31.1.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ജി. ഐ. എസ് മാപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് ആയത് പ്രയോജനപ്പെടുത്തി അറിയിക്കേണ്ടതുമാണ്. ആയതു വരെ 2022-23 വർഷത്തെ ചെലവു തുകയായ 5,64,225 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1- 29 എൻ. പി. എസ് വിഹിതം ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിൽ വരവു വന്നില്ല

പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നതിന് ശേഷം രാമനാട്ടുകര നഗരസഭയിൽ പുതിയതായി ജോലിയിൽ പ്രവേശിച്ച 16 ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് 2018 മെയ് മുതൽ 2021 നവംബർ വരെയുള്ള മാസങ്ങളിൽ കുറവ് ചെയ്ത നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്) വിഹിതവും തത്തുല്യമായ തദ്ദേശസ്ഥാപന വിഹിതവും (ആകെ 20,93,980/- രൂപ) നാഷണൽ പെൻഷൻ ഫണ്ടിൽ അടവാക്കാത്തത് സംബന്ധിച്ച അപാകത 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു (ഖണ്ഡിക 1-24). തുടർന്ന് മേൽ തുക പെൻഷൻ ഫണ്ടിൽ അടവാക്കുന്നതിനായി താഴെ പറയും പ്രകാരം നഗരകാര്യഡയറക്ടറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്.

| ക്രമ നം. | ഇനം | സാധ്യ വൗച്ചർ നം./തീയതി | തുക |
|---|---|---|---|
| 1 | ജീവനക്കാരുടെ വിഹതം | 22200896/31.03.2023 | 10,46,990/- |
| 2 | തദ്ദേശസ്ഥാപന വിഹിതം | 22200895/31.03.2023 | 10,46,990/- |
| ആകെ | | | 20,93,980/- |

എന്നാൽ പ്രസ്തുത പെൻഷൻ വിഹിതം ഇതു വരെ തങ്ങളുടെ പെൻഷൻ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്നും അത് മൂലം പലിശ ഇനത്തിൽ വലിയ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുകയാണ് എന്നും പെൻഷൻ വിഹിതം തങ്ങളുടെ പെൻഷൻ അക്കൗണ്ടിൽ അടിയന്തിരമായി വരവ് വെച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ച് ബന്ധപ്പെട്ട ജീവനക്കാർ 15.07.2023 ന് സമർപ്പിച്ച അപേക്ഷകൾ നഗരസഭയിലെ എൻ.പി.എസ് വിഹിതവുമായി ബന്ധപ്പെട്ട ഫയലിൽ (ഫയൽ നം. 2659/17) ഉണ്ട്. പ്രസ്തുത അപേക്ഷകളിൻമേൽ നഗരസഭ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഹിതം ഇപ്പോഴും തങ്ങളുടെ അക്കൗണ്ടിൽ വരവു വന്നിട്ടില്ല എന്നാണ് ബന്ധപ്പെട്ട ജീവനക്കാർ ഓഡിറ്റ് സമയത്ത് നേരിൽ അറിയിച്ചിട്ടുള്ളത്. പെൻഷൻ വിഹിതം (20,93,980/-) ബന്ധപ്പെട്ട ജീനവക്കാരുടെ പെൻഷൻ അക്കൗണ്ടിൽ വരവു വരാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/2022-23 തീയതി 02.02.2024) നഗരസഭ മറുപടി നൽകിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുന്ന പെൻഷൻ വിഹിതവും, തത്തുല്യമായ തദ്ദേശസ്ഥാപന വിഹിതവും അതത് മാസം തന്നെ വീഴ്ച കൂടാതെ പെൻഷൻ ഫണ്ടിൽ അടവാക്കണമെന്നിരിക്കെ 2018 മുതലുള്ള വിഹിതം ആറു വർഷത്തോളമായിട്ടും ബന്ധപ്പെട്ട ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിൽ വരവു വന്നിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. തുക അടവാക്കിയതിന്റെ യു.ടി.ആർ നമ്പർ അടക്കമുള്ള വിവരങ്ങൾ നഗരകാര്യ ഡയറക്ടറെ അറിയിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, പെൻഷൻ വിഹിതം ബന്ധപ്പെട്ട ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിൽ വരവു വയ്ക്കപ്പെടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 ന്യൂട്രിമിക്സ് വിതരണം - സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തില്ല

സാധനങ്ങളുടെയോ സേവനങ്ങളുടേയോ, ഇവ രണ്ടിന്റേയുമോ വിതരണത്തിന്റെ ആകെ മൂല്യം രണ്ടര ലക്ഷത്തിൽ അധികരിക്കുന്ന പക്ഷം വിതരണക്കാരന് നൽകുന്ന തുകയിൽ നിന്ന് സ്രോതസ്സിൽ നിന്നുള്ള നികുതിയായി (സി.ജി.എസ്.ടി) ഒരു ശതമാനം തുക കുറവ് ചെയ്യേണ്ടതാണെന്ന് 2017 ലെ കേന്ദ്ര ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 51(1) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017 ലെ കേരള സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 51(1) ലും ഒരു ശതമാനം എസ്.ജി.എസ്.ടി സ്രോതസ്സിൽ

നിന്ന് കുറവ് ചെയ്യുന്നത് സംബന്ധിച്ച് സമാന നിർദ്ദേശമുണ്ട്. അതു പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം രണ്ടര ലക്ഷത്തിൽ അധികരിക്കുന്ന സംഗതികളിൽ സി.ജി.എസ്.ടി, എസ്.ജി.എസ്.ടി എന്നീ ഇനങ്ങളിലായി ആകെ രണ്ട് ശതമാനം നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം രാമനാട്ടുകര നഗരസഭയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പൂരക പോഷകാഹാര പരിപാടി (10/22-23) എന്ന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി "ടേക്ക് ഹോം റേഷൻ" വിതരണത്തിനായി "ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ്" എന്ന സ്ഥാപനത്തിൽ നിന്ന് 8,27,750/- രൂപയുടെയും "ശ്രേയസ്സ് ഫുഡ് പ്രൊഡക്റ്റ്സ്" എന്ന സ്ഥാപനത്തിൽ നിന്ന് 3,67,290/- രൂപയുടെയും അമൃതം ന്യൂട്രിമിക്സ് താഴെ ചേർക്കും പ്രകാരം വാങ്ങിയിട്ടുണ്ട്.

(I)

ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ്

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | അനുവദിച്ച തുക (5% ജി.എസ്.റ്റി ഉൾപ്പെടാതെ) | സ്രോതസ്സിൽ നിന്ന് കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.റ്റി |
|---|---|---|---|
| 1 | 60/13.04,2022 | 1,21,450 | 2,429 |
| 2 | 63/16.05.2022 | 1,09,900 | 2,198 |
| 3 | 54/31.01.2022 | 1,49,100 | 2,982 |
| 4 | 65/27.07.2022 | 1,49,100 | 2,982 |
| 5 | 67/19.08.2022 | 1,49,100 | 2,982 |
| 6 | 70/22.09.2022 | 1,49,100 | 2,982 |
| ആകെ | | 8,27,750 | 16,555 |

(Ii)

ശ്രേയസ്സ് ഫുഡ് പ്രൊഡക്റ്റ്സ്

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | അനുവദിച്ച തുക | സ്രോതസ്സിൽ നിന്ന് കുറവു ചെയ്യേണ്ടിയിരുന്ന |
|---|---|---|---|

| | | | |
|---|---|---|---|
| | | (5% ജി.എസ്.റ്റി ഉൾപ്പെടാതെ) | ജി.എസ്.റ്റി |
| 1 | 15/-Nil- | 95,550 | 1,911 |
| 2 | 154/13.01.2023 | 1,49,100 | 2,982 |
| 3 | 157/14.02.2023 | 1,22,640 | 2,453 |
| ആകെ | | 3,67,290 | 7,346 |

2.5% സി.ജി.എസ്.ടിയും, 2.5% എസ്.ജി.എസ്.ടിയും ഉൾപ്പെടെയുള്ള ബില്ലുകളാണ് സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ളത്. തുക നല്കുമ്പോൾ സ്രോതസ്സിൽ നിന്നുള്ള നികുതിയായി ജി.എസ്.ടി ഒഴിവാക്കിയുള്ള ബിൽ തുകയുടെ 2% കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം സ്രോതസ്സിൽ നിന്ന് നികുതി കുറവു ചെയ്യാതെ വിതരണ സ്ഥാപനത്തിന് ബിൽ മുഴുവൻ പ്രകാരമുള്ള തുകയും അനുവദിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2022-23 തീയതി 30.01.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വിതരണത്തിന്റെ ആകെ മൂല്യം രണ്ടര ലക്ഷത്തിൽ അധികരിക്കുന്ന പക്ഷം വിതരണക്കാരന് നൽകുന്ന തുകയിൽ നിന്ന് സ്രോതസ്സിൽ നിന്നുള്ള നികുതി കുറവു ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1- 31 ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം - അടവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

രാമനാട്ടുകര നഗരസഭയുടെ 2022-23 ലെ വാർഷിക ധനകാര്യ പത്രികിലെ ബി-9 ഷെഡ്യൂൾ പ്രകാരം "Provident Fund Payable" (350110400) എന്ന ശീർഷകത്തിൽ 13,34,391/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ മേൽ തുക സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് 2022-23 സാമ്പത്തിക വർഷം കുറവു ചെയ്ത ജനറൽ പ്രൊവിഡന്റ് ഫണ്ട്/കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്/ കേരള മുനിസിപ്പൽ എംപ്ലോയീസ് സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് വിഹിതങ്ങൾ ബന്ധപ്പെട്ട ഫണ്ടുകളിൽ വരവു വയ്ക്കുന്നതിനായി ട്രഷറിയിൽ അടവാക്കിയതിന്റെ ചെലാൻ പകർപ്പുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലാൻ പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കകം തന്നെ പ്രൊവിഡന്റ് ഫണ്ട് വിഹിതം അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

പ്രൊവിഡന്റ് ഫണ്ട് വിഹിതം ട്രഷറിയിൽ അടവാക്കിയതിന്റെ രേഖകളും, "Provident Fund Payable" ശീർഷകത്തിലെ നീക്കിയിരിപ്പ് തുക സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 47/2022-23 തീയതി 03.02.2024) മറുപടി ലഭിച്ചിട്ടില്ല. രേഖകളും വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1- 32 വിദ്യാഭ്യാസ മേഖലയിൽ പ്രൊജക്ടുകൾ നടപ്പിലാവുന്നില്ല**

രാമനാട്ടുകര നഗരസഭയിൽ 2022-23 സാമ്പത്തിക വർഷം രാമനാട്ടുകര ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യാഗസ്ഥനായി വിദ്യാഭ്യാസ-കലാ-സാംസ്കാരിക-കായികവികസന മേഖലയിൽ ആറ് പ്രൊജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. തനത് ഫണ്ടിൽ നിന്ന് ആകെ 6,00,000/- രൂപ വകയിരുത്തി ആവിഷ്കരിച്ച മേൽ പ്രൊജക്ടുകളിൽ ഒന്ന് മാത്രമാണ് ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|

| നം | | | |
|---|---|---|---|
| 1 | 155/22-23<br>ഗെയിംസ് ഫെസ്റ്റിവൽ | 2,00,000 | 0 |
| 2 | 156/22-23<br>സമഗ്രവിദ്യാഭ്യാസ പരിപാടി-എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കൽ | 1,00,000 | 1,00,000 |
| 3 | 158/22-23<br>സാംസ്കാരിക സദസ്സുകളും, പൊതു സംവാദ വേദികളും | 1,00,000 | 0 |
| 4 | 159/22-23<br>പ്രീ പ്രൈമറി ക്ലാസുകൾ ആകർഷകമാക്കൽ | 50,000 | 0 |
| 5 | 249/22-23<br>സ്പോർട്സ് കിറ്റ് വിദ്യാലയങ്ങൾക്ക് | 1,00,000 | 0 |
| 6 | 289/22-23<br>എൽ.എസ്.എസ്/യു.എസ്.എസ് പരിശീലന പരിപാടി | 50,000 | 0 |
| ആകെ | | 6,00,000 | 1,00,000 |

ആകെ വകയിരുത്തലിന്റെ 16.66 ശതമാനം തുക മാത്രമാണ് മേൽപ്പറഞ്ഞ മേഖലകളിൽ ചെലവഴിച്ചിട്ടുള്ളത്. മേൽപട്ടികയിലെ ക്രമ നം. 3, 6 എന്നിവയാകട്ടെ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ വ്യവസ്ഥയില്ലാത്തവയുമാണ്.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 19.04.2022 ലെ (കൈ)86/2022/തസ്വഭവ നമ്പർ ഉത്തരവിലെ അനുബന്ധത്തിന്റെ ഖണ്ഡിക 8.6 ൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാവുന്ന പ്രൊജക്റ്റുകൾ വിശദമാക്കിയിട്ടുണ്ട്. അതു പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനാകണം മുൻഗണന നൽകേണ്ടത്. സ്കൂളുകളിൽ ഫർണ്ണീച്ചറുകൾ ലഭ്യമാക്കുന്നതിനും എല്ലാ സ്കൂളുകളിലും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് അടുക്കള, ഡൈനിങ്ങ് ഹാൾ, ടോയ് ലെറ്റ് എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിതമാനദണ്ഡങ്ങൾ പ്രകാരം കുടിവെള്ളവും, യൂറിനലുകളും, ടോയ് ലെറ്റും, വാഷ്ബെയിസിനും അവയിൽ ജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം എയിഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

പൗരബോധം, പരിസ്ഥിതി ബോധം, ലിംഗസമത്വം, കാർഷികാഭിരുചി, ശുചിത്വബോധം, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഉൾപ്പെടുത്തുന്നതിന് മുൻഗണന നൽകണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ജൈവവൈവിധ്യ ഉദ്യാനം, മാലിന്യ സംസ്കരണ പരിപാടി, ഊർജ്ജ സംരക്ഷണ പരിപാടി എന്നിവയ്ക്കും മുൻഗണന നൽകാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആവശ്യമെങ്കിൽ, അദ്ധ്യാപക-രക്ഷകർതൃസമിതിയുടെ ചുമതലയിൽ സ്പോൺസർഷിപ്പിലൂടെ വിഭവസമാഹരണം നടത്തി, സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രൊജക്റ്റുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

സന്നദ്ധപ്രവർത്തകരായ യുവതീയുവാക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠന പരിപോഷണം (Remedial Coaching) ഉൾപ്പെടെയുള്ള പരിപാടികളും നഗരസഭയ്ക്ക് ആവിഷ്കരിക്കാവുന്നതാണ്. സമഗ്രശിക്ഷാ കേരളം പ്രൊജക്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന അധിക പഠനപിന്തുണാ സംവിധാനമായ പ്രാദേശിക പഠനകേന്ദ്രങ്ങൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് അധിക പഠനപിന്തുണ (Remedial Education) നൽകുന്നതിനായി എസ.എസ്.കെ മാതൃകയിൽ പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആരംഭിക്കാവുന്നതാണ്. പഠനനിലവാരം ഉയർത്തുക, വിദ്യാർത്ഥി/ വിദ്യാർത്ഥിനികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രൊജക്റ്റുകൾ എസ്.എസ്.കെ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങളുടെ ആവർത്തനം അല്ല എന്ന് ഉറപ്പു വരുത്തിയതിന് ശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

വനിതാശിശു വികസന വകുപ്പ് നടപ്പാക്കുന്ന നിർഭയ പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വാണ്ട, ജൂഡോ, കരാട്ടെ, യോഗ, കളരി ഉൾപ്പെടെയുള്ള ആയോധനകലകളിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രൊജക്റ്റുകളൊന്നും തന്നെ നഗരസഭ 2022-23 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. നഗരസഭയിലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും, നിർവ്വഹണോദ്യാഗസ്ഥനും പദ്ധതി ആവിഷ്കരണത്തിലും നിർവ്വഹണത്തിലും ആവശ്യമായ ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/2022-23 തീയതി 25.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ വിദ്യാഭ്യാസ-കലാ-സാംസ്കാരിക-കായിക വികസന മേഖലകളിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**1- 33 എം.സി.എഫ്. കെട്ടിടത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ/ ബെയിലിംഗ് മെഷീൻ - ഇൻസ്റ്റാൾ ചെയ്യാത്തതും മറ്റ് അപാകതകളും**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 62/23 (എം.സി.എഫ്. കെട്ടിടത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ ബെയിലിംഗ് മെഷീൻ |
| അടങ്കൽ | 4,08,100/- (2,45,000/- കേന്ദ്രാവിഷ്കൃതം, 1,63,100/- ശുചിത്വ മിഷൻ ഫണ്ട്) |

| | |
|---|---|
| ചെലവ് | 1,32,180/- (ശുചിത്വ മിഷൻ ഫണ്ട്) |
| ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | 22/.16.8.2022 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| ഫയൽ നമ്പർ | H1/5008/22 |

2021-22 വർഷം 111/22 നമ്പർ പ്രോജക്ട് പ്രകാരം 7 ലക്ഷം രൂപ വകയിരുത്തി എം.സി.എഫ്. കെട്ടിടത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ/ ബെയ്ലിംഗ് മെഷീൻ വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി. ഇ – ടെണ്ടർ ക്ഷണിച്ചതിൽ 3 ടെണ്ടറുകൾ ലഭിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത കോളാർ മിൽ സ്റ്റോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ വാറണ്ടി പീരീയഡ് കുറവായതിനാലും നിർമ്മാണ യൂണിറ്റ് അല്ലാത്തതിനാലും ഒഴിവാക്കി അടുത്ത കുറവ് നിരക്ക് രേഖപ്പെടുത്തിയ പ്രകൃതി, തളിക്കാട്ടുകര, ആലുവ എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തി 3,56,000/- രൂപയുള്ള ടെണ്ടർ അംഗീകരിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 22.3.2022 ന് സ്ഥാപനത്തിന് വർക്ക് ഓർഡർ നല്കുകിയതായും 28.3.2022 ന് സ്ഥാപനം 4,24,080/- രൂപയുടെ ബിൽ ഹാജരാക്കിയതായും ഫയലിൽ കാണുന്നുണ്ടെങ്കിലും മെഷീൻ ഇൻസ്റ്റാൾ ചെയ്ത വിവരങ്ങൾ ഫയലില്ല. 30.3.2022 ന് 2,91,900/- രൂപയും 16.8.2022 ന് 1,32,180/- രൂപയും അനുവദിച്ചുകൊണ്ട് ആകെ 4,24,080/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നിലവിൽ മെഷീൻ എന്തു ചെയ്തു എന്ന് വ്യക്തമാക്കേണ്ടതാണ്.
2. ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് താൽക്കാലിക എം.സി.എഫ്. കെട്ടിടത്തിന്റെ ഒന്നാം നിലയുടെ Strenght & Stability പരിശോധിക്കുന്നതിന് 2.12.2022 ന് H1/13085/22 നമ്പർ കുറിപ്പ് പ്രകാരം അസി. എഞ്ചിനീയർക്ക് നഗരസഭ സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നെങ്കിലും പരിശോധന നടത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും ഫയലില്ല.
3. ഒരു സ്റ്റാമ്പ് പേപ്പറിൽ കരാർ എഴുതി തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ തിയ്യതി, മറ്റു വിവരങ്ങൾ എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഒപ്പു വെച്ചിട്ടില്ല.

നഗരസഭയ്ക്ക് പുതിയ കെട്ടിടം പണിയുന്ന സ്ഥലത്തുണ്ടായിരുന്ന എം.സി.എഫ്. പ്രവർത്തിക്കാൻ പറ്റാത്ത സാഹചര്യമായതിനാൽ പരുത്തിപ്പാറയിലുള്ള ഒരു വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. 765 എം$^2$ വലിപ്പമുള്ള ടി കെട്ടിടത്തിൽ ആവശ്യത്തിനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ പാഴ്വസ്തുക്കൾ സൂക്ഷിക്കാൻ പറ്റുന്നില്ല എന്നാണ് ഹരിതകർമ്മ സേനാംഗങ്ങൾ ഓഡിറ്റിനെ അറിയിച്ചത്. മെഷീൻ സ്ഥാപിക്കാൻ പറ്റിയ സാഹചര്യം ഇല്ലാതിരുന്നിട്ടും പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും മെഷീൻ സംബന്ധിച്ച് നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. റിപ്പോർട്ട് സമർപ്പിക്കുന്നത് വരെ 22-23 ലെ ചെലവ് തുക 1,32,180/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1- 34 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ – ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ, ഫണ്ട് | ചെലവ് |
|---|---|---|---|
| 1 | 214/23 – ഓഫീസ് ഡിജിറ്റലൈസേഷൻ - ഓൺലൈൻ | 13,47,005 – തനത് ഫണ്ട് | 4,60,000 |

| | | | |
|---|---|---|---|
| | സർവീസ് സാദ്ധ്യമാക്കൽ | | |
| 2 | 131/23 – പദ്ധതി നിർവഹണവും മോണിറ്ററിംഗും | 4,00,000 – തനത് ഫണ്ട് | 2,00,970 |
| 3 | 132/23 – ലൈബ്രറികൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ നൽകൽ | 80,000 – തനത് ഫണ്ട് | 48,624 |
| 4 | 212/23 – നഗരസഭ ലൈബ്രറി - അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 72,494 – തനത് ഫണ്ട് | 71,182 |

മേൽ ഫയലുകൾ അടിയന്തിരമായി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകുകയും ( ഓഡിറ്റ് എൻക്വയറി നമ്പർ 18/2022-23 തീയതി 30.1.2024 ) പലതവണ നേരിട്ട് ആവശ്യപ്പെടുകയും ചെയ്തുവെങ്കിലും ആയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും, രജിസ്റ്ററുകളും, കണക്കുകളും നൽകുന്നതിന് 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം സെക്രട്ടറി ബാധ്യസ്ഥനാണ്. ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതി അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതാണെന്നും മേൽ ചട്ടങ്ങളിലെ ചട്ടം 12(2)ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ഫയലുകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കാത്ത പക്ഷം ആയവ നിലവിലില്ല എന്ന് കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം കണക്കാക്കി മേൽ ഫയലുകൾ പ്രകാരമുള്ള ചെലവു തുകയായ 7,80,776/- രൂപ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. മേൽ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവു തുകയായ 7,80,776/- രൂപ തടസ്സപ്പെടുത്തുന്നു.

**1– 35 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.**

വാർഷിക കണക്കുകൾ, ഇ-ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ–ടെണ്ടർ നടപടികളുടെ ഭാഗമായി ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) നഗരസഭയ്ക്ക് ലഭിച്ചതായി കാണുന്നില്ല. നാളിതു വരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ചും ഈയിനത്തിൽ വല്ല തുകയും നഗരസഭയിൽ വരവുവന്നിട്ടുണ്ടോ എന്നതു സംബന്ധിച്ചുമുള്ള വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും നാളിതുവരെയും ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1–36 കോക്ലിയാർ ഇംപ്ലാന്റേഷൻ – സാമൂഹ്യസുരക്ഷാ മിഷന് വിവരങ്ങൾ കൈമാറിയില്ല**

| | |
|---|---|
| പ്രൊജക്റ്റ് | 260/22-23, കോക്ലിയർ ഉപകരണങ്ങൾ മെയിന്റനൻസ് |
| അടങ്കൽ | 50,000/- ( തനതുഫണ്ട് ) |
| ചെലവ് | 50,000/-<br>[ സാംഖ്യ ബിൽ നം. 181/22-23 തീയതി 20.02.23 ] |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

കോക്ലിയാർ ഇംപ്ലാന്റേഷന് വിധേയമായിട്ടുള്ള മുഹമ്മദ് റിഹാൻ എൻ. പി, S/Oഷമീർ എൻ. പി, നെടുമൂളി പൊറ്റമ്മൽ എന്ന കുട്ടിയുടെ കേൾവി സഹായ ഉപകരണങ്ങളുടെ റിപ്പയറിങ്ങിനായി മേൽ പ്രൊജക്റ്റ് പ്രകാരം 50,000/- രൂപ കേരള സാമൂഹ്യസുരക്ഷാ മിഷന് കൈമാറിയിട്ടുണ്ട്. കുട്ടികളുടെ ലിസ്റ്റ് സഹിതമാണ് ഇത്തരത്തിലുള്ള തുക കൈമാറേണ്ടതെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികളും പ്രൊജക്റ്റുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28.05.2022 ലെ (കൈ)115/2022/തസ്വഭവ നമ്പർ ഉത്തരവിലെ അനുബന്ധത്തിന്റെ ഖണ്ഡിക 7.1.2(ബി) യിൽ വ്യക്തമാക്കിയിട്ടുണ്ട്. അർഹതയുള്ള കുട്ടികളിൽ നിന്നുള്ള അപേക്ഷ ഫണ്ട് ട്രാൻസ്ഫർ ചെയ്തതിന്റെ യു.ടി.ആർ നമ്പർ സഹിതമാണ് മിഷൻ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതെന്നും, അല്ലാത്ത പക്ഷം കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ സാധിക്കുന്നതല്ല എന്നും കേരള സാമൂഹ്യസുരക്ഷാ മിഷൻ ഡയറക്ടറുടെ 28.11.2019 ലെ പി.2/2924/18/കെ.എസ്.എസ്.എം നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം തുക കൈമാറിയപ്പോൾ ബന്ധപ്പെട്ട ഗുണഭോക്താവിനെ സംബന്ധിച്ച വിവരങ്ങളും, ഫണ്ട് ട്രാൻസ്ഫർ ചെയ്തതിന്റെ യു.ടി.ആർ നമ്പരും സാമൂഹ്യ സുരക്ഷാമിഷന് ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2022-23 തീയതി 30.01.2024) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രൊജക്റ്റിലെ ചെലവു തുക 50,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഏത് ഗുണഭോക്താവിന് വേണ്ടിയാണ് തുക കൈമാറിയത് എന്ന വിവരം സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയതിന്റെ രേഖകളും, കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1- 37 ഉറവിടമാലിന്യ സംസ്കരണം - പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണം വ്യക്തതയില്ല**

2011 ലെ സെൻസസ് പ്രകാരം രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ ആകെ ജനസംഖ്യ 35,937 ഉം അതിൽ കുടുംബങ്ങളുടെ എണ്ണം 7,755 ഉം ആണ്. 2020-21 മുതൽ 2022-23 വരെ നടപ്പിലാക്കിയ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളിലൂടെ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| പ്രോജക്ട് നമ്പർ | റിംഗ് കമ്പോസ്റ്റ് ഗുണഭോക്താക്കളുടെ എണ്ണം | ബയോഗ്യാസ് ഗുണഭോക്താക്കളുടെ എണ്ണം | കിച്ചൺ വേസ്റ്റ് ഡൈജസ്റ്റർ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച പദ്ധതി തുക |
|---|---|---|---|---|
| 50/23 (New) | 150 | 166 | 460 | 31,67,257/- (കിച്ചൺ വേസ്റ്റ് ഡൈജസ്റ്റർ, റിംഗ് കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്തതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല) |

| | | | | |
|---|---|---|---|---|
| 60/23 (Spill Over) | 636 (21-22 ലെ ഗുണഭോക്താക്കൾ | 156 | -- | 19,16,530/- (2022-23 ൽ 523 പേർക്ക് റിംഗ് കമ്പോസ്റ്റും 156 പേർക്ക് ബയോഗ്യാസ് പ്ലാന്റും നൽകിയെങ്കിലും ഇവയൊന്നും സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.) |
| 58/23 (Spill Over) | 1364 (22-21 ലെ ഗുണഭോക്താക്കൾ | -- | --- | 8,95,332/- (1364 ഗുണഭോക്താക്കൾക്കും റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.) |
| ആകെ | 2150 | 322 | 460 | 59,79,119/- രൂപ |

ആകെ 2932 കുടുംബങ്ങൾക്ക് ഉറവിട മാലിന്യ സംസ്കരണ പദ്ധതികളിലൂടെ പ്രയോജനം ലഭിച്ചതായി 2022-23 വർഷത്തെ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ എത്ര പേർക്ക് തുടർ വർഷങ്ങളിലും ആനുകൂല്യം നൽകി എന്നതിന്റെ വിശദമായ റിപ്പോർട്ടും സാക്ഷ്യപത്രങ്ങൾ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാതെ തുക സ്ഥാപനങ്ങൾക്ക് നൽകിയതിന് വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് 2.2.2024 ന് നൽകിയ 34ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിത അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ഉറവിട മാലിന്യ സംസ്കരണ പദ്ധതികളിലൂടെ പ്രയോജനം ലഭിക്കാൻ അവശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം അറിയിക്കേണ്ടതുമാണ്. കൂടാതെ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾക്ക് തുടർ വർഷങ്ങളിൽ ആനുകൂല്യം നൽകിയിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1- 38 വിവിധ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - ചെയ്ത പ്രവൃത്തിയുടെ വിവരം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ട് മുഖേന വിവിധ റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് രാമനാട്ടുകര, ഫറോക്ക് കെ.എസ്.ഇ.ബി സെക്ഷനുകളിലായി 5,61,215 രൂപ നിക്ഷേപിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നം./പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ / ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 130/23 - വിവിധ റോഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 5,00,000 (വികസന ഫണ്ട് - പൊതു വിഭാഗം)<br>1,00,000 (തനതു ഫണ്ട്) | 4,86,378<br>74,837 | 1) ബിൽ നമ്പർ 96/8.12.2022 – 3,42,011<br>2) ബിൽ നമ്പർ 107/29.12.2022 – 29,937<br>3) ബിൽ നമ്പർ 134/24.1.2023 – 79,347<br>4) ബിൽ നമ്പർ 147/2.2.2023 – 35,083<br>5) ചെക്ക് നമ്പർ – 369198/14.11.2022 – 50,015<br>6) ചെക്ക് നമ്പർ – 731308/21.3.2023 – 24,822 |
| ആകെ | 6,00,000 | 5,61,215 | |

ഇതുമായി ബന്ധപ്പെട്ട ഫയൽ അപൂർണ്ണവും അവ്യക്തവുമാണ്. ആയതിനാൽ ഏതൊക്കെ പ്രവൃത്തികൾക്കായാണ് തുക നൽകിയതെന്നും കെ.എസ്.ഇ.ബി ഈ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയോ എന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ പ്രോജക്ട് പ്രകാരം ഏതൊക്കെ പ്രവൃത്തികൾക്കായാണ് തുക നൽകിയതെന്നും കെ.എസ്.ഇ.ബി ഈ പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയോ എന്നും ഈ പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതായി വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 50/2022-23 തീയതി 3.2.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവു തുക 5,61,215 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1– 39 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം – നിർവ്വഹണത്തിലെ അപാകതകൾ

നഗരസഭാ പരിധിയിൽ 2022 ഏപ്രിൽ, മെയ് മാസങ്ങളിൽ കരാറടിസ്ഥാനത്തിൽ 1000 ലിറ്ററിന് 275 രൂപ നിരക്കിൽ ശ്രീ വരുൺ എം. കെ എന്ന കരാറുകാരൻ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. 17-4-2022 മുതൽ 16-5-2022 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കുടിവെള്ളം വിതരണം ചെയ്തതിന് ലിറ്ററടിസ്ഥാനത്തിൽ നഗരസഭയ്ക്ക് 41,800 രൂപ തൻവർഷം തനതു ഫണ്ടിൽ നിന്നും 3/23 പ്രോജക്ട് മുഖേന ചെലവായിട്ടുണ്ട്. (ബിൽ സാങ്ഷൻ നം. 77/8-11-2022 – 41,800 ചെക്ക് നമ്പർ - 5423554, വൗച്ചർ നമ്പർ - 222000511 തീയതി - 17.11.2022). കുടിവെള്ള വിതരണവുമായി

ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

**1. ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സർക്കാർ നിർദ്ദേശ പ്രകാരമല്ല**

ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ 787/2017/ഡി.എ.ഡി നമ്പർ ഉത്തരവ് ഖണ്ഡിക 4(g) പ്രകാരം ജല വിതരണത്തിന് കിലോമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കേണ്ടതെന്നും ജില്ലാ കലക്ടർ നിർണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ആണ് നഗരസഭകൾ ജലവിതരണം നടത്തേണ്ടത് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വിതരണം ചെയ്ത വെള്ളത്തിന്റെ ലിറ്റർ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് തുക നൽകിയത്.

2. വിതരണം നടത്തിയ കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണമേൻമയും ഉറപ്പാക്കിയില്ല.

17-4-2022 മുതൽ 16-5-2022 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കരാറുകാരൻ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. കരാറുകാരൻ എവിടെ നിന്നുമാണ് കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്തത് എന്നതിന്റെ വിശദാംശമോ കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച സാക്ഷ്യപത്രം, ആരോഗ്യ വിഭാഗത്തിന്റെ സാക്ഷ്യപത്രം എന്നിവയോ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. മേൽ കാലയളവിൽ ഇവയെല്ലാം പരിശോധിച്ച് നഗരസഭയുടെ അനുമതിയോടെയാണ് കുടിവെള്ള വിതരണം നടത്തിയതെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. കുടിവെള്ള വിതരണം സംബന്ധിച്ച വ്യവസ്ഥകൾ ചേർത്ത മുദ്ര പത്രത്തിൽ കരാർ വെച്ചില്ല.

കരാറുകാരൻ മാത്രം ഒപ്പിട്ട 200 രൂപയുടെ മുദ്രപത്രം മാത്രമാണ് ഫയലിൽ ലഭ്യമായത്. ടെണ്ടർ ഉറപ്പിച്ച ശേഷം കുടിവെള്ള വിതരണം സംബന്ധിച്ച വ്യവസ്ഥകൾ ചേർത്ത് വെച്ച എഗ്രിമെന്റ് ഫയലിൽ ലഭ്യമല്ല. കുടിവെള്ള വിതരണം പോലുള്ള സുപ്രധാനമായ ഒരു പ്രോജക്ടിന് കരാർ വെക്കാത്തത് ശരിയായ നടപടിയല്ല.

**4. ഫുഡ് & സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണം നടത്തി.**

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ / ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെ കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തി കരാർ ചമച്ചില്ല. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 22/2022-23 തീയതി 31.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും നിലവിൽ അപാകതകൾ പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-40 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പ്രൊക്വർമെന്റ് നടപടികളിൽ അവ്യക്തത

| | |
|---|---|
| പ്രൊജക്റ്റ് | 90/22-23, വയോജനങ്ങൾക്ക് കട്ടിൽ വിതരണം - എസ്. സി |
| അടങ്കൽ | 2,61,000/- ( വികസനഫണ്ട് - എസ്.സി.പി ) |
| ചെലവ് | 2,60,969/- [ സാംഖ്യ ബിൽ നം. 396/22-23 തീയതി 28.03.23] |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

മേൽ പ്രൊജക്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. കാഡ്കോയിൽ നിന്നാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. കാഡ്കോയിൽ നിന്നും കൺസ്യൂമർഫെഡിൽ നിന്നും ലഭിച്ച ടെണ്ടറുകളിൽ കാഡ്കോയിൽ നിന്നുള്ളത് അംഗീകരിക്കാൻ തീരുമാനിച്ചു എന്നാണ് നഗരസഭ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ തീരുമാനമായി 24.02.2023 ലെ മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കും, വിലയുടെ അടിസ്ഥാനത്തിലാണോ അതോ ഗുണമേൻമയുടെ അടിസ്ഥാനത്തിലാണോ കാഡ്കോയെ തിരഞ്ഞെടുത്തിട്ടുള്ളത് എന്ന വിവരവും മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് ഫയലിൽ കാഡ്കോയിൽ നിന്ന് ലഭിച്ച ക്വട്ടേഷൻ മാത്രമാണ് ഉള്ളത്. അതു പ്രകാരം 1.98 മീറ്റർ നീളവും, 90 സെ. മീറ്റർ വീതിയും ഉള്ളതും, 8 മി. മീറ്റർ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായി മരത്തടിയിൽ തീർത്ത കട്ടിലൊന്നിന് 4349.48/- രൂപയാണ് അവർ ക്വാട്ട് ചെയ്തിരിക്കുന്ന നിരക്ക്. ടെണ്ടർ അറിയിപ്പ്, ടെണ്ടറുകൾ സ്വീകരിച്ചതും തുറന്നതും സംബന്ധിച്ച വിവരങ്ങൾ, കൺസ്യൂമർഫെഡിൽ നിന്നുള്ള ടെണ്ടർ, ക്വാട്ട് ചെയ്യപ്പെട്ട നിരക്കുകളുടെ താരതമ്യ പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതയിലെ വാർഷിക പദ്ധതികളും പ്രൊജക്റ്റുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28.05.2022 ലെ (കൈ)115/2022/ തസ്വഭവ നമ്പർ ഉത്തരവിലെ അനുബന്ധത്തിന്റെ ഖണ്ഡിക 7.1.14(2) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും, ശയ്യാവലംബരായ നിർദ്ധന രോഗികൾക്കുമാണ് കട്ടിൽ വാങ്ങി നൽകാവുന്നത്. പ്രൊജക്റ്റ് പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളതെങ്കിലും ഇവർ നിരാലംബരായ ഗുണഭോക്താക്കളാണോ എന്നത് സംബന്ധിച്ച വിശദാംശങ്ങളൊന്നും പ്രൊജക്റ്റ് ഫയലിൽ ഇല്ല.

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2022-23 തീയതി 29.01.2024) ലഭ്യമാക്കിയ മറുപടിയിൽ (നം.1/24 തീയതി 03.02.2024) കട്ടിലുകൾ കാഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ടാണ് വാങ്ങിയതെന്നും, കട്ടിൽ കൈപ്പറ്റിയവരിൽ നിരാലംബരായ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം പിന്നീട് ലഭ്യമാക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രെജക്റ്റ് പ്രകാരം വാങ്ങിയ കട്ടിലുകൾ കാഡ്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ സർക്കാർ അനുമതിയുള്ളവയല്ല. കൂടാതെ ഇത്തരത്തിൽ നേരിട്ടുവാങ്ങിയതാണെങ്കിൽ, ബന്ധപ്പെട്ട പ്രൊക്വർമെന്റ് കമ്മിറ്റി മിനുറ്റ്സിൽ തികച്ചും വസ്തുതാവിരുദ്ധമായ രേഖപ്പെടുത്തൽ വന്നത് എങ്ങിനെയെന്നും വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, സബ്സിഡി മാർഗ്ഗരേഖ പ്രകാരം യോഗ്യരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നതിന്റെ രേഖകളും കൺസ്യൂമർഫെഡ് സമർപ്പിച്ച ടെണ്ടർ രേഖകളും ഹാജരാക്കേണ്ടതുമാണ്. ചെലവുതുക 2,60,969/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-41 കുടിവെള്ള കണക്ഷൻ - സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകി

| | |
|---|---|
| പ്രൊജക്റ്റ് | 248/22-23, എസ്.സി കുടുംബങ്ങൾക്ക് വാട്ടർ അതോറിറ്റി കണക്ഷൻ - ധനസഹായം നൽകൽ |

| | |
|---|---|
| അടങ്കൽ | 7,50,000/- ( വികസനഫണ്ട് - എസ്.സി.പി ) |
| ചെലവ് | 6,67,500/-<br>[ സാംഖ്യ ബിൽ നം. 196/22-23 തീയതി 23.02.23 - 307500/-<br>സാംഖ്യ ബിൽ നം. 217/22-23 തീയതി 07.03.23 - 112500/-<br>സാംഖ്യ ബിൽ നം. 338/22-23 തീയതി 17.03.23 - 90000<br>സാംഖ്യ ബിൽ നം. 366/22-23 തീയതി 24.03.23 - 127500/-<br>സാംഖ്യ ബിൽ നം. 400/22-23 തീയതി 28.03.23 - 30000/-] |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

മേൽ പ്രൊജക്റ്റ് പ്രകാരം രാമനാട്ടുകര നഗരസഭയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 89 ഗുണഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് കുടിവെള്ള കണക്ഷൻ എടുക്കുന്നതിനുള്ള ധനസഹായമായി 7,500/- രൂപ വീതം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതയിലെ വാർഷിക പദ്ധതികളും പ്രൊജക്റ്റുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28.05.2022 ലെ (കൈ) 115/2022/തസ്വഭവ നമ്പർ ഉത്തരവിലെ അനുബന്ധത്തിന്റെ ഖണ്ഡിക 6.6, ക്രമ നം. 2 പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്ന് കുടിവെള്ള കണക്ഷൻ എടുത്തത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ താഴെ പറയുന്ന 29 ഗുണഭോക്താക്കൾക്ക് കണക്ഷൻ സർട്ടിഫിക്കറ്റിന് പകരം പ്ലംബർമാരിൽ നിന്നുള്ള ക്വട്ടേഷനുകളുടെയും, പ്ലംബിങ്ങ് സാധനങ്ങൾക്കുള്ള ക്യാഷ് ബില്ലുകളുടെയും അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | വേലായുധൻ, മുടക്കുഴിത്താഴം | 6 |
| 2 | കല്യാണി എൻ, മുടക്കുഴിത്താഴം | 6 |
| 3 | സുധീർ എം. പി, കോയങ്കാട്ടിൽ | 7 |
| 4 | ഗോപാലൻ, മുളക്കൽ പറമ്പത്ത് | 7 |
| 5 | സുബ്രഹ്മണ്യൻ, കട്ടയാട്ട് മീത്തൽ | 9 |
| 6 | പൗക്ക വി, കട്ടയാട്ട് മീത്തൽ | 9 |
| 7 | ബാലകൃഷ്ണൻ കെ. ടി | 9 |
| 8 | കൃഷ്ണൻ, പെരിഞ്ചേരി പറമ്പ് | 9 |
| 9 | അരവിന്ദാക്ഷൻ പി, തലയമ്പലത്ത് | 9 |
| 10 | ചന്ദ്രൻ പി, ചെറുപടിക്കൽ | 11 |
| 11 | വിജയലക്ഷ്മി ടി, കോട്ടക്കുറുമ്പ | 11 |
| 12 | ലത സി | 17 |
| 13 | രമേശ് കെ. പി, പാലക്കൽ പറമ്പ് | 17 |
| 14 | ശോഭന ഇത്തിളാംകുന്നമ്മൽ | 17 |
| 15 | അയ്യപ്പൻ, പൂക്കാട്ട് പറമ്പ് | 17 |
| 16 | സരോജിനി പി, പുന്നത്ത് | 17 |
| 17 | സരള, പൂക്കാട്ട് പറമ്പിൽ | 17 |
| 18 | മോഹനൻ കെ. പി, കല്ലുവെട്ടി പറമ്പ് | 17 |
| 18 | നാരായണൻ സി, പൂക്കാട്ട് പറമ്പ് | 17 |

| | | |
|---|---|---|
| 20 | കല്യാണി, കല്ലുവെട്ടി പറമ്പ് | 17 |
| 21 | പവിത്രൻ ടി. കെ, ചെമ്പ് വീട്ടിൽ | 17 |
| 22 | ഉണ്ണി, ബംഗ്ലാവ് പറമ്പിൽ | 22 |
| 23 | കുഞ്ഞൻ യു, ഉണ്ണ്യാലുങ്ങൽ | 23 |
| 24 | ശാരദ, കാവുംവളപ്പിൽ | 23 |
| 25 | കാളി, വെറുക്കാട്ട് | 23 |
| 26 | രേഖ പി, കാവുംവളപ്പിൽ | 23 |
| 27 | ഉണ്ണി സി, പാറക്കാട്ട് | 24 |
| 28 | പ്രവീൺ സി, മേലേ കോരംമ്പറമ്പത്ത് | 25 |
| 29 | കൃഷ്ണൻകുട്ടി കെ, മുടത്താഴിക്കൽ | 27 |

കണക്ഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ മേൽപ്പറഞ്ഞ ഗുണഭോക്തക്കൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/2022-23 തീയതി 27.01.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഗുണഭോക്താക്കൾ വാട്ടർ അതേറിറ്റിയിൽ നിന്ന് കുടിവെള്ള കണക്ഷൻ എടുത്തത് സംബന്ധിച്ച സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അതു വരെ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 2,17,500/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

**1- 42 വീട് വാസയോഗ്യമാക്കൽ - അർഹതപ്പെട്ട ധനസഹായം നൽകുന്നില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ | 245/23 (വീട് വാസയോഗ്യമാക്കൽ) |
| പദ്ധതി അടങ്കൽ | 31,00,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 19,75,000/- |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ - നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |

മുനിസിപ്പാലിറ്റിയിലെ 62 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. ഓരോ ഗുണഭോക്താവിനും 50,000/- രൂപ തോതിൽ ധനസഹായം അനുവദിക്കുന്നതിന് 22.11.2022 ന് കൂടിയ വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തു. എന്നാൽ ഇതു സംബന്ധിച്ച ഭരണ സമിതി തീരുമാനം കണാൻ സാധിച്ചിട്ടില്ല. 61 ഗുണഭോക്താക്കൾക്ക് ധന സഹായം അനുവദിച്ചതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. **ധനസഹായം എല്ലാ വാർഡുകളിലുമായി വീതം വെക്കുന്നു:-** 31 വാർഡുകളുള്ള മുനിസിപ്പാലിറ്റിയിൽ ഓരോ വാർഡിൽ നിന്നും 2 വീതം ഗുണഭോക്താക്കളെ കണക്കാക്കിയാണ് 62 പേർക്കായി പദ്ധതി രൂപീകരിച്ചത്. ഇത് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ. (കൈ) നം. 86/2022/ത.സ്വ.ഭ.വ. തിയ്യതി 19.4.2022 ഉത്തരവിലെ ഖണ്ഡിക 12.3 പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ നടപടിക്രമങ്ങളുടെ വീഴ്ചയാണ്. അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ തിയ്യതിയും സമയവും നിശ്ചയിച്ച് നൽകുകയും വ്യാപകമായ പ്രചാരണം നൽകേണ്ടതുമായിരുന്നു. ലഭിച്ച അപേക്ഷകളിൽ നിന്നും അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കുകയും അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി

കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി വാർഡ് സഭകളിൽ അംഗീകരിച്ച ശേഷം ഭരണസമിതിയുടെ അംഗീകാരം വാങ്ങിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഫയൽ പരിശോധിച്ചതിൽ ഇത്തരം നടപടിക്രമങ്ങളും പാലിച്ചതായി കാണാൻ സാധിച്ചിട്ടില്ല. മറിച്ച് എല്ലാ വാർഡുകളിൽ നിന്നും 2 പേർക്ക് ധനസഹായം നൽകുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമാക്കിയത്. ഇത്തരത്തിൽ വാർഡ് അടിസ്ഥാനത്തിൽ ധനസഹായം വീതം വെയ്ക്കുന്നത് ശരിയായ നടപടിയല്ല.

2. **അർഹതപ്പെട്ട ധനസഹായം അനുവദിക്കുന്നില്ല :-** ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ധനസഹായം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ അനുവദിച്ചിട്ടില്ല എന്നു കാണുന്നു. ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തി മൂല്യനിർണ്ണയം നടത്തി അതിനനുസരിച്ച് ധനസഹായം നൽകേണ്ടതുമാണ്. എന്നാൽ പല ഫയലുകളിലും 1 ലക്ഷത്തിനു മുകളിലുള്ള മൂല്യനിർണ്ണയം ഓവർസിയർ നടത്തിയിട്ടുണ്ട്. എന്നിട്ടും 50,000/- രൂപയിൽ പരിമിതപ്പെടുത്തി ധനസഹായം നൽകിയതായി കാണുന്നു. സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തിയ്യതി 28.5.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7(4) പ്രകാരം ജനറൽ വിഭാഗത്തിന് വീട് വാസയോഗ്യമാക്കുന്നതിന് സർക്കാർ നിശ്ചയിച്ച ആനുകൂല്യം പരമാവധി 1 ലക്ഷം രൂപയാണ്., വാല്യുവേഷൻ പ്രകാരം ചെലവ് ഒരു ലക്ഷത്തിൽ താഴെയാണെങ്കിൽ വാല്യുവേഷൻ തുക അനുവദിക്കേണ്ടതാണ്. എന്നാൽ ധനസഹായം ലഭിച്ച 61 ഗുണഭോക്താക്കളിൽ അതിദരിദ്രരിൽ പെട്ട 4 പേർക്ക് മാത്രമാണ് വാല്യുവേഷൻ പ്രകാരമുള്ള ധനസഹായം അനുവദിച്ചത്. പദ്ധതി പൂർത്തീകരിച്ച 55 പേർക്കും 50,000/- രൂപ വീതമാണ് അനുവദിച്ചത്. ഇവരിൽ പലരുടെയും വാല്യുവേഷൻ ഓവർസിയർ സാക്ഷ്യപ്പെടുത്തിയത് 50,000/- രൂപയ്ക്കു മുകളിലാണ്. വാല്യുവേഷനേക്കാളും കുറഞ്ഞ ധനസഹായം അനുവദിക്കുമ്പോൾ ഗുണഭോക്താക്കൾക്ക് പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല. 2 പേർ ഒന്നാം ഗഡുവായി 25,000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. 2023 മാർച്ച് മാസം തുക കൈപ്പറ്റിയ 2 ഗുണഭോക്താക്കളും ഓഡിറ്റ് തിയ്യതി വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

3. **വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം ഇല്ല:-** പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ എന്നിരിക്കെ പല ഫയലുകളിലും ഗുണഭോക്താക്കളുടെ വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലുള്ള അപാകതകളും അർഹമായ ധനസഹായം അനുവദിക്കാതിരുന്നതിനും കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രമില്ലാതെ ധനസഹായം അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

**1-43 പഠനമുറി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി**

| | |
|---|---|
| പ്രൊജക്റ്റ് | 83/22-23, എസ്. സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 11,25,000/- ( വികസനഫണ്ട് - എസ്.സി.പി ) |
| ചെലവ് | 1,00,000/- [ സാംഖ്യ ബിൽ നം. 370/22-23 തീയതി 24.03.23] |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച മേൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നഗരസഭ 20ാം ഡിവിഷനിലെ അശ്വന്ത് എം, S/O ശ്രീജില എം, മാന്ത്രമ്മൽ എന്ന ഗുണഭോക്താവിന് ഓഡിറ്റ് വർഷം മുൻകൂർ തുകയായി 50,000/- രൂപ നൽകിയിട്ടുണ്ട്. തുടർന്ന് 2023-24 സാമ്പത്തിക വർഷത്തെ 208/23-24 നമ്പർ പ്രൊജക്റ്റ് പ്രകാരം പ്രസ്തുത ഗുണഭോക്താവിന് രണ്ടാം ഗഡു തുകയായി 75,000/- രൂപയും അനുവദിച്ചിട്ടുണ്ട് (സാംഖ്യ ബിൽ നം. 221/23-24 തീയതി 09.01.2024).

തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രൊജക്റ്റുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28.05.2022 ലെ (കൈ) 115/2022/തസ്വഭവ നമ്പർ ഉത്തരവിലെ അനുബന്ധത്തിന്റെ ഖണ്ഡിക 7.2.3 പ്രകാരം 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം അനുവദിക്കാവുന്നത്. മേൽ ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം വിടിന് (കെട്ടിട നം. 13/6-സി) 66.23 ചതുരശ്ര മീറ്റർ (712.89 ചതുരശ്ര അടി) വിസ്തീർണ്ണം മാത്രമാണുള്ളത്. പ്രസ്തുത വീടിന്റെ വിപുലീകരണത്തിനായി ശ്രീ. കൃഷ്ണൻ എം, മാന്ത്രമ്മൽ എന്നവരുടെ 27.02.2023 തീയതിയിലുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ നഗരസഭ 16.05.2023 ലെ BA/ 1083/0035/2023 നമ്പരായി കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പെർമ്മിറ്റ് പ്രകാരം വിപുലീകരണത്തിനു ശേഷമുള്ള കെട്ടിട വിസ്തൃതി 125.08 ചതുരശ്ര മീറ്റർ (1346.34 ചതുരശ്ര അടി) ആണ്. 02.02.2023 ന് നഗരസഭയിലെ എസ്. സി പ്രൊമോട്ടറുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താവിന്റെ വീട് സന്ദർശിക്കുകയുണ്ടായി. പഠനമുറി നിർമ്മിച്ചിട്ടുണ്ടെങ്കിലും അതോടൊപ്പം തന്നെ വീട് വിപുലീകരണത്തിനായി നഗരസഭയിൽ നിന്ന് അനുവദിച്ച പെർമിറ്റ് പ്രകാരമുള്ള പ്രവൃത്തികളും നടന്നിട്ടുള്ളതായും, നിലവിൽ ഗുണഭോക്താവിന്റെ വീടിന് പഠനമുറിക്കുള്ള ധനസഹായം അനുവദിക്കാൻ യോഗ്യമായതിനേക്കാൾ അധികം വിസ്തീർണ്ണമുള്ളതായും പരിശോധനയിൽ ബോധ്യപ്പെട്ടു.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 57/2022-23 തീയതി 03.02.2024) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷം ഗുണഭോക്താവിന് നൽകിയ ധനസഹായ തുകയായ 50,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

**1- 44 ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല**

രാമനാട്ടുകര നഗരസഭയുടെ വിവിധ വാർഷിക പദ്ധതികളിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിനും, ഭവനപുനരുദ്ധാരണത്തിനുമായി ധനസഹായം അനുവദിച്ചിരുന്നു. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ചിലർ ഇതു വരെ ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1) പഠനമുറി**

| ക്രമ നം. | പ്രൊജക്റ്റ് ആവിഷ്കരിച്ച വർഷം | ഗുണഭോക്താവിന്റെ പേര് | നാളിതു വരെ കൈപ്പറ്റിയ തുക | പ്രവത്തി പൂർത്തീകരിച്ച് കൈപ്പറ്റാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2018-19 | ബിന്ദു സി, കറിത്താട്ടിൽ, ഫാറൂഖ് കോളേജ് | 90,000 | 80,000 |
| 2 | | ഉണ്ണി, പേരേകൊടക്കാട്ട മീത്തൽ, രാമനാട്ടുകര | 90,000 | 80,000 |
| 3 | 2019-20 | അഭിനവ്, S/0 പ്രസീത പി, | 1,25,000 | 75,000 |

| | | | | |
|---|---|---|---|---|
| | | ബംഗ്ലാവ് പറമ്പ്, പൂവണ്ണൂർ പള്ളി, രാമനാട്ടുകര | | |
| 4 | | അഭിഷേക്, S/0 രാജൻ, കരളങ്ങോട്ട്, പരുത്തിപ്പാറ | 1,25,000 | 75,000 |
| 5 | | നിതന്യ D/0 സുബ്രഹ്മണ്യൻ, പുള്ളിമലത്ത്, പെരുമ്പിരിപ്പറമ്പ് | 1,25,000 | 75,000 |
| 6 | 2021-22 | വിസ്മയ D/0 സജിത കെ, കുറ്റിക്കാട്ടിൽ, ഫാറൂക്ക് കോളേജ് | 1,25,000 | 75,000 |
| 7 | | അശ്വന കൃഷ്ണ, D/0 വിജയലക്ഷ്മി ടി, പ്രപഞ്ചിക, കോട്ടക്കുറുമ്പ, രാമനാട്ടുകര | 1,25,000 | 75,000 |
| 8 | | റിഞ്ചു ഡി, D/0 ശിവദാസൻ, പട്ടാളിക്കൽ പള്ളിയാളി, വൈദ്യരങ്ങാടി | 1,25,000 | 75,000 |
| 9 | 2022-23 | നവജിത് പി S/O വിജയൻ, കാളാത്ത്, തിരിച്ചിലങ്ങാടി | 50,000 | 1,50,000 |

**2) ഭവന പുനരുദ്ധാരണം**

2022-23 സാമ്പത്തിക വർഷം 78/22-23 നമ്പർ പ്രൊജക്റ്റ് (എസ്.സി വീട് പുനരുദ്ധാരണം - വനിത) പ്രകാരം 30 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും 50,000/- രൂപയുടെ രണ്ട് ഗഡുക്കളായി ആകെ ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് പ്രൊജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയ താഴെപറയുന്ന 6 ഗുണഭോക്താക്കൾ ഇതുവരെ പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | പത്മാവതി ഇ, ഇട്ടപ്പുറത്ത് മീത്തൽ | 1 |
| 2 | ചിന്ന, ഇട്ടപ്പുറത്ത് കരളങ്ങോട്ട് | 1 |
| 3 | അനിമോൾ, കട്ടയാട്ട് മേത്തൽ | 9 |
| 4 | അശ്വനി കെ, സൗഹൃദം, കുന്നംപള്ളി | 10 |
| 5 | കാർത്തി, കോലത്തുരുത്തി, പൊറ്റയിൽ | 18 |

| | | |
|---|---|---|
| 6 | ശ്രീജ, അരുണോദയം, പുന്നത്ത് മീത്തൽ | 22 |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1- 45 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണം ശരിയായ രീതിയിൽ രേഖപ്പെടുത്താത്തതും മറ്റ് അപാകതകളും**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 98/23 (വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | 4,04,550/- (വികസന ഫണ്ട്) |
| ചെലവ് | 4,04,502/- |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ - നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |

മേൽ പദ്ധതി പ്രകാരം 93 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. കാഡ്കോയിൽ നിന്നും 25.3.2023 ന് ലഭിച്ച മുഴുവൻ കട്ടിലുകളും വിതരണം ചെയ്തതായി രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ ദിവസങ്ങളിൽ എത്രയെണ്ണം വീതം വിതരണം ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. ഓരോ ദിവസവും വിതരണം നടത്തിയ ശേഷം അതാത് ദിവസത്തെ നീക്കിയിരിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും വിതരണം പൂർത്തിയാക്കി നീക്കിയിരിപ്പ് ഇല്ല എന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതുമാണ്.

സ.ഉ.(കൈ) നം. 115/2022/തസ്വഭവ തിയ്യതി 28.5.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.14(2) പ്രകാരം 60 വയസ്സു കഴിഞ്ഞ നിരാലംബരായ വയോജനങ്ങൾക്കും കിടപ്പു രോഗികളായ വയോജനങ്ങളല്ലാത്ത നിർധന രോഗികൾക്കുമാണ് 4350/- രൂപയിൽ അധികമാകാതെ കട്ടിൽ നൽകാവുന്നത്. എന്നാൽ പദ്ധതി രേഖകൾ പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

വിതരണം സംബന്ധിച്ച് ശരിയായ വിവരങ്ങൾ ലഭ്യമാക്കാത്തതിനും സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 27.1.2024 ന് നൽകിയ 11ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് വിവരങ്ങൾ ശരിയായി രേഖപ്പെടുത്തേണ്ടതും സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

**1- 46 സമഗ്രവിദ്യാഭ്യാസ പരിപാടി - അപാകതകൾ**

| | |
|---|---|
| പ്രൊജക്റ്റ് | 156/22-23, സമഗ്രവിദ്യാഭ്യാസ പരിപാടി-<br>എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കൽ |

| | |
|---|---|
| അടങ്കൽ | 1,00,000/- ( തനത് ഫണ്ട് ) |
| ചെലവ് | 1,00,000/- [ സാംഖ്യ ബിൽ നം. 429/22-23 തീയതി 30.03.23] |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് രാമനാട്ടുകര |

ഹെഡ്മാസ്റ്റർ നടപ്പാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം രാമനാട്ടുകര നഗരസഭയിലെ താഴെപറയുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് "വിജയോത്സവം" എന്ന പേരിൽ 2023 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് വേണ്ടിയുള്ള പരിശീലന പരിപാടിയാണ് നടപ്പാക്കിയിട്ടുള്ളത്. പരിശീലനത്തിനെത്തുന്ന വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം നൽകുന്നതിനും, പരിശീലനം നൽകിയ അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നതിനുമാണ് പ്രൊജക്റ്റ് തുക ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നം. | സ്കൂളിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | ഫാറൂക്ക് ഹയർ സെക്കണ്ടറി സ്കൂൾ, രാമനാട്ടുകര | 50,000/- |
| 2 | സേവാമന്ദിർ പോസ്റ്റ് ബേസിക്ക് ഹയർ സെക്കണ്ടറി സ്കൂൾ, രാമനാട്ടുകര | 50,000/- |
| ആകെ | | 1,00,000/- |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 19.04.2022 തീയതിയിലെ സ.ഉ(കൈ) 86/2022/തസ്വഭവ നമ്പർ ഉത്തരവിന്റെ അനുബന്ധത്തിലെ ഖണ്ഡിക 8.6(9) പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രൊജക്റ്റുകൾ മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാനാവുന്നത്. അപ്രകാരമുള്ള പ്രഭാത ഭക്ഷണ വിതരണത്തിന് സ്പോൺസർഷിപ്പിലൂടെ വിഭവസമാഹരണം നടത്താവുന്നതാണ് എന്നാണ് ഖണ്ഡിക 8.8.3(2)(i) ൽ പറഞ്ഞിട്ടുള്ളത്. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പരിശീലന പരിപാടിയുടെ ഭാഗമായി ഭക്ഷണം വിതരണം ചെയ്യുന്നതിന് മാർഗ്ഗരേഖ പ്രകാരം വ്യവസ്ഥകളില്ല.
2. മേൽ ഉത്തരവിന്റെ അനുബന്ധത്തിന്റെ ഖണ്ഡിക 8.6(10) പ്രകാരം സന്നദ്ധപ്രവർത്തകരായ യുവതീയുവാക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ടാണ് വിദ്യാർത്ഥികൾക്ക് പഠന പരിപോഷണം (Remedial Coaching) ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടത്. അദ്ധ്യാപകർക്ക് പ്രതിഫലം നൽകി പരിശീലനം സംഘടിപ്പിക്കുന്നതിന് മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല.
3. പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് അധിക പഠനപിന്തുണ (Remedial Education) നൽകുന്നതിനാണ് മേൽപറഞ്ഞ രീതിയിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ സ്കൂൾ പരീക്ഷയിൽ "എ പ്ലസ്" ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും സേവാമന്ദിർ പോസ്റ്റ് ബേസിക്ക് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രൊജക്റ്റിന്റെ ഭാഗമായി തുക ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.

02/2022-23 തീയതി 25.01.2024) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 1,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1- 47 പി.എം.എ.വൈ ഭവനപദ്ധതി - ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പി.എം.എ.വൈ |
| പ്രോജക്റ്റ് നമ്പർ | 29/23, 28/23 |
| അടങ്കൽ | 1000000 (വികസന ഫണ്ട് എസ്.സി.പി), 2500000 വി.ഫ (ജനറൽ) |
| ചെലവ് | 1000000/-, 760000 |
| നിർവ്വഹണം | സെക്രട്ടറി |

1. തൻവർഷത്തെ ചെലവ് വിവരം

| നഗരസഭ ചെലവഴിച്ച തുക | ഹഡ്കോ ലോൺ | സംസ്ഥാനവിഹിതം/കേന്ദ്ര വിഹിതം ലഭിച്ച ഇനത്തിൽ ചെലവഴിച്ച തുക | ആകെ ചെലവ് |
|---|---|---|---|
| 1760000 | ---- | 7080000 | 8840000 |

ഓഡിറ്റ് വർഷം വരെയുള്ള പി.എം.എ.വൈ ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡി.പി.ആർ നമ്പർ | അംഗീകരിച്ച വർഷം | ആകെ ഗുണഭോക്താക്കൾ | ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭയുമായി കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമാണം പൂർത്തീകരിച്ചവർ | ഭവന നിർമാണം പൂർത്തീകരിക്കാത്തവർ |
|---|---|---|---|---|---|---|
| 1 | D.P.R -1 | 2017-18 | 62 | 62 | 59 | 2 |
| 2 | D.P.R-2 | 2017 -18 | 106 | 106 | 101 | 5 |
| 3 | D.P.R-3 | 2017 -18 | 22 | 22 | 19 | 03 |
| 4 | D.P.R-4 | 2018 -19 | 68 | 68 | 62 | 06 |
| 5 | D.P.R-5 | 2019 -20 | 58 | 58 | 13 | 45 |

| | | | | | | |
|---|---|---|---|---|---|---|
| 6 | D.P.R-6 | 2021 -22 | 26 | 26 | 1 | 25 |
| 7 | D.P.R-7 | 2021 -22 | 79 | 79 | 1 | 78 |
| | D.P.R-8 | 2022-23 | 38 | 38 | 6 | 32 |
| | | | 459 | 459 | 262 | 196 |

സർക്കാർ ഉത്തരവ് (സാധാ) നം. 2803/2016/ത.സ്വ.ഭ.വ തീയതി 04.10.2016 - PMAY പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക VI(a) പ്രകാരം ഗുണഭോക്താക്കൾ പരമാവധി 1 വർഷത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 1 മുതൽ 7 വരെയുള്ള DPR കളിൽ ഉൾപ്പെട്ട് കരാറിലേർപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട സമയപരിധി അവസാനിച്ചിട്ടുണ്ട്. ഫയൽ പ്രകാരം ഓഡിറ്റ് തീയതിവരെ 196 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ളതായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ ലോൺ, കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നീ ഇനത്തിൽപ്പെട്ട തുകകൾ പദ്ധതിയിൽ ഉൾപ്പെടുത്താതെയാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (സാധാ) നം. 2803/2016/ത.സ്വ.ഭ.വ തീയതി 04.10.2016 പ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയ വിവരമോ, അതല്ലെങ്കിൽ തുക തിരിച്ചടച്ച വിവരമോ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ ലോൺ, കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നീ ഇനത്തിൽപ്പെട്ട തുകകൾ പദ്ധതിയിൽ ഉൾപ്പെടുത്താത്തതു സംബന്ധിച്ചുമുള്ള അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1- 48 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകൾ - ചെലവു തുകയുടെ രശീതി, പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള ചെലവിന്റെ രശീതി, പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റ് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 160/23 | ഡി. പി. സി. സെക്രട്ടേറിയറ്റ് രണ്ടാം ഘട്ടം നിർമ്മാണം - വിഹിതം നൽകൽ | 3,00,000 - തനത് ഫണ്ട് | ജില്ലാ കളക്ടർ, കോഴിക്കോട്<br>ചെക്ക് നമ്പർ - 5423578 തീയതി 10.2.2023<br>വൗച്ചർ നമ്പർ - 22200706 തീയതി 10.2.2023 - 3,00,000 |
| 2 | 26/23 | വയോമിത്രം | 6,00,000 - | കേരള സാമൂഹ്യ |

| | | | | |
|---|---|---|---|---|
| | | | വികസന ഫണ്ട് - ജനറൽ | സുരക്ഷാ മിഷൻ, തിരുവനന്തപുരം - ബിൽ നമ്പർ - 594/22-23, തീയതി 5.9.2022 - 6,00,000 |
| 3 | 25/23 | ഐ. കെ. എം വിഹിതം നൽകൽ | 1,63,483 - വികസന ഫണ്ട് - ജനറൽ | ഐ. കെ. എം, തിരുവനന്തപുരം - ബിൽ നമ്പർ - 402/22-23, തീയതി 8.12.2022 - 1,63,483 |
| 4 | 227/23 | നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ ബാലൻസുള്ള കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 25,81,681 – വികസന ഫണ്ട് - പൊതു വിഭാഗം, 30,18,319 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേരളാ വാട്ടർ അതോറിറ്റി- ബിൽ നമ്പർ - 406/22-23, തീയതി 8.12.2022 - 25,81,681 ബിൽ നമ്പർ - 163/22-23, തീയതി 10.2.2023 - 30,18,319 |
| 5 | 233/23 | കേരളാ വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് തിരികെ നൽകിയ എസ്. സി. പി. ഫണ്ട് തുക എസ്. സി കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്യൽ | 8,68,184 - വികസന ഫണ്ട് - എസ്. സി. പി | കേരളാ വാട്ടർ അതോറിറ്റി-ചെക്ക് നമ്പർ - 5423543, വൗച്ചർ നമ്പർ - 22200450 തീയതി 24.10.2022 - 8,68,184 |
| | | ആകെ | 75,31,667 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 17/2022-23 തീയതി 30.1.2024, ഓഡിറ്റ് എൻക്വയറി നമ്പർ 51/2022-23 തീയതി 3.2.2024 എന്നിവക്ക്) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 75,31,667/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 ഹരിതകർമ്മസേന - വരുമാനമില്ലാത്തതും മറ്റു അപാകതകളും

കേരള മുനിസിപ്പാലിറ്റി നിയമം 30 (എ) (6)-ാം വകുപ്പ്, ഒന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് കരട് ബൈലോ 22.11.2023 ന് നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

31 ഡിവിഷനുകളുള്ള മുനിസിപ്പാലിറ്റിയിൽ ആകെ 52 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നു. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ 1.1.2024 നുള്ള നീക്കിയിരിപ്പ് 2,32,989/- രൂപയാണ്. 14 പേരിൽ നിന്നാരംഭിച്ച സേനാംഗങ്ങളുടെ എണ്ണം പിന്നീട് 52 പേരായി നിലവിൽ തുടർന്നു കൊണ്ടിരിക്കുന്നു. 2022-23 വർഷം 52/23 നമ്പർ പ്രോജക്ട് പ്രകാരം 10555 സ്ഥാപനങ്ങളിൽ QR കോഡ് പതിക്കുന്നതിന് 2,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിതകർമ്മ സേനാംഗങ്ങൾ മാലിന്യ ശേഖരണം നടത്തുന്നത് ആകെ 9586 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ്. ഇതിൽ 8074 വീടുകളും 1512 മറ്റു സ്ഥാപനങ്ങളും ഉൾപ്പെടുന്നു. 12/2023 ലെ കണക്കനുസരിച്ച് 3439 വീടുകളിൽ നിന്നും 236 മറ്റു സ്ഥാപനങ്ങളും മാത്രമാണ് യൂസർ ഫീ നൽകിയത്. അതായത് 17% മറ്റു സ്ഥാപനങ്ങളും 43 % വീടുകളും മാത്രമേ യൂസർ ഫീ നൽകിയിട്ടുള്ളൂ. മാത്രമല്ല കരട് ബൈലോ പ്രകാരം മാലിന്യ ശേഖരണത്തിന് ഒരു വീടിന് പ്രതിമാസം 60/- രൂപയാണ് ഈടാക്കാൻ വ്യവസ്ഥ ചെയ്തത്. അതേ സമയം മറ്റു സ്ഥാപനങ്ങളിൽ നിന്ന് ഓരോ 50 Kg ചാക്ക് വേസ്റ്റിനും 100/- രൂപയും തുടർന്നു

വരുന്ന ഓരോ ചാക്കിനും 100/- രൂപ തോതിലും ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും എത്ര ചാക്ക് മാലിന്യം നൽകിയാലും 60/- രൂപ മാത്രമാണ് ഓരോ വീട്ടുകാരും ഹരിതകർമ്മ സേനക്ക് നൽകാൻ തയ്യാറാകുന്നുള്ളൂ എന്നാണ് ഹരിത കർമ്മ സേന അറിയിച്ചത്. വീടുകളുടെ കാര്യത്തിൽ യൂസർ ഫീ നിരക്ക് ശരിയായ രീതിയിൽ നിജപ്പെടുത്താത്തത് ഹരിത കർമ്മസേനയുടെ വരുമാനത്തിൽ കുറവു വരുന്നതിന് കാരണമാകുന്നുണ്ട്.

രാമനാട്ടുകര ബസ് സ്റ്റാന്റിനു സമീപം പ്രവർത്തിച്ചിരുന്ന എം.സി.എഫ്. ഇപ്പോൾ പരുത്തിപ്പാറയിലുള്ള ഒരു സ്വകാര്യ കെട്ടിടത്തിൽ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. താൽക്കാലിക എം.സി.എഫ്. ൽ മാലിന്യങ്ങൾ വേർതിരിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ കുറവായതിനാൽ മാലിന്യങ്ങൾ കൂടി കിടക്കുന്നതിന് കാരണമാകുന്നതായി അവർ അറിയിച്ചു. താൽക്കാലിക എം.സി.എഫ്. വാടകയ്ക്കെടുത്തപ്പോൾ ആവശ്യമായ സ്ഥല സൗകര്യം പരിശോധിക്കാതെ ടെണ്ടർ അംഗീകരിച്ചതാണ് ഇതിനു പ്രധാന കാരണം. ഇതു സംബന്ധിച്ച് പ്രത്യേകം എൻക്വയറി 1.2.2024 ന് 23ാം നമ്പറായി നൽകിയിട്ടുണ്ട്. കൂടാതെ മാലിന്യ നിർമ്മാർജ്ജനത്തിനായി 62/23 നമ്പർ പ്രോജക്ട് പ്രകാരം ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ, ഒരു ബെയിലിംഗ് മെഷീൻ എന്നിവ വാങ്ങി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്രദമാകാതെ മുമ്പ് എം.സി.എഫ്. ആയി പ്രവർത്തിച്ച കെട്ടിടത്തിൽ നിഷ്ക്രിയമായി സൂക്ഷിച്ചത് സംബന്ധിച്ചും പ്രത്യേകം എൻക്വയറി 1.2.2024 ന് 25ാം നമ്പറായി നൽകിയിട്ടുണ്ട്.

വാർഡ് കൗൺസിലർമാർ, സാമൂഹ്യ സംഘടനകളുടെയും കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ മേഖലകളിൽ സാങ്കേതിക വൈദഗ്ധ്യം നേടിയവർ എന്നിവരെ ഉൾപ്പെടുത്തി വാർഡ് സാനിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് ബന്ധപ്പെട്ട വാർഡുകളിലെ ശുചിത്വം സ്ഥിരമായി പരിശോധിക്കുകയും റിപ്പോർട്ടുകൾ നൽകുകയും ശുചീകരണ പ്രവർത്തകർക്ക് നിർദ്ദേശങ്ങൾ നൽകി മാലിന്യം കുറക്കുന്നതിനും അവ പുന:ചംക്രമണം വഴി വീണ്ടും ഉപയോഗിക്കുന്നതിനുള്ള നേതൃത്വം ഏറ്റെടുക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും നഗരസഭയുടെ ഭാഗത്തു നിന്നും നടക്കുന്നതായി കാണുന്നില്ല. ബൈലോ പ്രകാരം നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ വിൽപനക്കായി സൂക്ഷിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നതിനുമുള്ള പിഴകളുടെ നിരക്ക് കരട് ബൈലോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിലെ മുഴുവൻ വീടുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും യൂസർ ഫീ കിട്ടാത്ത സാഹചര്യത്തിൽ മാലിന്യങ്ങൾ നിയമവിരുദ്ധമായി ജനങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട് എന്നത് വ്യക്തമാണ്. ആയതിനാൽ ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ നഗരസഭ സ്വീകരിച്ച നടപടികളും പിഴയിനത്തിൽ ഇതു വരെയായി നഗരസഭക്ക് ലഭിച്ച വരുമാനവും സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് ( മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക ) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1– 50 ശുചീകരണ സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 11/23 (ശുചീകരണ സാമഗ്രികൾ) |
| അടങ്കൽ | 3 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 2,97,153/- |
| ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | 316/13.3.2023 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |

നഗരസഭയിലേക്ക് ആവശ്യമായ ശുചീകരണ സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. 2.3.2023 ലെ ഇൻവോയ്സ് പ്രകാരം ശുചീകരണ സാമഗ്രികൾക്കൊപ്പം ഹരിത കർമ്മസേനാംഗങ്ങൾക്കുള്ള യൂനിഫോം, സോർട്ടിംഗ് ടേബിൾ, വുഡ് കട്ടർ, ലാഡർ എന്നിവയുൾപ്പെടെയുള്ള സാധനങ്ങൾ നഗരസഭക്ക് നൽകിയിട്ടുണ്ടെങ്കിലും ഇവയൊന്നും സ്റ്റോക്കിൽ എടുത്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 1.2.2024 ന് നൽകിയ 26ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ശുചീകരണ സാമഗ്രികൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 2,97,153/- രൂപ തടസ്സത്തിൽ വെക്കുന്നു.

**1– 51 നഗരസഭ പ്രൊക്വർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 18.10.2010 ലെ സ.ഉ(പി)259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4.2.2 പ്രകാരം സ്ഥാപനത്തിലെ പ്രൊക്വർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്വർമെന്റ് കമ്മിറ്റിയാണ്. രാമനാട്ടുകര നഗരസഭയിലെ പ്രൊക്വർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നാണ് കമ്മിറ്റിയുടെ മിനറ്റ്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

പ്രൊക്വർമെന്റ് മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്ഥാപനത്തിന്റെ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻമാർ, ബന്ധപ്പെട്ട നിർവ്വഹണോദ്യാഗസ്ഥൻമാർ, സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള രണ്ട് പേർ എന്നിവരാണ് പ്രൊക്വർമെന്റ് കമ്മിറ്റിയിലെ അംഗങ്ങൾ. അതു പ്രകാരം രാമനാട്ടുകര നഗരസഭയിലെ പ്രൊക്വർമെന്റ് കമ്മിറ്റിയിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരെ കൂടാതെ തന്നെ ഒൻപത് അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മിനറ്റ്സ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 2022-23 സാമ്പത്തിക വർഷം 11 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. ഇവയിൽ പലതിലും കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യം വളരെ കുറവായാണ് കാണുന്നത്. 27.05.22, 02.06.22 തീയതികളിൽ ചേർന്ന യോഗങ്ങളിൽ നാല് അംഗങ്ങളും 31.05.22, 21.03.23 തീയതികളിൽ ചേർന്ന യോഗങ്ങളിൽ മൂന്ന് അംഗങ്ങളും മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. വാങ്ങൽ തീരുമാനങ്ങളിൽ മുഴുവൻ അംഗങ്ങളുടെയും പങ്കാളിത്തമുണ്ടാവുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. 28.04.22 ന് ചേർന്ന യോഗത്തിന്റെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത യോഗത്തിൽ എത്ര പേർ പങ്കെടുത്തു എന്നതു പോലും വ്യക്തമല്ല.

മിനറ്റ്സ് പുസ്തക പ്രകാരം 2022-23 സാമ്പത്തിക വർഷം ചേർന്ന 11 യോഗങ്ങളിൽ 6 എണ്ണത്തിൽ യോഗ അജണ്ട രേഖപ്പെടുത്തിയിട്ടില്ല. അതു മൂലം പ്രസ്തുത യോഗത്തിന്റെ മുമ്പാകെ അംഗീകാരത്തിനായി വന്നിട്ടുള്ള എല്ലാ വാങ്ങലുകളെ സംബന്ധിച്ചും തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. 24.02.23 ന് ചേർന്ന യോഗത്തിന്റെ അജണ്ടയിൽ ഭിന്നശേഷിക്കാർക്കുള്ള മുച്ചക്ര വാഹനം വാങ്ങുന്നതിനുള്ള

ടെണ്ടറിന്റെ അംഗീകാരം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, ആയത് സംബന്ധിച്ച് യോഗത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. ബഡ്സ് സ്കൂളിലേക്കുള്ള യൂണിഫോമിന്റെ തുണി വിതരണം ചെയ്യുന്നതിനും, യൂണിഫോമിന്റെ തയ്യൽ നടത്തുന്നതിനും ലഭിച്ചിട്ടുള്ള ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനായി 09.05.22 ന് യോഗം ചേർന്നതായി മിനറ്റ്സ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത യോഗവുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലെല്ലാം വെട്ടിയിരിക്കുന്നതായാണ് കാണുന്നത്. പ്രസ്തുത വാങ്ങലുകളെ സംബന്ധിച്ച് എന്ത് തീരുമാനമാണ് കമ്മിറ്റി എടുത്തിട്ടുള്ളത് എന്ന് വ്യക്തമല്ല.

പ്രൊക്വർമെന്റ് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങളും, ആയതിലേക്ക് എത്തിച്ചേരാനുണ്ടായ കാരണങ്ങളുമൊന്നും മിനറ്റ്സിൽ വ്യക്തമായി രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി 20.01.23 ന് ചേർന്ന യോഗത്തിൽ കൃഷി ഓഫീസറുടെയും വെറ്റിനറി സർജന്റെയും വാങ്ങലുകളെല്ലാം അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതേത് പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് ആരിൽ നിന്നെല്ലാം ക്വട്ടേഷനുകളും ടെണ്ടറുകളും ലഭിച്ച എന്നും, ആരുടെ ക്വട്ടേഷൻ/ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത് എന്നും രേഖപ്പെടുത്തിയിട്ടില്ല. 24.03.23 ന് ചേർന്ന യോഗത്തിൽ വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിനുള്ള എസ്.സി/ജനറൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് കാഡ്കോയിൽ നിന്നും കൺസ്യൂമർഫെഡിൽ നിന്നും ലഭിച്ച ടെണ്ടറുകളിൽ കാഡ്കോയിൽ നിന്നുള്ളത് അംഗീകരിക്കാൻ തീരുമാനിച്ച എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കും, വിലയുടെ അടിസ്ഥാനത്തിലാണോ അതോ ഗുണമേൻമയുടെ അടിസ്ഥാനത്തിലാണോ കാഡ്കോയെ തിരഞ്ഞെടുത്തിട്ടുള്ളത് എന്ന വിവരവും മിനറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട പ്രൊജക്ട് ഫയലിൽ കാഡ്കോയിൽ നിന്ന് ലഭിച്ച ക്വട്ടേഷൻ മാത്രമാണ് ഉള്ളത്.

പ്രൊക്വർമെന്റ് കമ്മിറ്റിയുടെ ചുമതലയിലും, അധികാര പരിധിയിലും വരാത്ത കാര്യങ്ങളിലും കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നുണ്ട്. നഗരസഭയിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊജക്ടിൽ അവ എവിടെയെല്ലാം സ്ഥാപിക്കണമെന്ന് തീരുമാനമെടുത്തിരിക്കുന്നത് 08.02.23 ൽ ചേർന്ന പ്രൊക്വർമെന്റ് കമ്മിറ്റിയാണ്. വാർഡ് സഭകളിൽ നിന്നും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്ന് വരേണ്ടതാണ് ഇത്തരം തീരുമാനങ്ങൾ എന്നിരിക്കെ പ്രൊക്വർമെന്റ് കമ്മിറ്റി ഇക്കാര്യത്തിൽ തീരുമാനമെടുത്തത് ശരിയായ നടപടിയല്ല.

പ്രൊക്വർമെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങൾ കമ്മിറ്റി അധ്യക്ഷ ഒപ്പ് വച്ച് ആധികാരികമാക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം ചേർന്ന 11 യോഗങ്ങളിൽ രണ്ടെണ്ണത്തിന്റെ മിനറ്റ്സ് മാത്രമാണ് അധ്യക്ഷ ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടുള്ളത്.

ചെലവുകൾക്ക് ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ഓരോ വർഷവും വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും, ബാധകമായ നടപടിക്രമം അനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യണമെന്ന് പ്രൊക്വർമെന്റ് മാർഗ്ഗരേഖയുടെ ഖണ്ഡിക 2.3 ൽ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ട പ്രൊക്വർമെന്റ് പ്ലാനിന്റെ മാതൃക മാർഗ്ഗരേഖയുടെ ഖണ്ഡിക 2.4 ൽ നൽകിയിട്ടുമുണ്ട്. എന്നാൽ രാമനാട്ടുകര നഗരസഭ ഇത്തരത്തിൽ പ്രൊക്വർമെന്റ് പ്ലാൻ തയ്യാറാക്കുന്നില്ല. കൂടാതെ പ്രൊക്വർമെന്റ് മാർഗ്ഗരേഖയുടെ ഖണ്ഡിക 4.2.4 ൽ നിർദ്ദേശിച്ച പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് കമ്മിറ്റി നഗരസഭയിൽ രൂപീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1- 52 അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്യുന്നില്ല**

രാമനാട്ടുകര നഗരസഭയിൽ നിന്ന് 2022-23 സാമ്പത്തിക വർഷം വിവിധ ഉദ്യോഗസ്ഥർക്ക് നൽകിയ താഴെ പറയുന്ന അഡ്വാൻസ് തുകകൾ ഇതു വരെ അഡ്ജസ്റ്റ് ചെയ്യുന്നതിട്ടില്ല.

| ക്രമ | സാംഖ്യാ | തുക | തുക കൈപ്പറ്റിയ | തുക നൽകിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|

| നം. | വൗച്ചർ നം./ തീയതി | | ഉദ്യോഗസ്ഥൻ | |
|---|---|---|---|---|
| 1 | 22200383/1 3.09.2022 | 25,000 | ശ്രീ. ഹിരൺ ടി, അസിസ്റ്റന്റ് എഞ്ചിനീയർ | പരുത്തിപ്പാറയിൽ ശ്രീ. ജയരാജ് വൈലാശ്ശേരി എന്നവർ അനധികൃതമായി നിർമ്മിച്ച മതിൽ പൊളിച്ച് മാറ്റുന്നതിന് |
| 2 | 22200516/ 19.11.2022 | 50,000 | ശ്രീ. രാഗേഷ് കുമാർ എം. പി, ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് Ii) | കേരളോത്സവം നടത്തിപ്പ് |
| 3 | 22200575/ 14.12.2022 | 50,000 | ശ്രീ. രാഗേഷ് കുമാർ എം. പി, ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് Ii) | കേരളോത്സവം നടത്തിപ്പ് |
| 4 | 22200588/ 29.12.2022 | 30,000 | ശ്രീ. സുരാജ് പി. എൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് Ii) | ഹരിതകർമ്മസേന സംഗമം നടത്തുന്നതിന് |

അഡ്വാൻസ് തുകകൾ അടിയന്തിരമായി അഡ്ജസ്റ്റ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അനധികൃത മതിൽ പൊളിച്ച് മാറ്റുന്നതിനായി മേൽ പട്ടികയിലെ ക്രമ നം. 1 പ്രകാരം നൽകിയ അഡ്വാൻസിൽ ചെലവായ തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്ന് തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളും, തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

29.10.2022 ലെ 22200451 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം ശ്രീ. സുരാജ് പി. എൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് Ii) ന് ശുചിത്വമിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബത്തേരി/ കൽപ്പറ്റ നഗരസഭകളിലേക്കും, മീനങ്ങാടി ഗ്രാമപഞ്ചായത്തിലേക്കും പഠനയാത്ര നടത്തുന്നതിന് 40,000/- രൂപ നൽകിയിരുന്നു. മിസലേനിയസ് അഡ്വാൻസ് ഹെഡ്ഡിന്റെ സാംഖ്യാ ലെഡ്ജർ പ്രകാരം 30.11.2022 ന് 122030108147 നമ്പർ വൗച്ചർ പ്രകാരം 8400/- തിരിച്ചടച്ച് പ്രസ്തുത അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തതായി കാണുന്നുണ്ട്. എന്നാൽ തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ചെലവു വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1– 53 വാഹനങ്ങളുടെ ഇന്ധന ചാർജ്ജ് - ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പരിശോധനയ്ക്ക് ലഭ്യമാക്കിയ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം രാമനാട്ടുകര മുനിസിപ്പൽ ചെയർപെഴ്സന്റെയും, സെക്രട്ടറിയുടെയും ഔദ്യോഗിക വാഹനങ്ങളുടെ (യഥാക്രമം കെ.എൽ-11-ബി-7140, കെ.എൽ-11-എ.എൽ-6666) ഇന്ധന ചാർജ്ജ് ഇനത്തിൽ 2022-23 സാമ്പത്തിക വർഷം മുനിസിപ്പൽ ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം ആകെ 5,63,551/- ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | സാംഖ്യാ വൗച്ചർ നം./ തീയതി | തുക | തുക കൈപ്പറ്റിയ വ്യക്തി/ സ്ഥാപനം |
|---|---|---|---|
| 1 | 22200011/05.04.2022 | 1,05,796 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 2 | 22200052/25.04.2022 | 1,000 | മുഹമ്മദലി കെ. ഇ, ഡ്രൈവർ |
| 3 | 22200098/16.05.2022 | 45,220 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 4 | 222000173/13.06.2022 | 25,322 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 5 | 22200242/15.07.2022 | 51,473 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 6 | 22200302/17.08.2022 | 700 | മുഹമ്മദലി കെ. ഇ, ഡ്രൈവർ |
| 7 | 22200382/13.09.2022 | 45,423 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 8 | 22200413/06.10.2022 | 44,091 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 9 | 22200498/14.11.2022 | 41,404 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 10 | 22200541/30.11.2022 | 45,664 | ദിൽക്കുഷ് |

| | | | |
|---|---|---|---|
| | | | പെട്രോളിയം, രാമനാട്ടുകര |
| 11 | 22200630/10.01.2023 | 46,818 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 12 | 22200710/17.02.2023 | 42,709 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 13 | 22200711/17.02.2023 | 28,811 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| 14 | 22200785/19.03.2023 | 39,120 | ദിൽക്കുഷ് പെട്രോളിയം, രാമനാട്ടുകര |
| ആകെ | | 5,63,551 | |

മേൽപ്പറഞ്ഞ വൗച്ചറുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് വേളയിൽ പലതവണ നേരിട്ട് ആവശ്യപ്പെടുകയും രേഖാമൂലം റിക്വിസിഷൻ നൽകുകയും (റിക്വിസിഷൻ തീയതി 30.01.2023) ചെയ്തുവെങ്കിലും അവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും, രജിസ്റ്ററുകളും, കണക്കുകളും നൽകുന്നതിന് 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം സെക്രട്ടറി ബാധ്യസ്ഥനാണ്. ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതി അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതാണെന്നും മേൽ ചട്ടങ്ങളിലെ ചട്ടം 12(2)ൽ വ്യക്തമാക്കിയിട്ടുണ്ട്.

ലോഗ്ബുക്കുകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കാത്ത പക്ഷം അവ നിലവിലില്ല എന്ന് കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം കണക്കാക്കി ചെലവു തുകയായ 5,63,551/- രൂപ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

**1- 54 സെക്രട്ടറിക്ക് ക്വാർട്ടേർസ് - വീട്ടുവാടക ബത്ത മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടച്ചില്ല**

ശ്രീമതി. ജസിത പി. ജെ, സെക്രട്ടറിക്ക് ലഭ്യമാക്കിയ ക്വാർട്ടേർസിന്റെ വാടക നൽകുന്നതിന് 2022-23 സാമ്പത്തിക വർഷം മുനിസിപ്പൽ ഫണ്ടിൽ നിന്ന് താഴെ ചേർക്കും പ്രകാരം 102000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക | തുക കൈപ്പറ്റിയ കെട്ടിട ഉടമയുടെ പേര് |
|---|---|---|---|
| 1 | 22200025/07.04.2022 | 10,000 | ശ്രീ. കെ. വി അശോകൻ |
| 2 | 22200083/05.05.2022 | 10,000 | ശ്രീ. കെ. വി അശോകൻ |
| 3 | 22200154/02.06.2022 | 10,000 | ശ്രീ. കെ. വി അശോകൻ |
| 4 | 22200218/02.07.2022 | 10,000 | ശ്രീ. കെ. വി അശോകൻ |
| 5 | 22200278/03.08.2022 | 10,000 | ശ്രീ. കെ. വി അശോകൻ |
| 6 | 22200362/03.09.2022 | 10,000 | ശ്രീ. കെ. വി അശോകൻ |
| 7 | 22200425/15.10.2022 | 10,000 | ശ്രീ. കെ. വി അശോകൻ |

| | | | |
|---|---|---|---|
| 8 | 22200569/08.12.2022 | 8,000 | ശ്രീ. തൈത്തോടൻ മാധവൻ |
| 9 | 22200625/04.01.2023 | 8,000 | ശ്രീ. തൈത്തോടൻ മാധവൻ |
| 10 | 22200699/04.02.2023 | 8,000 | ശ്രീ. തൈത്തോടൻ മാധവൻ |
| 11 | 22200767/08.03.2023 | 8,000 | ശ്രീ. തൈത്തോടൻ മാധവൻ |
| ആകെ | | 1,02,000 | |

മുനിസിപ്പൽ സെക്രട്ടറിമാർക്ക് ലഭ്യമാക്കുന്ന ക്വാർട്ടേർസിന് വാടക നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷം മുതൽ രാമനാട്ടുകര നഗരസഭ തനത് ഫണ്ടിൽ നിന്ന് തുക ചെലവു ചെയ്തു വരുന്നുണ്ട്. ക്വാർട്ടേർസിന്റെ വാടക നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ (എ4-4010/18) പ്രകാരം ഇത്തരത്തിൽ ക്വാർട്ടേർസ് ഉപയോഗപ്പെടുത്തിയവരെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | ക്വാർട്ടേർസ് ഉപയോഗപ്പെടുത്തിയ കാലയളവ് |
|---|---|---|
| 1 | ശ്രീ. സുരേഷ് കുമാർ എൻ | 2018 ജൂൺ മുതൽ 2019ആഗസ്റ്റ് വരെ |
| 2 | ശ്രീമതി. ജസിത പി. ജെ | 2021 ജനവരി മുതൽ 2023 ജൂൺ വരെ |
| 3 | ശ്രീ. ശ്രീജിത്ത് പി | 2023 ജൂലായ് മുതൽ തുടരുന്നു |

മേൽപ്പറഞ്ഞവരിൽ ശ്രീ. ശ്രീജിത്ത് പി, സെക്രട്ടറി വീട്ടു വാടക ബത്ത കിഴിച്ചുള്ള തുക മാത്രമേ ക്വാർട്ടേർസ് വാടകയായി കൈപ്പറ്റി വരുന്നുള്ളൂ. എന്നാൽ മറ്റു രണ്ടു പേരും വീട്ടുവാടക ബത്തയോടൊപ്പം തന്നെ ക്വാർട്ടേർസ് വാടകയുള്ള മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്ന് കൈപ്പറ്റിയിട്ടുള്ളവരാണ്. ക്വാർട്ടേർസിന്റെ വാടക മുനിസിപ്പൽ ഫണ്ടിൽ നിന്ന് നൽകുന്ന പക്ഷം ശമ്പളത്തോടൊപ്പം കൈപ്പറ്റുന്ന വീട്ടുവാടക ബത്ത മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടയ്ക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. അതു പ്രകാരം ശ്രീമതി. ജസിത പി. ജെ, സെക്രട്ടറി 2021 ജനവരി മുതൽ 2021 നവംബർ വരെയുള്ള മാസങ്ങളിൽ കൈപ്പറ്റിയ വീട്ടുവാടക ബത്ത മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. എ4-4010/18 നമ്പർ ഫയലിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം സെക്രട്ടറിമാരായ ശ്രീ. സുരേഷ് കുമാർ എൻ, ശ്രീമതി. ജസിത പി. ജെ എന്നിവർ താഴെ പറയുന്ന കാലയളവിൽ കൈപ്പറ്റിയ വീട്ടുവാടക ബത്ത മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടയ്ക്കാനുണ്ട്

| ക്രമ നം. | പേര് | വിട്ടുവാടക ബത്ത തിരിച്ചടയ്ക്കാനുള്ള കാലയളവ് |
|---|---|---|
| 1 | ശ്രീ. സുരേഷ് കുമാർ എൻ | 2018 ജൂൺ മുതൽ 2019ആഗസ്റ്റ് വരെ |
| 2 | ശ്രീമതി. ജസിത പി. ജെ | 2021 ഡിസംബർ മുതൽ 2023 ജൂൺ വരെ |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/2022-23 തീയതി 02.02.2024) മറുപടി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്ന് മേൽ കാലയളവിൽ അവർ കൈപ്പറ്റിയ വീട്ടുവാടക ബത്ത മുനിസിപ്പൽ ഫണ്ടിലേക്ക് തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. അതു വരെ ക്വാർട്ടേർസ് വാടക നൽകുന്നതിനായി 2022-2023 സാമ്പത്തക വർഷം ചെലവു ചെയ്ത 1,02,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

**1- 55 താൽക്കാലിക എം.സി.എഫ്. കെട്ടിടം - വാടക നൽകിയതിലെ അപാകത**

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 268/23 (താൽക്കാലിക എം.സി.എഫ്. കെട്ടിടത്തിന് വാടക) |
| അടങ്കൽ | 2 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,92,000/- രൂപ |
| ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | തുക |
| 167/11.2.2023 | 1,44,000/- |

| | |
|---|---|
| 312/10.3.2023 | 48,000/- |
| ഫയൽ നമ്പർ | H1/7286/22 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |

രാമനാട്ടുകര നഗരസഭയിൽ ബസ് സ്റ്റാന്റിനു സമീപം പ്രവർത്തിച്ചു വരുന്ന എം.സി.എഫ്. ന്റെ പ്രവർത്തനം നഗരസഭയുടെ പുതിയ ഓഫീസ് സമുച്ചയത്തിന്റെ പ്രവൃത്തി ആരംഭിച്ചതിനാൽ തടസ്സപ്പെട്ടതായും ഇതുമൂലം ഹരിതകർമ്മസേനയുടെ മാലിന്യ സംസ്കരണ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടെന്നും മേൽ ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് വ്യാവസായിക വകുപ്പിന്റെ കീഴിലുള്ള അഗ്രോ സർവ്വീസ് സെന്ററിന്റെ പഴയ കെട്ടിടം ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ താൽക്കാലികമായി സൂക്ഷിക്കാനുള്ള അനുമതി നൽകാൻ ടി വകുപ്പിനോട് 29.7.2022 ന് നഗരസഭ അപേക്ഷിച്ചെങ്കിലും ടി കെട്ടിടത്തിന് കേസ് നിലനിൽക്കുന്നതിനാൽ നഗരസഭക്ക് വിട്ടു കൊടുക്കാൻ നിർവ്വാഹമില്ല എന്ന മറുപടി ലഭിക്കുകയുണ്ടായി. തുടർന്ന് പത്ര പരസ്യം നൽകി ഏറ്റവും കുറഞ്ഞ വാടക ക്വാട്ട് ചെയ്ത ശ്രീ. ലിജീഷ് പൂത്താലി എന്നയാളുടെ 1/480 A2 എന്ന കെട്ടിട മുറി പ്രതിമാസം 30,000/- രൂപക്ക് ഓഫർ നൽകിയ ടെണ്ടറിൽ നെഗോഷിയേഷൻ നടത്തി പ്രതിമാസം 24,000/- രൂപ തോതിൽ നഗരസഭ അംഗീകരിച്ചു. കെട്ടിടത്തിന് വാടക നൽകിയതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1. 5.8.2022 ലെ ചന്ദ്രിക ദിനപത്രപരസ്യത്തിലൂടെ നഗരസഭ ആവശ്യപ്പെട്ടത് കുറഞ്ഞത് 3000 സ്ക്വയർ ഫീറ്റ് വലിപ്പമുള്ളതും 3 ഫേസ് ഇലക്ട്രിസിറ്റി കണക്ഷൻ ഉള്ളതുമായ ഗോഡൗൺ ആണ്. എന്നാൽ അംഗീകരിച്ച ടെണ്ടറിൽ കെട്ടിട ഉടമ നഗരസഭക്ക് നൽകാൻ തയ്യാറായ കെട്ടിട മുറിയുടെ വിസ്തീർണ്ണം എത്രയെന്നത് കരാറിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഉടമ നൽകിയ മുറിയുടെ കെട്ടിട നമ്പർ 1/480 A2 എന്നത് വ്യക്തമായി ഫയലിലും കരാറിലും രേഖപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റിയുടെ കെട്ടിട നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ശ്രീ. ലിജീഷ് പൂത്താലി എന്നയാളുടെ ഉടമസ്ഥതയിലുള്ള 1/480 A2 എന്ന കെട്ടിട മുറിയുടെ വിസ്തീർണ്ണം 71.08 $M^2$ ആണ്. ടി മുറിക്ക് മുനിസിപ്പാലിറ്റി ഈടാക്കുന്ന വാർഷിക നികുതി 5686/- രൂപയാണ്. 3000 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള മുറി ആവശ്യപ്പെട്ടിടത്ത് 765 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള മുറിയാണ് അജൈവ പാഴ് വസ്തുക്കൾ സൂക്ഷിക്കുന്നതിന് നഗരസഭ പ്രതിമാസം 24,000/- രൂപ തോതിൽ അംഗീകരിച്ചത്. കെട്ടിട ഉടമ സമർപ്പിച്ചത് ടിയാന്റെ ഉടമസ്ഥതയിലുള്ള 339.36 $M^2$ വലിപ്പമുള്ള കെട്ടിടത്തിന്റെ പ്ലാനാണ്. ടി കെട്ടിടത്തിലെ 1/480 A2 എന്ന നമ്പറിലുള്ള ഒരു മുറി മാത്രമാണ് നഗരസഭക്ക് ടിയാൻ വിട്ടു നൽകിയത്. 3652.87 $M^2$ വലിപ്പമുള്ള കെട്ടിടത്തിന്റെ പ്ലാൻ കാണിച്ചാണ് കെട്ടിട ഉടമ 24,000/- രൂപ പ്രതിമാസം നഗരസഭയിൽ നിന്നും ഈടാക്കുന്നത്. ഇതിന്റെ കൃത്യത നഗരസഭ പരിശോധിച്ചിട്ടില്ല.
2. 11.9.2022 ന് കെട്ടിട ഉടമ സ്റ്റാമ്പ് പേപ്പറിൽ കരാർ എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട കക്ഷികൾ (കെട്ടിട ഉടമയും നഗരസഭയും) കരാറിൽ ഒപ്പു വെച്ചിട്ടില്ല. ആയതിനാൽ ടി കരാറിന് നിയമസാധുതയില്ല. മാത്രമല്ല തയ്യാറാക്കിയ കരാറിൽ പ്രതിമാസം 23,000/- രൂപയാണ് വാടക രേഖപ്പെടുത്തിയത്. 8/2022 മുതൽ 7/2024 വരെയുള്ള 2 വർഷക്കാലത്തേക്കാണ് കരാർ തയ്യാറാക്കിയത്. കരാർ നിയമാനുസൃതമാക്കേണ്ടതാണ്.
3. 71.08 $M^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് അനുവദിക്കാവുന്ന പരമാവധി വാടക എത്രയെന്നത് PWD നിർണ്ണയിച്ചു നൽകാതെ പ്രതിമാസം 24,000/- രൂപ കെട്ടിട ഉടമക്ക് നൽകിയത് കേരള മുനിസിപ്പാലിറ്റി നിയമങ്ങൾക്ക് വിരുദ്ധമാണ്. 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 5 (1) (ഡി) പ്രകാരം മുനിസിപ്പൽ എഞ്ചിനീയർ നിശ്ചയിക്കുന്ന വാടകയിൽ കവിയുന്നില്ല എന്നു കൂടി നഗരസഭ ഉറപ്പു വരുത്തേണ്ടതായിരുന്നു.

നിലവിൽ അജൈവ പാഴ്വസ്തുക്കൾ സൂക്ഷിച്ചു വെക്കാൻ സ്ഥലം തികയാത്തതിനാൽ വീണ്ടും കെട്ടിടത്തിനായി ടെണ്ടർ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുണ്ട്. വാടകയ്ക്ക് ലഭിച്ച കെട്ടിട മുറിയുടെ

വലിപ്പം പരിശോധിക്കാതെ ടെണ്ടർ അംഗീകരിച്ചതിനും കരാർ വെക്കാതെയും നിയമാനുസൃതം ഉത്തരവാദപ്പെട്ട അധികാരികളിൽ നിന്നും വാടക നിർണ്ണയിച്ച് സാക്ഷ്യപത്രം ലഭ്യമാക്കാതെയും വാടക നൽകിയതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 1.2.2024 ന് നൽകിയ 23-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. 1,92,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

### 1-56 വനിതാ ഘടകപദ്ധതി രൂപീകരണത്തിലെ അപാകതകൾ

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2022-23 വർഷത്തിൽ മുനിസിപ്പാലിറ്റിയിൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ക്ഷീരവികസന ഓഫീസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ : 72 ചട്ടിയിൽ പച്ചക്കറി കൃഷി - വനിത | 4,89,375/- (വികസനഫണ്ട് ജനറൽ, 163125 മറ്റുള്ളവ) | 3,70,120 |
| 2 | പ്രോജക്ട് നമ്പർ 79 കൂൺകൃഷി - വനിത | 56,250/വി. ഫണ്ട് | 33,750 |
| 3 | പ്രോജക്ട് നമ്പർ 70 ഇടവിളകിറ്റ് വിതരണം - വനിത | 1,00,000 വി. ഫണ്ട് | 1,00,000 |
| 4 | വനിതകൾക്ക് മുട്ടക്കോഴിവളർത്തൽ | 3,72,000 (വി. ഫണ്ട്), 31,000 (മറ്റുള്ളവ) | 4,01,700 |
| 5 | പാലിന് സബ്സിഡി | 6,10,000 – തനത് ഫണ്ട് | 4,62,394 |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ (കൈ)നം. 86/2022/തസ്വഭവ. തീ. 19.4.22 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ, വരുമാന

വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർ ബാങ്ക്, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കോണ്ടോ, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1- 57 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 30(1) ഒന്നാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ കുടിൽ ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങി വ്യവസായ മേഖലയിൽ 8 അനിവാര്യ ചുമതലകൾ മുനിസിപ്പാലിറ്റി നിർവ്വഹിക്കേണ്ടതുണ്ട്. 2022-23 വർഷം ഈ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. 2023-24 വർഷത്തിലും ഈ മേഖലയിൽ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല. മേൽ വീഴ്ചകൾ ചെറുകിട വ്യവസായ മേഖലയിലെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 16/2022-23 തീയതി 30.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഈ മേഖലയിൽ പ്രോജക്ടുകൾ രൂപീകരിച്ച് നിർവ്വഹണം നടത്തി അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല**

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. എന്നാൽ താഴെ കൊടുത്ത പ്രവൃത്തികൾ മാന്വൽ പ്രകാരം നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തികളെല്ലാം ഈ കാലാവധിയും കഴിഞ്ഞാണ് ആരംഭിച്ചത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15.

ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ല്യു. ഡി. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരിൽ നിന്നും 38,264രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

2018-19, 2019-20 വർഷങ്ങളിൽ രൂപീകരിച്ച് സ്പിൽഓവർ പദ്ധതികളായി ഉൾപ്പെട്ട താഴെ ചേർക്കുന്ന പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല.

| പ്രോജക്ട് പേര്/ നമ്പർ | അടങ്കൽ/ ഫണ്ടിനം/ AGREED PAC | ചെലവ് / ബിൽ നമ്പർ | കരാർ തിയ്യതി/ കരാറുകാരൻ/ സൈറ്റ് ഏറ്റെടുത്ത തിയ്യതി | പൂർത്തീകരിക്കേണ്ട തിയ്യതി/ പൂർത്തീകരിച്ച തിയ്യതി/ ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| കോലോത്തൊടിത്താഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക്, 165/23 | 4,60,000/- തനത് ഫണ്ട് 4,32,692.92/- | 4,59,449/- 343/23.3.23 | 27.11.2018 എസ്. കെ കൺസ്ട്രക്ഷൻ കമ്പനി 27.11.2018 | 26.11.2019 31.5.2021 3% - 12,981/- |
| എൻ എച്ച് കെയർ വെൽ ചേലേമ്പ്ര റോഡ് റീഫോർമേഷൻ & റീടാറിംഗ്, 180/23 | 3,00,000/- തനത് ഫണ്ട് 2,67,465.51/- | 3,00,000/- 342/23.3.23 | 23.12.2019 എസ്. കെ കൺസ്ട്രക്ഷൻ കമ്പനി 23.12.2019 | 22.6.2020 20.1.2023 3% - 8,024/- |
| വെള്ളാശ്ശേരി റോഡ് റീഫോർമേഷൻ & റീടാറിംഗ്, 178/23 | 6,10,000/- തനത് ഫണ്ട് 4,61,468.60/- | 5,08,733/- 215/6.3.23 | 9.12.2019 കെ. പി. മുസ്തഫ 9.12.2019 | 8.6.2020 30.3.2022 3% - 13,844/- |
| പടിഞ്ഞാറെ പെരിഞ്ചിരി റോഡ് | 1,45,000/- തനത് ഫണ്ട് | 1,01,618/- 354/23.3.23 | 11.12.2019 മുജീബ് | 10.6.2020 14.2.2023 |

| | | | | |
|---|---|---|---|---|
| റീഫോർമേഷൻ & കോൺക്രീറ്റ്, 184/23 | 1,13,820/- | | റഹ്മാൻ 11.12.2019 | 3% - 3,415/- |
| | | | ആകെ | 38,264/- |

മേൽ പ്രവൃത്തികളെല്ലാം ആരംഭിക്കുന്നത് കരാർ വച്ച് 2 വർഷങ്ങൾക്ക് ശേഷമാണ്. പ്രവൃത്തി ആരംഭിക്കാനുണ്ടായ ഈ കാലതാമസത്തിന്റെ കാരണം വ്യക്തമല്ല. പ്രവൃത്തി ആരംഭിക്കാത്തതിന് കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടതായും കാണുന്നില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുണ്ടായ കാലതാമസവും മേൽ പ്രവൃത്തികളിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 30/2022-23 തീയതി 2.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട 38,264 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

**3-2 കരാർ വയ്ക്കാൻ കാലതാമസം - പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല**

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പി.എ.സി യുടെ 1% പിഴ ഈടാക്കി ക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി/ Agreed PAC | കരാർ വച്ച തിയ്യതി / കരാറുകാരൻ | പി.എ.സിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | കോരം പറമ്പത്ത് ചേമ്പീട്ടിൽതാഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് , 173/23<br>അടങ്കൽ- 3,00,000/-, തനത് ഫണ്ട്<br>ചെലവ് തുക - 9,0549/-<br>ബിൽ നം. 122/13.1.23 | 31.10.2019<br>267646.26/- | 19.12.2019<br>മുഹമ്മദ് റിയാസ് | 2,676 |

| | | | | |
|---|---|---|---|---|
| 2. | കെയർവെൽ മുട്ടിയറ റോഡ് റീഫോർമേഷൻ & റീടാറിംഗ് , 186/23<br>അടങ്കൽ-14,57,000/-, തനത് ഫണ്ട്<br>ചെലവ് തുക-12,90,232/-<br>ബിൽ നം. 126/13.1.23 | 17.12.2019<br>11,87,463.68/- | 10.1.2020<br>എസ്. കെ കൺസ്ട്രക്ഷൻ കമ്പനി | 11,875 |
| 3. | കദിയാളത്ത് റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് , 169/23<br>അടങ്കൽ -3,43,000/-, തനത് ഫണ്ട്<br>ചെലവ് തുക - 3,36,739/-<br>ബിൽ നം. 127/13.1.23 | 31.10.2019<br>3,05,429.75/- | 23.12.2019<br>എസ്. കെ കൺസ്ട്രക്ഷൻ കമ്പനി | 3,054 |
| 4. | പാണ്ടികശാല അത്തോളി താഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് , 173/23<br>അടങ്കൽ -3,92,000/-, തനത് ഫണ്ട്<br>ചെലവ് തുക - 3,71,660/-<br>ബിൽ നം. 125/13.1.23 | 31.10.2019<br>3,31,840.427/- | 19.12.2019<br>എസ്. കെ കൺസ്ട്രക്ഷൻ കമ്പനി | 3,318 |
| 5. | കാരായി അങ്കണവാടി റോഡ് റീഫോർമേഷൻ & റീടാറിംഗ്, 187/23<br>അടങ്കൽ -3,25,000/-, തനത് ഫണ്ട്<br>ചെലവ് തുക - 3,10,637/-<br>ബിൽ നം. 124/13.1.23 | 31.10.2019<br>2,77,354.48/- | 23.12.2019<br>എസ്. കെ കൺസ്ട്രക്ഷൻ കമ്പനി | 2,774 |
| 6. | NH ഹോമിയോ റോഡ് റീഫോർമേഷൻ, 179/23<br>അടങ്കൽ-21,50,000/-, തനത് ഫണ്ട്<br>ചെലവ് തുക - 19,57,470/- | 31.10.2019<br>16,58,873.48/- | 10.1.2020<br>എസ്. കെ കൺസ്ട്രക്ഷൻ കമ്പനി | 16,589 |

| | | | | |
|---|---|---|---|---|
| | ബിൽ നം. 57/14.10.2022 | | | |
| | | ആകെ | | 40,286 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വയ്ക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയും കരാർ വെച്ചതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 31/2022-23 തീയതി 2.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട 40,286 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 കോലോത്തൊടിത്താഴം റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് - കരാറുകാരന് അധികതുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 165/23

അടങ്കൽ - 4,60,000/- തനത് ഫണ്ട്

ചെലവ് - 4,59,449/- ബിൽ നം. 343/23.3.23

കരാറുകാരൻ - എസ്.കെ കൺസ്ട്രക്ഷൻ കമ്പനി

ചീക്കോട് കുടിവെള്ള പദ്ധതിക്കായി കിള എടുത്തതിനാൽ തകർന്ന റോഡ് റീഫോർമേഷൻ ചെയ്യുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തിയ്ക്കായി 20.7.2018 ന് ഇ ടെണ്ടർ നടത്തിയതിൽ ഐറ്റംവൈസ് നിരക്കിൽ 4,32,692.92രൂപ ക്വാട്ട് ചെയ്ത എസ്.കെ കൺസ്ട്രക്ഷൻ കമ്പനിയുടെ ടെണ്ടർ അംഗീകരിക്കുകയും 27.11.2018ന് കരാർ വെച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തു. 31.5.2021 ന് പ്രവൃത്തി പൂർത്തീകരിച്ച് 23.3.2023 ന് കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുണ്ട്. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് ഉൾപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കിയതിനാൽ താഴെ പറയും പ്രകാരം 25,603 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

| ഇനം | ഫൈനൽ ബിൽ | കരാറുകാരൻ ക്വാട്ട് ചെയ്ത | അധികം |
|---|---|---|---|

| | പ്രകാരം നൽകിയ തുക (എസ്റ്റിമേറ്റ് നിരക്ക്) | നിരക്ക് പ്രകാരം നൽകാവുന്ന തുക | നൽകിയ തുക |
|---|---|---|---|
| 1) 3.5.1 – Excavation In Cutting Soil.. | 127.94$m^3$ X 239.310 = 30,617.32 | 127.94$m^3$ X 226.15 = 28933.63 | 1683.69 |
| 2) Od 26171/18-19 – Filling With Quarry Muck | 51.18$m^3$ X 929.21 = 47555.11 | 51.18$m^3$ X 878.10 = 44941.16 | 2613.95 |
| 3) 4.9 – Wet Mix Macadam | 76.77$m^3$ X 2984.870 = 229136.53 | 76.77$m^3$ X 2820.70 = 216545.14 | 12591.39 |
| 4) 77.5.1.1pb – Prime Coat | 511.78$m^3$ X 75.48 = 38628.78 | 511.78$m^3$ X 71.33 = 36505.27 | 2123.51 |
| 5) 75.5.2.3pb – Tack Coat | 511.78$m^3$ X 14.10 = 7216.03 | 511.78$m^3$ X 13.32 = 6816.90 | 399.13 |
| E1) 75.5.11.1.A.2pb – Mix Seal Surfacing | 511.78$m^3$ X 207.70 = 106295.67 | 511.78$m^3$ X 195.60= 100104.17 (എക്സ്ട്രാ ഇനമായതിനാൽ 5.824% Tender Below കുറവ് ചെയ്തിട്ടുള്ള നിരക്ക് ) | 6191.50 |
| ആകെ | 459449.44 | 433846.27 | 25603.17 |

മേൽ പറഞ്ഞ പ്രകാരം കരാറുകാരന് 25,603 രൂപ അധികം നൽകിയതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 32/2022-23 തീയതി 2.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ 25,603 രൂപ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

### 3-4 ബോട്ടിൽ ബൂത്ത് - അംഗീകരിച്ച ടെണ്ടറിൽ കൂടുതൽ തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 56/23 (വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ) |
| പദ്ധതി അടങ്കൽ | 2 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 1,93,920/- രൂപ |
| ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | 315/13.3.2023 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 13.1.2023 ന് അസി. എക്സി. എഞ്ചിനീയർ നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ പദ്ധതി തയ്യാറാക്കുകയുണ്ടായി. 17 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,63,032.26/- രൂപയാണ്. തുടർന്ന് പദ്ധതിക്കു വേണ്ടി ഇ-ടെണ്ടർ ക്ഷണിക്കുകയും 4 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത യാനിസ്കോ, പുതുക്കുടി, നെടിയിരിപ്പ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ചത്. സ്ഥാപനം ക്വാട്ട് ചെയ്തത് എസ്റ്റിമേറ്റ് നിരക്കിനേക്കാളും 9.5% കുറഞ്ഞ നിരക്കായ 1,47,544/- രൂപയാണ്. എന്നാൽ പദ്ധതി പൂർത്തിയാക്കി തുക അനുവദിച്ചപ്പോൾ 18% ജി.എസ്.ടി. ഉൾപ്പെടെ 1,93,920/- രൂപ നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ 1,47,544/- രൂപയും 18% ജി.എസ്.ടി. യും ഉൾപ്പെടെ അനുവദിക്കേണ്ടിയിരുന്ന തുക 1,74,102/- രൂപയായിരുന്നു. എന്നാൽ അതിനു പകരം 1,93,920/- രൂപ അനുവദിച്ചതിനാൽ 19,808/- രൂപ ടി സ്ഥാപനത്തിന് അധികം നൽകിയിട്ടുണ്ട്. കൂടാതെ ഫയൽ പരിശോധിച്ചതിൽ 16 സ്കൂളുകളുടെ കൈപ്പറ്റ് വിവരം മാത്രമാണ് ലഭ്യമായത്. ബാക്കിയുള്ളതിന്റെ വിതരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്ടതും അധികം നൽകിയ 19,808/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്. തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 130/23 – വിവിധ | ലഭ്യമല്ല | 600000 | 5,61,215 | 38785 |

| | | | | | |
|---|---|---|---|---|---|
| | റോഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | | | |
| കെ.ഡബ്ല്യു.എ | 233/23 - കേരള വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് തിരികെ നൽകിയ എസ്.സി.പി ഫണ്ട് എസ്.സി കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്ക് വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | ലഭ്യമല്ല | 772816 | 0 | 772816 |
| കെ.ഡബ്ല്യു.എ | 277/23 - എസ്. സി കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്ക് വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | വൗച്ചർ നമ്പർ - 22200450 തീയതി 24.10.2022 - 8,68,184 | 868164 | 0 | 868164 |
| കെ.എസ്.ഇ.ബി | 188/23 എഫ്.എച്ച്.സി ഫാർമസി വൈദ്യുതീകരണം | ലഭ്യമല്ല | 198364 | | 198364 |
| കെ.എസ്.ഇ.ബി | 227/23 നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ ബാലൻസുള്ള കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | ബിൽ നമ്പർ - 406/22-23, തീയതി 8.12.2022 - 25,81,681, ബിൽ നമ്പർ - 163/22-23, തീയതി 10.2.2023 - 30,18,319 | 5600000 | 0 | 5600000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (HUDCO) | | 0 | 1,10,40,000 | 21,60,000 | 0 | 88,80,000 |

## 4-6. സ്ഥിര നിക്ഷേപങ്ങൾ.

| | |
|---|---|
| മുൻബാക്കി | 71,71,396 |
| തൻവർഷം നിക്ഷേപിച്ച തുക | 4,22,527 |
| ആകെ | 75,93,923 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 75,93,923 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | സർട്ടിഫിക്കറ്റ് നമ്പർ | തുക |
|---|---|---|---|
| 1. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | 301009250 | 2126815 |
| 2. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | 0201038207 | 2090359 |
| 3. | ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ഫറോക്ക് | 101120010024366 | 12,70,604 |
| 4. | രാമനാട്ടുകര റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 644 | 8,29,392 |
| 5. | കെ.ഡി.സി. ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 100201807520168 | 3,93,921 |
| 6. | കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് - ഫറോക്ക് | 100061807520051 | 6,992 |
| 7 | കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് - ഫറോക്ക് | 1000201807520045 | 8,65,548 |
| 8 | കെ.ഡി.സി. ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 100061807520067 | 5,487 |
| 9 | കെ.ഡി.സി. ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 1000201807520068 | 4,805 |
| | **ആകെ** | | 75,93,923 |

വാർഷിക കണക്ക് പ്രകാരവും സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരവും മുന്നിരിപ്പും ( 7175230) നിക്കീയിരിപ്പും (7597757) വ്യത്യാസപ്പെട്ടിരിക്കുന്നു. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം രജിസ്റ്ററിലുള്ള യഥാർത്ഥ തുകയാണ് ഖണ്ഡികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

**4-7 ഓഡിറ്റ് റിക്കവറി**

| ഓഡിറ്റ് വർഷം | ഖണ്ഡികനമ്പർ | തുക | രശീത് നമ്പർ/ തീയതി |
|---|---|---|---|
| ഇല്ല | | | |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

ഗ്രാമപഞ്ചായത്തിലെ / നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-7 | 2006-07 | 3.79.12(3) | കാർഷികോപകരണ വിതരണം | തീർപ്പാക്കിയിട്ടില്ല |
| | | 2012-13 | 2.6.17 | ലൈബ്രറികളുടെയും സാംസ്കാരിക നിലയത്തിന്റെയും നടത്തിപ്പ് | തീർപ്പാക്കിയിട്ടില്ല |
| | | 2012-13 | 2.8 | തുടർസാക്ഷരത പരിപാടി | തീർപ്പാക്കിയിട്ടില്ല |
| | | 2012-13 | 3.1.8.C.8 | അശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണം | തീർപ്പാക്കിയിട്ടില്ല |
| | | 2012-13 | 3.1.10 | ഖരമാലിന്യ സംസ്കരണം പ്ലാന്റ് | തീർപ്പാക്കിയിട്ടില്ല |
| | | 2012-13 | 3.1.12 | ബയോഗ്യാസ് പ്ലാന്റ് വൻ പരാജയം | |
| | | 2012-13 | 3.1.13.1 | ഖരമാലിന്യ പരിപാലനം- തുകകൾ വിനിയോഗിക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4/115 | തൊഴിൽനികുതി അപാകങ്ങൾ | തീർപ്പാക്കിയിട്ടില്ല |
| 2016-17 | 2-3 | 2017-18 | 1-11-2-P 101-103 | വസ്തുനികുതി അപാകങ്ങൾ | തീർപ്പാക്കിയിട്ടില്ല |

**4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം**

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

വിവരം ലഭ്യമല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,09,24,393 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,97,94,239 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,23,961 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,13,91,821 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 38264 | ശ്രീ. ഹിരൺ പി, മുൻസിപ്പൽ എഞ്ചിനീയർ |
| 3-2 | - | 40286 | ശ്രീ.ദിനേഷ് കുമാർ എം, മുൻസിപ്പൽ എഞ്ചിനീയർ |
| 3-3 | - | 25603 | ശ്രീ. ദിനേഷ് കുമാർ എം, മുൻസിപ്പൽ എഞ്ചിനീയർ |
| 3-4 | - | 19808 | ശ്രീ. ശിവൻ പി, ഹെൽത്ത് ഓഫീസർ |
| | ആകെ | 123961 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 6,00,000 | ശ്രീമതി. ഷൈന കെ. പി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-28 | 5,64,225 | ശ്രീമതി. ജസിത പി. ജെ, സെക്രട്ടറി |
| 1-33 | 1,32,180 | ശ്രീ. ശിവൻ പി, ഹെൽത്ത് ഓഫീസർ |
| 1-34 | 7,80,776 | ശ്രീമതി. ജസിത പി. ജെ, സെക്രട്ടറി |
| 1-36 | 50,000 | ശ്രീമതി. ഷൈന കെ. പി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-38 | 5,61,215 | ശ്രീമതി. ജസിത പി. ജെ, സെക്രട്ടറി |
| 1-40 | 2,60,969 | ശ്രീമതി. ബിന്ദു ടി, എസ്.സി.ഡി.ഒ |
| 1-41 | 2,17,500 | ശ്രീമതി. ബിന്ദു ടി, എസ്.സി.ഡി.ഒ |

| | | |
|---|---|---|
| 1-43 | 50,000 | ശ്രീമതി. ബിന്ദു ടി, എസ്.സി.ഡി.ഒ |
| 1-46 | 1,00,000 | ശ്രീ. അബ്ദുൾ ഖാദർ, ഹെഡ് മാസ്റ്റർ |
| 1-48 | 75,31,667 | ശ്രീമതി. ജസിത പി. ജെ, സെക്രട്ടറി |
| 1-50 | 2,97,153 | ശ്രീ. ശിവൻ പി, ഹെൽത്ത് ഓഫീസർ |
| 1-53 | 5,63,351 | ശ്രീമതി. ജസിത പി. ജെ, സെക്രട്ടറി |
| 1-54 | 1,02,000 | ശ്രീമതി. ജസിത പി. ജെ, സെക്രട്ടറി |
| 1-55 | 1,92,000 | ശ്രീ. ശിവൻ പി, ഹെൽത്ത് ഓഫീസർ |
| | 1,13,91,821 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി)**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഹിരൺ പി, മുൻസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | മഹിത,ഇടക്കൽ, പുതിയങ്ങാടി, കോഴിക്കോട്<br>ഫോൺ നമ്പർ -9497306468<br>Email Id - Aelsgdrkara@Gmail.Com |
| ശ്രീമതി. ജസിത പി. ജെ, സെക്രട്ടറി | സെക്രട്ടറി, മുക്കം നഗരസഭ | ഗോപിക, പന്തലായനി, കൊയിലാണ്ടി, കോഴിക്കോട്<br>ഫോൺ നമ്പർ -7034385160<br>Email Id - Ramanattukaracity@Gmail.Com |
| ശ്രീമതി. ഷൈന കെ. പി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, രാമനാട്ടുകര നഗരസഭ | പൗർണ്ണമി,<br>പാലാഴി,<br>ജി. എ. കോളേജ് പി. ഒ,<br>കോഴിക്കോട്<br>ഫോൺ നമ്പർ -9895537980<br>Email Id - Icdskozhikoder@Gmail.Com |

| | | |
|---|---|---|
| ശ്രീ. അബ്ദുൾ ഖാദർ, ഹെഡ് മാസ്റ്റർ | വിരമിച്ചു | BC ഹൗസ് ,<br>കോളേജ് റോഡ്<br>രാമനാട്ടുകര<br>673633<br>ഫോൺ നമ്പർ – 9847941717<br>Email Id –<br>Bcakhader@Gmail.Com |
| ശ്രീമതി. ബിന്ദു ടി, എസ്.സി.ഡി.ഒ | എസ്.സി.ഡി.ഒ, രാമനാട്ടുകര നഗരസഭ | ആതിര (ഹൗസ്)<br>പടനിലം റോഡ്<br>നരിക്കുനി, കോഴിക്കോട് – 673585<br>ഫോൺ നമ്പർ –9048415498<br>Email Id–Scdokkd@Gmail.Com |
| ശ്രീ. ശിവൻ പി, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ രാമനാട്ടുകര നഗരസഭ | പനങ്കാവിൽ, മലപ്പുറം പി. ഒ മലപ്പുറം<br>ഫോൺ നമ്പർ – 9447286289<br>Email Id–<br>Ramanattukaracity@Gmail.Com |
| ശ്രീ. ദിനേഷ് കുമാർ എം, മുൻസിപ്പൽ എഞ്ചിനീയർ | സേവനത്തിൽ നിന്നും വിരമിച്ചു | ഉത്രം (ഹൗസ്), ഈരേഴ വടക്ക്, ചെട്ടിക്കുളങ്ങര പി. ഒ, കണ്ണമംഗലം, ആലപ്പുഴ – 690106– ഫോൺ നമ്പർ –9447326416 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

31.10.2015 വരെയുള്ള ഗ്രാമപഞ്ചായത്ത് റിപ്പോർട്ടുകളും 01.11.2015 മുതലുള്ള നഗരസഭ റിപ്പോർട്ടുകളും.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി (പി2) 1444/12(1)/4.11.13 | 36,41 | 2 |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2) 1494/09(20) /10.12.09 | 1,2(2),3(9),3(16)എ, 3(16)ബി | 5 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(2)/4.11.13 | 7,11,8,9 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി (പി2) 1444/12(3)/4.11.13 | 3-2,3-4,3-7,3-17,3-18,3-24 | 6 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(4)/ 4.11.13 | 2-2,3-1,3-2,3-3,3-4, 3-5 | 6 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി2) 1444/12(5)/ 4.11.13 | 2(1),2(2),2(3),3(1), 3(2),3(5)(34) | 7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി2) 1451/08/6.11.09 | 2-3,3-1,3-4,3-6,3-7, 3-9,3-10,3-14,3-18, 3-19,3-20,3-21,3-22,3-23 | 14 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി (പി2)1634/15(9)/ 26.3.15 | 2-5,9,12(2),14(1), (2),(3),17,18,19(1), (2),20,3-2,3,4,6,7, 10,11,12,13,14,16,17, 18,21,22,23,24,25, 26,27,28 | 32 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി (പി2)1634/15(10)/26.3.15 | 56 ഖണ്ഡികകൾ നിലനിൽക്കുന്നു. | 56 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി (പി2)206/11/3.3.11 | 39 ഖണ്ഡികകൾ നിലനിൽക്കുന്നു. | 39 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി (എസ്2) 247/13/2.4.13 | 2-4,5,6,10,11 എന്നിവ ഒഴികെയുള്ളവ നിലനിൽക്കുന്നു | 2-4,5,6,10,11 എന്നിവ ഒഴികെയുള്ളവ നിലനിൽക്കുന്നു |
| 2010-11 | എൽ.എഫ്.കെകെഡി (പി2) 339/14/6.5.14 | 2-1,2-2,2-3(1,2)(3), 2-4,2-7,3-1,3-2,3-3, 3-4,3-6,3-7,3-8,3-9, 3-10,3-11,3-12,3-13,3-14 | 18 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി (പി2) 288/14/17.5.14 | 2-1(1,2,3),2-2,2-3,2-4, 3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10,3-11, 3-12,3-13,3-14,3-15, 3-16,3-17,3-18,3-19, 3-20,3-21,3-22,3-23, 3-24,3-25,4-7 | 30 |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി (പി2) /1751/ 15/9.11.2015 | 2-1,2,3,4,5,3-1,2,3, 4,5,6,7,8,3-9,3-10, 3-11,3-12,13,14,15, 16,3-17,4-1,2,3,6,10 | 27 |
| 2014-15 | കെ.എസ്.എ /കെ.കെ.ഡി/ പി2/2023/15/ 5.5.2017 | 2-1,2-2(i),2-2(ii),2-2(iii), 2-3(i),2-3(ii),2-3(iii), 2-3(iv),2-3(v),3-1(3), 3-2,3-3,3-4(1)(2),3-5, 3-6,3-7(1),3-7(2),3-8, 3-11,3-13,3-14,3-15, 3-16(1),(3),3-20,3-21, 3-22,3-24, | 29 |
| 2015-16 (31-10-15വരെ) | കെ.എസ്.എ കെ.കെ.ഡി പി.8/117/17 / 7-6-2017 (ഗ്രാമപഞ്ചായത്ത്) | 2-1,2-2,2-3(1),2-3(2), (3),3-1,3-2,3-3,3-4,3-5,3-6 | 11 |
| 2015-16 | കെ.എസ്.എ കെ.കെ.ഡി പി.8/1122/17/4-11-2017 (1-11-15മുതൽ ) | 2-1,2-2,2-3,2-4,2-5, 3-1,3-3,3-6,3-7,3-8,3-9, 3-10,3-11,3-12,3-13,3-14 | 16 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി14/1684/2017 തിയ്യതി 4.6.18 | 1-5,1-6,1-7,1-10,2-1, 2-2,2-3,2-4,2-5,2-6, 2-7,2-8,2-9,2-10,2-11, 2-12,2-13,2-14,2-15,2-16, 2-17,2-18,2-19,2-20,2-21, 3-1,3-2,3-3,3-4,3-5,3-6,3 -7,3-8,3-9,3-10 To 3-19,4-9 | 45 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി14/753/ 2019/20.5.19 | 1-5,1-6,1-10,1-12,2-1,2-2, 2-3,2-4,2-5,2-6,2-7,2-8, 2-9,2-10,2-11,3-1,3-2,3-3, 3-4,3-5,3-6,3-7,3-8,3-9,3-10 ,3-11,3-12,3-13,4-10 | 29 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി14/299/20 തീ.23.06.20 | 1-1,1-3,1-6,1-7,1-8,1-9, 1-10,1-11,1-12,1-13,1-14, 1-15,1-16,1-17,<br>1-18,1-19,1-20,1-21,1-22, 1-23, 1-24,1-25,1-26, 1-27,1-28,<br>1-29, 1-30, 1-31 ,2-1,4-9(b), 4-10 | 31 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി9/1820/21 തി.06.05.22 | 1-1,1-2-1,1-4,1-7,1-8,1-9, 1-10,1-11,1-12,1-13,1-14,1-15, 3-1, 3-2, 4-5,4-11 | 16 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി9/1821/21 തി. 20/01/2022 | 1-1 മുതൽ 1-39 വരെ<br>2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3 -2 വരെ<br>4-1 മുതൽ 4 -11വരെ | 44 |
| 2021 - 22 | കെ.എസ്.എ.കെ.കെ.ഡി.പി9/ 449/2023/ 31/03/2023 | 1-1 മുതൽ 1- 48 വരെ<br>3-1 മുതൽ 3 -3 വരെ<br>4-1 മുതൽ 4 -11വരെ | 61 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01 dated 31-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ramanattukara Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ramanattukara Municipality for the year 2022-2023

**Date: 16/03/2024**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Ramanattukara Municipality for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

a) The following mandatory financial statements prescribed in accounts
rules are not submitted for audit eg:- Ratios, Notes to Accounts etc.

b) The closing balance of previous year and the opening balance of the current year differs with respect to balance sheet and trial balance items.

c) The closing balance of excess of income over expenditure differs in different statements.

d) The expenditure differs in ACR, AFS and grant statement. eg.

development fund General, SCP, Maintanance fund non Road ,CFC

e) Not submitted appropriation control register for various funds deposited in own fund account.

f) Not submitted DCB statement.

g)The abstract showing demand, collection and balance is not prepared in registers in respect of various own fund incomes.

h) Monthly reconciliation statement is not prepared for some accounts.

i) Grant liability amount shown in the balance sheet does not match with their bank account balances.

j) Lapses in making timely and accurate demand entries in respect of items of various tax and non tax revenues.

k) The following demand registers are not periodically reconciled with the accounts.

l) The demand register for Civic Amenities has not been prepared and maintained.

m) The following registers are not maintained.

Ex:- Deposit Register, Advance Register, Appropriation control register
Asset register etc, stock register, etc.

n) Cheques un-cashed for more than 3 months were not transferred to Stale Cheque Account

o) Not submitted the details of relating to E Tender Fee.

p) Lack of authenticated journal vouchers for supporting the adjustment entries.

q) Investment differs from FD Register and AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്